# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manantthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 മാർച്ച് - 2019 ലക്കം 03**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ...................................................... | 05 |
| സർക്കുലർ ...................................................... | 13 |
| സർക്കുലർ ...................................................... | 23 |
| ഡിക്രി ...................................................... | 28 |
| ഡിക്രി ...................................................... | 32 |
| *Decree* ...................................................... | 36 |
| രൂപതാകച്ചേരി വാർത്തകൾ ...................................... | 38 |
| പ്രത്യേക ശ്രദ്ധയ്ക്ക് .............................................. | 48 |
| വിദ്യാഭ്യാസ സഹായനിധി .......................................... | 51 |
| ദൈവവിളി ക്യാമ്പുകൾ .............................................. | 53 |
| മതബോധനരംഗം .................................................. | 54 |
| ചെറുപുഷ്പമിഷൻലീഗ് .............................................. | 72 |
| *Department of Youth Ministry* .................................. | 77 |
| കെ.സി.വൈ.എം. .................................................. | 79 |
| കുടുംബപ്രേഷിതത്വം .............................................. | 81 |
| സീയോൻ വാർത്തകൾ .............................................. | 83 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................................... | 84 |
| സാമൂഹ്യ സേവനരംഗം (WSSS) ........................................ | 85 |
| ബയോവിൻ അഗ്രോ റിസർച്ച് .......................................... | 89 |
| നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി .................................... | 91 |
| റേഡിയോ മാറ്റൊലി ................................................ | 92 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................................... | 93 |
| ജയിൽ മിനിസ്ട്രി .................................................. | 94 |
| *Mary Matha Arts & Science College* .............................. | 95 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .......................................... | 95 |
| *CEADOM* വിദ്യാഭ്യാസമേഖല ........................................ | 96 |
| ബിഷപ്സ് പ്രോഗ്രാം .................................................. | 97 |
| രൂപതയിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യാനായി ലഭ്യമാക്കിയിട്ടുള്ള കാത്തലിക് സിറിയൻ ബാങ്കിന്റെ QR Code .................................... | 99 |

# സർക്കുലർ

*Circular Letter No. 03/2019*
*Prot. No. 21695/2019*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഒരു സാമ്പത്തിക വർഷം കൂടി അവസാനിക്കുകയാണല്ലോ. നമ്മുടെ ഇടവകകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സാമ്പത്തിക ഇടപാടുകളുടെ വാർഷിക കണക്കുകൾ പൂർത്തിയാക്കാനും നിയമപ്രകാരമുള്ള ഓഡിറ്റിംഗിന് വിധേയമാക്കാനുമുള്ള സമയം അടുത്തുവരുകയാണ്. അതുപോലെ തന്നെ പുതിയ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സമിതികളിൽ ചർച്ച ചെയ്ത് തീരുമാനിക്കാനും ഉള്ള സമയമാണിത്. ഏതൊരു സ്ഥാപനത്തിന്റെയും സാമ്പത്തിക സുസ്ഥിതി ബന്ധപ്പെട്ടവർ അതിന്റെ സാമ്പത്തിക ഇടപാടുകൾ എത്രമാത്രം കാര്യക്ഷമതയോടെയും സുതാര്യമായും നടപ്പാക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ ഇടവകകളും മറ്റ് സ്ഥാപനങ്ങളും സാമ്പത്തിക ഇടപാടുകളിൽ കാര്യക്ഷമതയുടെയും കൃത്യതയുടെയും സുതാര്യതയുടെയും കാര്യത്തിൽ മറ്റുള്ളവർക്ക് മാതൃകകളാകട്ടെ.

സീറോ മലബാർ ഇടവകകൾ ജനായത്തക്രമത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. പള്ളിയോഗത്തിന്റെയും രൂപതയുടെയും മറ്റും നിയമങ്ങൾ സാമ്പത്തിക ഇടപാടുകളുടെ കാര്യത്തിലും കർശനമായി പാലിച്ചെങ്കിൽ മാത്രമേ അവ അങ്ങനെ നിലനിൽക്കുകയുള്ളു. അതായത് രൂപതാകേന്ദ്രത്തിൽ നിന്ന് തന്നിട്ടുള്ള നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് കൃത്യമായി കണക്കുകൾ എഴുതുക, മാസാമാസം ഒരു നിശ്ചിത തീയതിയിൽ പ്രതിനിധിയോഗമോ പൊതുയോഗമോ സമ്മേളിച്ച് കണക്കുകൾ അവതരിപ്പിച്ച്, ചർച്ച ചെയ്ത് സംശയങ്ങൾ തീർത്ത് പാസാക്കി നിയമാനുസൃതം തെരട്ട് ഓൺലൈനായി തന്നെ രൂപതാ കേന്ദ്രത്തിലേക്ക് അയയ്ക്കുക, കേന്ദ്രത്തിൽ ഏൽപ്പിക്കാനുള്ള തുകകൾ കൃത്യമായി അടയ്ക്കുക, നിയമാനുസൃതമല്ലാത്ത സാമ്പത്തിക ഇടപാടുകൾ നടത്താതിരിക്കുക, ആർക്കും സംശയത്തിന് ഇടംകൊടുക്കാതെ ബാങ്ക് അക്കൗണ്ടുകൾ ബഹുമാനപ്പെട്ട വികാരിയുടെയും ഒരു കൈക്കാരന്റെയും പേരിൽ ജോയിന്റ് ആയി തുറക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക, ബന്ധപ്പെട്ട സമിതികളോടോ ഭരണസമിതി അംഗങ്ങളോടോ

ആലോചിക്കാതെ ചെലവുകൾ നടത്താതിരിക്കുക, തുടങ്ങി അനേകം കാര്യങ്ങൾ കാര്യക്ഷമതയും സുതാര്യതയും നിലനിർത്താൻ ആവശ്യമാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് പ്രതിനിധിയോഗത്തിലും പൊതുയോഗത്തിലും പങ്കെടുക്കേണ്ടവർ എല്ലാവരും പങ്കെടുക്കുകയും സജീവമായി ചർച്ച ചെയ്യുകയും ചെയ്യുക എന്നതും. എല്ലാ തീരുമാനങ്ങളും ഏകകണ്ഠമായി എടുക്കാൻ കഴിഞ്ഞില്ലെന്നു വരില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ രഹസ്യ വോട്ട് ചെയ്യാൻ അംഗങ്ങൾക്ക് ആവശ്യപ്പെടാവുന്നതാണ്. പള്ളിപണി പോലെയുള്ള വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള തീരുമാനങ്ങൾ ഇപ്രകാരം രഹസ്യവോട്ടിലൂടെ തിരുമാനിക്കുന്നത് ഉചിതമായിരിക്കും. അല്ലെങ്കിൽ മറ്റുള്ളവരുടെ ഇഷ്ടക്കേട് സമ്പാദിക്കാതിരിക്കാൻ ആദ്യം സമ്മതിയ്ക്കുകയും പിന്നീട് സംഭാവന കൊടുക്കാൻ കഴിവില്ലാതെ വരുമ്പോൾ പലതരം പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യും. പൊതുയോഗത്തിലും പ്രതിനിധി യോഗത്തിലും എടുക്കുന്ന തീരുമാനങ്ങൾ അത്ര പെട്ടെന്ന് രൂപതാദ്ധ്യക്ഷന് ഏകപക്ഷീയമായി മാറ്റാൻ പറ്റാത്തതുകൊണ്ട് പ്രശ് നങ്ങൾ കൂടുതൽ വഷളാകുകയും ചെയ്യും.

കേരള സർക്കാരിന്റെ നിയമപരിഷ്കരണ കമ്മീഷൻ ക്രിസ്ത്യൻ സമുദായങ്ങളുടെ സാമ്പത്തികകാര്യങ്ങൾ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ വേണ്ടി ഒരു പുതിയ ബില്ലിന്റെ കരടുരൂപം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2019 മാർച്ച് 6 ന് ഉള്ളിൽ എല്ലാവർക്കും അതേപ്പറ്റി അഭിപ്രായം രേഖപ്പെടുത്താൻ അവസരം കൊടുത്തിട്ടുണ്ട്. കമ്മീഷന്റെ ഈമെയിൽ വിലാസത്തിലാണ് അഭിപ്രായങ്ങൾ അയയ്ക്കേണ്ടത്. അഭിപ്രായങ്ങൾ പഠിച്ചതിനുശേഷം അത് നിയമസഭയിൽ അവതരിപ്പിക്കുകയും നിയമമാക്കുകയും ചെയ്യും. ആരെല്ലാം എന്തെല്ലാം അഭിപ്രായങ്ങൾ പറഞ്ഞാലും ഭരിക്കുന്ന സർക്കാരിന് ഭൂരിപക്ഷമുള്ളതി നാൽ സർക്കാർ ഉദ്ദേശിക്കുന്നതുപോലെ തന്നെ ബിൽ നിയമമാകും എന്ന് കരുതണം. ഹിന്ദുദേവസ്വം ബോർഡിന്റെയും മുസ്ലീം വഖഫ് ബോർഡിന്റെയും മാതൃകയിൽ തന്നെയായിരിക്കും ക്രിസ്ത്യാനികളുടെയും സ്വത്തുക്കൾ പിന്നീട് ഭരിക്കപ്പെടുന്നത് എന്ന് അനുമാനിക്കാം. ഈ ബിൽ അനുസരിച്ച് സഭയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നത് എപ്പോഴും സഭാംഗങ്ങൾ തന്നെയോ വിശ്വാ സികൾ പോലുമോ ആയിരിക്കണമെന്നില്ല. സഭയെ സംബന്ധിച്ചി ടത്തോളം സാമ്പത്തിക ഇടപാടുകളെ മാത്രമല്ല അതിലൂടെ സഭാജീവിതത്തിന്റെ സത്വര മേഖലകളെയും ഈ നിയന്ത്രണം ബാധിക്കും എന്നത് നിശ്ചയമാണ്. ഇടവകൾക്കും സ്ഥാപനങ്ങൾക്കും സ്വതന്ത്രമായി സമ്പത്ത് ചെലവഴിക്കാൻ സാധിക്കാതെ വരുമ്പോൾ

ഇന്ന് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന ഒട്ടു മിക്ക പ്രവർത്തനങ്ങളും നിൽക്കും. ഒരു പക്ഷേ സഭയുടെ രൂപവും ഭാവവും തന്നെ അതിലൂടെ മാറും. ഓരോ ഇടവകയ്ക്കും സ്വന്തമായ ഭരണഘടനപോലും ഉണ്ടാകണം എന്ന് ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതായത് ഇടവകകൾക്ക് പൊതുവായ ഒരു ഘടന ഉണ്ടാകുകയില്ല. കാരണം ഓരോ ഇടവകക്കാരും അവരവരുടെ ഇഷ്ടമനുസരിച്ച് ഭരണഘടന ഉണ്ടാക്കു മല്ലൊ. മാത്രമല്ല അതിന് രൂപതാദ്ധ്യക്ഷന്റെ അനുവാദമോ അംഗീകാരമോ ആവശ്യമില്ല.

ഇപ്പോൾ നമ്മുടെ ഇടവകകൾ സർക്കാർ നിയമമനുസരിച്ച് Religious എന്ന ഗണത്തിൽ പെടുന്ന സൊസൈറ്റികൾ അല്ലെങ്കിൽ ട്രസ്റ്റുകൾ ആണ്. ചില സ്ഥാപനങ്ങളും സംഘടനകളും Charitable എന്ന ഗണത്തിൽപെടും. ഈ രണ്ട് തരം സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും പലതരം ഇളവുകൾ നല്കിയിട്ടുണ്ട്. ആദായനികുതി കൊടുക്കേണ്ട എന്നത് അതിൽ പ്രധാനപ്പെട്ടതാണ്. നികുതിയിളവുകൾ ലഭിക്കണമെങ്കിൽ ചില വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കണം. അതുപോലെ കെട്ടിടനികുതിയിനത്തിൽ ഇളവുകളും ഉണ്ട്.

ഒന്നാമതായി ഈ വിഭാഗത്തിൽ പെട്ട എല്ലാ സ്ഥാപനങ്ങൾക്കും കേന്ദ്ര ആദായനികുതി നിയമത്തിന്റെ 12 എന്ന വകുപ്പനുസരിച്ചുള്ള ഒരു സർട്ടിഫിക്കറ്റ് ആദായനികുതി ഓഫീസിൽ നിന്ന് ലഭിച്ചിരിക്കണം. രണ്ടാമതായി ഇത്തരം സ്ഥാപനങ്ങളിൽ ലഭിക്കുന്ന വാർഷിക വരുമാനത്തിന്റെ 85% നിർബന്ധമായും അതാത് വർഷം തന്നെ ആ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിക്കാനായി ചെലവഴി ച്ചിരിക്കണം. അത്രയും ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ 85 ശതമാന ത്തിൽ ബാക്കി വരുന്ന തുക ചെലവഴിക്കാനായി ആദായ നികുതി വകുപ്പിന്റെ പ്രത്യേക അനുവാദത്തോടെ അടുത്ത അഞ്ച് വർഷത്തേക്ക് സൂക്ഷിക്കാം. അഞ്ച് വർഷത്തിനുള്ളിൽ അത് എന്തിനു വേണ്ടി സൂക്ഷിച്ച് വച്ചുവോ ആ ഉദ്ദേശ്യത്തിന് മാത്രം ചെലവഴിച്ച് കണക്ക് ആദായനികുതി വകുപ്പിനെ ബോദ്ധ്യപ്പെടുത്തണം. മറ്റ് കാര്യങ്ങൾക്ക് ചെലവഴിച്ചാൽ മുഴുവൻ ആദായത്തിനും നികുതിയടക്കേണ്ടി വരാം. മാത്രമല്ല ചിലപ്പോൾ 12 എ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തെന്നും വരാം. അങ്ങനെ വന്നാൽ പിന്നെ എന്നും കിട്ടുന്ന തുകയ്ക്ക് മുഴുവൻ ആദായ നികുതി അടയ്ക്കേണ്ടി വരും. മറ്റ് നികുതിയിളവുകളും ഇല്ലാതാകും.

മൂന്നാമതായി, എല്ലാ വർഷവും കൃത്യമായി കണക്കുകൾ ഔദ്യോഗിക ലൈസൻസുള്ള ഓഡിറ്റർമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യിപ്പിച്ച് സർക്കാർ നിശ്ചയിച്ചിരിക്കുന്ന തീയതിക്കുള്ളിൽ വാർഷിക ആദായനികുതി റിട്ടേൺ സമർപ്പിച്ചിരിക്കണം. റിട്ടേൺ സമർപ്പിക്കാൻ

സ്ഥാപനത്തിനും സ്ഥാപനത്തിന്റെ മേധാവിക്കും പാൻ കാർഡ് ഉണ്ടായിരിക്കണം. അതുപോലെ സ്ഥാപന മേധാവിക്ക് ആധാർ കാർഡും ഉണ്ടായിരിക്കണം. ഈ മൂന്ന് കാർഡുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയാൽ മാത്രമേ റിട്ടേൺ സ്വീകരിക്കുകയുള്ളു. അതിനാൽ ഈ മൂന്ന് കാർഡുകളും ബന്ധപ്പെട്ട ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടെന്ന് ഉറപ്പ് വരുത്തണം. ഓഡിറ്റ് ചെയ്യുന്നത് രൂപതാ ഔദ്യോഗിക ഓഡിറ്റർമാർ തന്നെയാണ്. എല്ലാ വർഷത്തേയും പോലെ ഈ വർഷവും അവർ വരുന്ന തീയതിയും സ്ഥലവും നിങ്ങളെ അറിയിക്കുന്നതായിരിക്കും. അതനുസരിച്ച് എല്ലാ രേഖകളുമായി അക്കൗണ്ടന്റുമാർ എത്തുകയും യഥാസമയം ഓഡിറ്റ് പൂർത്തിയാക്കുകയും ചെയ്യണം. ഓഡിറ്റിന് ചെറിയൊരു ഫീസുമുണ്ട് എന്ന വിവരം ഓർമ്മിപ്പിക്കട്ടെ. അതും ഓരോ ഇടവകയിൽ നിന്നും അല്ലെങ്കിൽ സ്ഥാപനത്തിൽ നിന്നുമാണ് കൊടുക്കേണ്ടത്.

വിദേശസംഭാവനകൾ കിട്ടുന്നവർ അങ്ങനെയുള്ള തുകകളുടെ കണക്കുകൾ പ്രത്യേകമായി ഓഡിറ്റ് ചെയ്യിക്കേണ്ടതുണ്ട്. കാരണം അതിന്റെ സ്റ്റേറ്റ്മെന്റുകൾ കേന്ദ്ര ആഭ്യന്തര വകുപ്പിലേക്ക് അയച്ചുകൊടുക്കണം. വിദേശസംഭാവനകൾ എന്തിനു വേണ്ടി കിട്ടിയോ ആ ഉദ്ദേശത്തിനു മാത്രമേ ചെലവഴിക്കാൻ അനുവാദമുള്ളു. വർഷാവസാനം ഈ ഇനത്തിലുള്ള പണം ചെലവഴിക്കാതെ ഇടവകയുടെ ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നുണ്ടെങ്കിൽ അത് രൂപതാ കേന്ദ്രത്തിന്റെ എഫ്.സി.ആർ.എ. അക്കൗണ്ടിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്. യാതൊരു കാരണവശാലും കടം വീട്ടാൻ വിദേശപ്പണം ഉപയോഗിക്കാൻ പാടുള്ളതല്ല. വിദേശപ്പണം വകമാറ്റി ചെലവഴിക്കുന്നത് ശിക്ഷാർഹമാണ്. ഈ പണം ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രത്യേകം റിപ്പോർട്ട് നിർമ്മാണത്തിന്റെ ചിത്രങ്ങളോടെ അത് തന്ന ഏജൻസിക്കും വർഷാവസാനം അയച്ചുകൊടുക്കേണ്ടതാണ്.

ഓഡിറ്റിന് വരുമ്പോൾ കൊണ്ടുവരേണ്ട രേഖകൾ താഴെപ്പറയുന്നവയാണ്: ഇടവകയുടെയും ഇടവകയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും നാൾവഴി, ലെഡ്ജർ, കുറിപ്പ് പുസ്തകം, രസീത് കുറ്റികൾ, ഫിക്സഡ് ഡിപ്പോസിറ്റ് രസീതുകൾ, പാസ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, വൗച്ചറുകൾ, സാധനം വാങ്ങി പണം കൊടുക്കുമ്പോൾ കിട്ടുന്ന രസീതുകൾ, ബില്ലുകൾ, മറ്റ് ഏതെങ്കിലും തരത്തിലുള്ള പണമിടപാട് രേഖകളുണ്ടെങ്കിൽ അവ, സ്ഥാപനമേധാവിയുടെയും സ്ഥാപനത്തിന്റെയും പാൻകാർഡിന്റെയും ആധാർ കാർഡിന്റെയും പകർപ്പുകൾ.

കേന്ദ്രസർക്കാർ നിയമമനുസരിച്ച് എല്ലാ ബാങ്ക് അക്കൗണ്ടുകളും പാൻ കാർഡുമായി ബന്ധിപ്പിച്ചിരിക്കണം. അങ്ങനെ ബന്ധിപ്പിക്കുന്ന

അക്കൗണ്ടുകളുടെ ഉടമകൾ പ്രത്യേകം പ്രത്യേകം കണക്കെഴുതുകയും ഓഡിറ്റ് ചെയ്യിക്കുകയും ആദായനികുതി റിട്ടേൺ സമർപ്പിക്കുകയും വേണം. അതേസമയം ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകൾ, ഇടവകയുടെ കീഴിലുള്ള ആശ്രിത കുരിശുപള്ളികൾ തുടങ്ങിയവ സൊസൈറ്റികളോ ട്രസ്റ്റുകളോ ആയി രജിസ്റ്റർ ചെയ്യാത്തതുകൊണ്ട് അവയ്ക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അവകാശമില്ല. എന്നാൽ അവയ്ക്ക് വേണ്ടി ഇടവകയുടെ പേരിൽ അക്കൗണ്ട് തുറക്കുന്നതിന് തടസ്സമില്ല. ഇപ്രകാരമുള്ള കണക്കുകൾ ഇടവകയുടെ അക്കൗണ്ടിൽ ഒരു പ്രത്യേക ഹെഡ് ആയി എഴുതിയാലും മതി. അതേസമയം സംഘടനാ ഭാരവാഹികൾ അവയുടെ കണക്കുകൾ പ്രത്യേകം ബുക്കിൽ എഴുതി സൂക്ഷിക്കുകയും ഓരോ മാസവും ഉള്ള ആകെ വരവും ചെലവും പള്ളിക്കണക്കിൽ ചേർത്ത് പാരിഷ് കൗൺസിലിൽ വായിച്ച് പാസാക്കുകയും വേണം. അവയുൾപ്പെടെയുള്ള കണക്കിന്റെ തെരട്ടാണ് രൂപതാ കേന്ദ്രത്തിലേക്ക് ഓൺലൈനായി ഓരോ മാസവും അയയ്ക്കേണ്ടത്. കുരിശുപള്ളികളുടെ കണക്കും ഇതുപോലെ തന്നെ ചെയ്യണം. ഇടവകക്കണക്കിൽ ചേർക്കാത്ത യാതൊരുവിധ ഫണ്ടുകളും ഇടവകയുടേതായി കൈകാര്യം ചെയ്യാൻ നിയമം അനുവദിക്കുന്നില്ല.

ഓഡിറ്റിംഗിന് വരുമ്പോൾ തന്നാണ്ടിൽ രൂപതാ കേന്ദ്രത്തിൽ അടയ്ക്കാനുള്ള എല്ലാ പിരിവുകളും ഇടവകവരുമാനത്തിന്റെ 10 ശതമാനം വിഹിതവും അടച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. അല്ലാത്തപക്ഷം ഓഡിറ്റിംഗിന് കണക്കുകൾ സ്വീകരിക്കുന്നതല്ല. അടിയന്തിരാവശ്യങ്ങൾ മൂലം ഇളവ് വേണ്ടവർ 10% വിഹിതം അടച്ചതിനു ശേഷം പിന്നീട് ഇടവക പ്രതിനിധിയോഗത്തിൽ പാസാക്കി തീരുമാനമായി പിരിവുകൾ ഇളവുകൾക്കായി അപേക്ഷിക്കാവുന്നതാണ്. പിരിവുകൾ എത്രയാണോ ഇടവകയിൽ ലഭിച്ചത് അത്രയും തുക തന്നെ കേന്ദ്രത്തിൽ അടച്ചിരിക്കണം. മുഴുവൻ കൊടുക്കാതിരിക്കാൻ വേണ്ടി ഇടവകക്കണക്കിൽ വകമാറ്റി എഴുതുന്നതും മറ്റും തികച്ചും അധാർമ്മികവും പാപവുമാണ് എന്ന വസ്തുത ഓർത്തിരിക്കുമല്ലോ. വകമാറ്റി എഴുതുന്നവർ അപ്രകാരം ചെയ്യുന്നതിലൂടെ വളരെ ഗൗരവമായ ഒരു തിന്മയുടെ സന്ദേശമായിരിക്കും ഇടവകജനത്തിന് കൊടുക്കുന്നത്. അതിലൂടെ ക്രൈസ്തവവിശ്വാസം അർത്ഥശൂന്യമാകുകയും ഇടവകയുടെ പ്രസക്തി തന്നെ നഷ്ടപ്പെടുകയും ചെയ്യുന്നു. അങ്ങനെയെല്ലാം ചെയ്യുന്നവർ ഇപ്പോഴത്തെ ചർച്ച് പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ബില്ലിന് കൂടുതൽ പ്രസക്തി കൊടുക്കുകയാണ് ചെയ്യുന്നത് എന്ന വസ്തുതയും മറക്കാതിരിക്കാം.

ഈ വർഷം ഓഡിറ്റിംഗിന് ഓൺലൈനിൽ ചെയ്ത കണക്കുകളാണ് കൊണ്ടുവരേണ്ടത്. അല്ലാത്തവ ഓഡിറ്റ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും എന്നറിയിക്കട്ടെ. കമ്പ്യൂട്ടറിൽ നിന്ന് നാൾ വഴി, ലെഡ്ജർ എന്നിവയുടെ പ്രിന്റ് ഔട്ട് എടുത്ത് കുത്തിക്കെട്ടി ബുക്കു രൂപത്തിൽ കൊണ്ടു വരണം. ഓൺലൈനിൽ ചെയ്യുന്ന എല്ലാവരുടേയും കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്ന് നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ അപ്പപ്പോൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് സ്വീകരിച്ച് തിരുത്തലുകൾ വരുത്തിയവർക്ക് അവസാനകണക്കുകൾ തയ്യാറാക്കാൻ പ്രയാസമുണ്ടാകുകയില്ല. മാത്രമല്ല അത്തരം കണക്കുകൾ മാസാമാസം ഇവിടെ ഓൺലൈനായി ലഭിക്കുന്നതുകൊണ്ട് വാർഷിക ഓഡിറ്റ് അധികം സമയം എടുക്കാതെ ചെയ്യാനും സാധിക്കും.

നിർമ്മാണപ്രവൃത്തികൾ ചെയ്യുന്ന ഇടവകകളും സ്ഥാപനങ്ങളും ഒരു പ്രത്യേക കാര്യം ശ്രദ്ധിക്കണം. പലപ്പോഴും കൊടുക്കാൻ പണമില്ലാതെ വരുമ്പോൾ Contractor സ്വന്തം നിലയിൽ പണം മുടക്കി നിർമ്മാണം പൂർത്തിയാക്കും. അദ്ദേഹം മുടക്കിയ തുക ഒരിടത്തും കണക്കിൽ ചേർക്കുകയുമില്ല. ഒരു പക്ഷേ നിർമ്മാണം പൂർത്തിയാക്കി കണക്കുകൾ ഓഡിറ്റ് ചെയ്തുകഴിഞ്ഞെന്നുമിരിക്കും. അത്തരം സന്ദർഭങ്ങളിൽ അദ്ദേഹത്തിന് കൊടുക്കാനുള്ള തുക പിന്നീട് കൊടുക്കാൻ ബുദ്ധിമുട്ടു വരും. കാരണം അങ്ങനെ കൊടുക്കാനുള്ളതായി ഓഡിറ്റ് ചെയ്ത കണക്കിൽ ചേർത്തിട്ടുണ്ടാകുകയില്ല. അപ്പോൾ പിന്നെ പള്ളിയിൽ പല ഇനങ്ങളിൽ ക്യാഷ് ആയി ലഭിക്കുന്ന സംഭാവനകൾ കണക്കിൽ ചേർക്കാതെ ക്യാഷായി കൊടുക്കേണ്ടിവരും. ഇത്തരം സന്ദർഭങ്ങളിൽ ആദായനികുതി ഉദ്യോഗസ്ഥർക്ക് തൃപ്തികരമായ ഉത്തരം കൊടുക്കാൻ പ്രയാസപ്പെടും. മാത്രമല്ല കണക്കുകൾ സുതാര്യമല്ലാത്തതിനാൽ ഇടവകയിൽ പ്രശ്നങ്ങളും ഉടലെടുക്കാം.

Contractor ഓരോ മാസവും ചെയ്യുന്ന ജോലിയുടെ പ്രതിഫലം അതാത് മാസം തന്നെ അദ്ദേഹത്തിൽ നിന്ന് കടം വാങ്ങിയതായും അതേ തുക ചെയ്ത ജോലിക്ക് കൊടുത്തതായും എഴുതാനുള്ള സൗകര്യം ഓൺലൈൻ കണക്കിൽ കൊടുത്തിട്ടുണ്ട്. Journal എന്ന പേരിൽ കൊടുത്തിരിക്കുന്ന പേജിൽ പ്രവേശിച്ച് അവിടെയുള്ള രണ്ട് കോളത്തിലും ആവശ്യമായ സംഖ്യ ചേർത്താൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. മാസാവസാനവും വർഷാവസാനവും അദ്ദേഹത്തിന് കൊടുത്ത് തീർക്കാനുള്ള കടം എത്രയെന്ന് കൃത്യമായി കമ്പ്യൂട്ടർ തന്നെ കണക്ക് കൂട്ടി തരുകയും ചെയ്യും. അങ്ങനെ ചെയ്താൽ പിന്നീട് എത്ര വർഷം കഴിഞ്ഞാലും ആ തുക നിയമാനുസൃതം കൊടുത്ത് തീർക്കാൻ പ്രയാസമുണ്ടാകുകയില്ല. ഇങ്ങനെ ഓരോ മാസവും

ചേർക്കുമ്പോൾ ആ തുകയ്ക്കുള്ള TDS ആ മാസം തന്നെ സർക്കാരിലേക്ക് അടച്ചിരിക്കണം.

Contractor സ്വയം വാങ്ങുന്ന നിർമ്മാണവസ്തുക്കളുടെ ബില്ലുകൾ ഇടവകയുടെ പേരിൽ വാങ്ങുന്നത് അനുവദനീയമല്ല. ഇടവകയുടെ പേരിൽ ബില്ല് എഴുതി വാങ്ങിയാൽ ആ തുക നിർബന്ധമായും ഇടവകയുടെ കണക്കിൽ മാസാമാസം ചേർത്തിരിക്കണം. അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് പണമെടുത്താണ് വാങ്ങിയതെങ്കിൽ അത്രയും തുക അദ്ദേഹത്തിൽ നിന്ന് കടം ലഭിച്ചതായും ആ തുകയുപയോഗിച്ച് വസ്തുക്കൾ വാങ്ങിയതായും രേഖപ്പെടുത്തണം. അതേ സമയം അദ്ദേഹത്തിന്റെ പേരിൽ ബില്ലെഴുതി വാങ്ങുന്ന നിർമ്മാണവസ്തുക്കളുടെ പണം കോൺട്രാക്ട് തുകയുടെ കൂടെ കൂട്ടി അതിന്റെ കൂടി TDS കൃത്യമായി സർക്കാരിലേക്ക് ഓരോ മാസവും അടച്ചിരിക്കണം. 3 മാസത്തിലൊരിക്കൽ റിട്ടേൺ ഫയൽ ചെയ്യുകയും വേണം. അല്ലാത്തപക്ഷം ആ തുക ഫൈനോടു കൂടി ഇടവക അടക്കേണ്ടി വരും.

രൂപതാകേന്ദ്രത്തിലേക്ക് അടക്കുന്ന തുകകൾ, അവ പിരിവുകളുടേതായാലും, കുർബാന നിയോഗത്തിന്റേതായാലും ചെക്ക് അല്ലെങ്കിൽ ബാങ്ക് ട്രാൻസ്ഫർ മുഖാന്തിരമാണ് അടക്കേണ്ടത്. ക്യാഷ് സ്വീകാര്യമല്ല. ട്രാൻസ്ഫർ ചെയ്യുന്നവർ ആ വിവരം ഉടൻ തന്നെ ഒരു എസ്.എം.എസ്. അല്ലെങ്കിൽ വാട്സ്ആപ്പ് മെസേജ് ആയി രൂപതാ കേന്ദ്രത്തിലേക്ക് അറിയിക്കണം. ബഹുമാനപ്പെട്ട പ്രൊക്യുറേറ്ററച്ചന്റെ നമ്പറിലേക്കാണ് അയയ്ക്കേണ്ടത്.


പണം ട്രാൻസ്ഫർ ചെയ്യാനായി കാത്തലിക് സിറിയൻ ബാങ്കിന്റെ ഒരു QR Code ലഭ്യമാക്കിയിട്ടുണ്ട്. ഈ കോഡിന്റെ വിശദവിവരങ്ങൾ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. അതുപയോഗിച്ച് പണം ട്രാൻസ്ഫർ ചെയ്യണമെങ്കിൽ നിങ്ങളുടെ മൊബൈൽ ഫോണിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുള്ള BHIM എന്ന മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്തിരിക്കണം. ഈ മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്യാൻ ആധാർ കാർഡും മൊബൈൽ നമ്പറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടും അതേ അക്കൗണ്ടിന്റെ പേരിലുള്ള ഡെബിറ്റ് കാർഡും ഉണ്ടായിരിക്കണം. ഇൻസ്റ്റാൾ ചെയ്തു കഴിഞ്ഞാൽ പണം ട്രാൻസ്ഫർ ചെയ്യാൻ ഏതാനും നിമിഷങ്ങൾ മതി. സെമിനാരി വിദ്യാർത്ഥിഫണ്ട്, വിദ്യാഭ്യാസഫണ്ട് എന്നിങ്ങനെയുള്ള ഫണ്ടുകളിലേക്ക് വ്യക്തികൾ അയയ്ക്കുന്ന പണം ട്രാൻസ്ഫർ ചെയ്യാൻ ഏറ്റവും പറ്റിയ മാർഗ്ഗം ഇതാണ്. അപ്പോൾ തന്നെ പണം രൂപതാ കേന്ദ്രത്തിന്റെ അക്കൗണ്ടിൽ എത്തിയതായി അയയ്ക്കുന്നയാൾക്ക് അറിയുകയും ചെയ്യാം. ഇടവകയുടെ അക്കൗണ്ടുകൾക്ക് ഡെബിറ്റ്

കാർഡ് തരാൻ ചിലപ്പോൾ ബാങ്കുകൾ വിസമ്മതിച്ചെന്ന് വരാം. എങ്കിലും അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയാൽ കിട്ടാവുന്നതേയുള്ളു. അതുപോലെ തന്നെ ഇടവകകൾക്കും ഒരു QR Code ലഭ്യമാക്കിയാൽ ഇടവക ജനങ്ങൾക്ക് നേർച്ചയടക്കമുള്ള സംഭാവ നകൾ ഇടവകയുടെ അക്കൗണ്ടിലേക്ക് വീട്ടിൽ നിന്ന് തന്നെ ട്രാൻസ്ഫർ ചെയ്യാവുന്നതേയുള്ളു. ഇടവകയുടെ കണക്കുകൾ വളരെ കൃത്യവും സുതാര്യവുമായിരിക്കുകയും ചെയ്യും.

മുകളിൽ സൂചിപ്പിച്ച പുതിയ ബിൽ നിയമമാകാതിരിക്കണമെങ്കിൽ നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ സുതാര്യവും കൃത്യവും ആണെന്ന് നമ്മൾ പൊതുജനത്തെയും സർക്കാരിനെയും ബോധ്യപ്പെടുത്തണം. അതുപോലെ തന്നെ അവ വൈദികരും മെത്രാന്മാരും തനിയെ മറ്റാരും അറിയാതെ കൈകാര്യം ചെയ്യുന്നു എന്ന തോന്നൽ ഉണ്ടാകാൻ ഇടകൊടുക്കാത്ത രീതിയിലും ആയിരിക്കണം. അതായത് നമ്മുടെ സാമ്പത്തിക ഇടപാടുകൾ നിയമം അനുശാസിക്കുന്ന രീതിയിൽ മാത്രമാകണം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2019 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ സ്നേഹപൂർവ്വം,



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- 1. ബഹുമാനപ്പെട്ട വൈദികർ ഈ സർക്കുലർ മാർച്ച് മാസം 3-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് വി. കുർബ്ബാനയർപ്പിക്കു മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.

2. കുടുംബക്കൂട്ടായ്മാ യോഗങ്ങളിൽ ബഹുമാനപ്പെട്ട ഭാരവാഹികൾ ഈ സർക്കുലർ വായിച്ച് ആവശ്യമായ വിശദീകരണങ്ങൾ കൊടുക്കേണ്ടതാണ്.

# സർക്കുലർ

*Circular Letter No. 04/2019*
*Prot. No. 21687/2019*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആഗോളസഭയെ ഏതാനും വർഷങ്ങളായി ഉലച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയമാണല്ലോ സഭാശുശ്രൂഷകരുടെ, പ്രത്യേകിച്ച് പുരോഹിതസ്ഥാനികളുടെ മേൽ ആരോപിക്കപ്പെടുന്ന ലൈംഗിക പീഢനക്കുറ്റം. അതിൽ തന്നെ ബാലലൈംഗികപീഢനം പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഒരുപക്ഷേ അതെല്ലാം പാശ്ചാത്യനാടുകളിൽ മാത്രമാണെന്നും നമ്മുടെ നാട്ടിൽ അത്തരം പ്രവണതകൾ ഒന്നും ഇല്ല എന്നും നമ്മൾ പൊതുവെ വിശ്വസിച്ചിരുന്നു. അല്ലെങ്കിൽ വിശ്വസിക്കാൻ ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ ഭാരതത്തിലും കേരളത്തിലും എല്ലാം കഴിഞ്ഞ നാളുകളിൽ അരങ്ങേറിയ സംഭവങ്ങൾ നമ്മുടെ കണ്ണ് തുറപ്പിക്കാൻ പര്യാപ്തമാക്കേണ്ടതാണ്. കാര്യങ്ങൾ ഇവിടെയും അത്ര ശുഭമല്ല എന്ന് നമ്മൾ തിരിച്ചറിയുന്നു.

പാശ്ചാത്യനാടുകളിലെ സഭാസമൂഹങ്ങളിൽ എൺപതുകളുടെ മദ്ധ്യത്തിൽ തന്നെ ഈ തിന്മയ്ക്കെതിരെ നടപടികൾ ആരംഭിച്ചിരുന്നെങ്കിലും നമ്മുടെ നാട്ടിൽ അത്തരത്തിലൊന്ന് തയ്യാറാക്കിയത് 2015-ൽ മാത്രമാണ്. പുരോഹിതസ്ഥാനികൾക്കെതിരെയുള്ള ആരോപണങ്ങൾ കൈകാര്യം ചെയ്യാൻ സഹായകമായ നിയമങ്ങൾ പ്രാബല്യത്തിലാക്കുകയും ചെയ്തു. ഇതിന്റെ ചുവട് പിടിച്ച് ഭാരത കത്തോലിക്കാ മെത്രാൻ സമിതി 2015 ൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതേ കാലയളവിൽ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയും കേരള കത്തോലിക്കാ മെത്രാൻ സമിതിയും തുല്യ ലിംഗനീതിയുടെ അനിവാര്യതയെ ഊന്നിപ്പറഞ്ഞുകൊണ്ട് പ്രബോധനങ്ങൾ പ്രസിദ്ധീകരിച്ചു. ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരേ ഉണ്ടാകുന്ന ലൈംഗികവും അല്ലാത്തവയുമായ അതിക്രമങ്ങളെ നേരിടാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറത്തിറക്കി. കാരണം മാറ്റം വരേണ്ടത് മനുഷ്യന്റെ മനസ്സിലും മനോഭാവത്തിലുമാണല്ലൊ. അങ്ങനെ മാത്രമെ ഏതൊരു തിന്മക്കും തടയിടാൻ കഴിയുകയുള്ളു. ഏറ്റവും ഒടുവിലായി 2018 ജൂൺ മാസത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രായപൂർത്തിയാകാത്തവർക്കും എളുപ്പം പീഢനത്തിന് വിധേയരാകാൻ

സാദ്ധ്യതയുള്ള മുതിർന്നവർക്കും എതിരെയുള്ള പീഢനങ്ങൾ കൈകാര്യം ചെയ്യാനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ആവശ്യമായ പഠനങ്ങൾക്ക് ശേഷം അവ 2019 മാർച്ച് ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ സീറോ മലബാർ രൂപതകൾക്കും ബാധകമായ നിയമമായി രേഖ പുറപ്പെടുവിച്ചു.

2019 ഫെബ്രുവരി 21 മുതൽ 24 വരെ ലോകത്തിലെ എല്ലാ മെത്രാൻ സമിതികളിലെയും പ്രസിഡന്റുമാരെയും എല്ലാ സമർപ്പിതസമൂഹങ്ങളുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സമ്മേളനം പുരോഹിതസ്ഥാനീയരുടെ നേർക്കുയരുന്ന ലൈംഗിക പീഢനകുറ്റങ്ങളെപ്പറ്റി പഠിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ റോമിൽ വിളിച്ചു ചേർത്തിട്ടുണ്ട്. അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്:

പ്രായപൂർത്തിയാകാത്തവരുടെ സംരക്ഷണത്തിനായുള്ള ഫെബ്രുവരി സമ്മേളനത്തിന് നിശ്ചിതമായ ഒരു ഉദ്ദേശ്യമുണ്ട്: ലക്ഷ്യം കുട്ടികളുടെ നേർക്കുള്ള ലൈംഗികപീഡനത്തെ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമായി എല്ലാ ബിഷപ്പുമാരും ചെയ്യേണ്ടത് എന്താണ് എന്ന് അവർ മനസ്സിലാക്കേണ്ടത് ആവശ്യമാണ് എന്ന് വ്യക്തമാക്കാൻ വേണ്ടിയാണത്. ഒരു ആഗോള പ്രശ്നം ഒരു ആഗോള പ്രതികരണത്തിലൂടെ മാത്രമേ പരിഹരിക്കപ്പെടുകയുള്ളു എന്ന് ഫ്രാൻസീസ് മാർപ്പാപ്പയ്ക്ക് അറിയാം. അത് ഒരു അക്കാദമിക സമ്മേളനം എന്നതിലുപരി ഇടയന്മാരുടെ ഒരു സമ്മേളനമായിരിക്കണ മെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. പ്രാർത്ഥനയും വിവേചനാശയവും വിളിച്ചോതുന്ന ഒരു സമ്മേളനം. ഈ സമ്മേളനം ഒരു വിശ്വാസ ബോധവൽക്കരണത്തിനും പ്രായോഗികമായ നിർദ്ദേശങ്ങൾക്കും വേണ്ടിയുള്ളതാണ്. പരിശുദ്ധ പിതാവിനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ അടിസ്ഥാനപരമാണ്. അതായത് റോമിലെത്തുന്ന മെത്രാന്മാർ തങ്ങളുടെ രാജ്യങ്ങളിലേക്കും രൂപതകളിലേയ്ക്കും തിരികെയെത്തുമ്പോൾ ലൈംഗികദുരുപയോഗം തടയാനും ഇരകളെ സംരക്ഷിക്കാനുമുള്ള നിയമങ്ങൾ ഏവയാണ് എന്ന് അവർ മനസ്സിലാക്കണം. ഒരു പീഢനക്കേസും മൂടിവയ്ക്കുകയോ മറയ്ക്കുകയോ ഇല്ല എന്ന് ഉറപ്പ് വരുത്താനും അവർക്ക് കഴിയണം.

സമ്മേളനത്തെപ്പറ്റി സൃഷ്ടിക്കപ്പെട്ട വലിയ പ്രതീക്ഷകളുമായി ബന്ധപ്പെട്ട് ഊന്നിപറയട്ടെ, ഈ സമ്മേളനം ലൈംഗിക ദുരുപയോഗത്തിനെതിരെയുള്ള സഭയുടെ പോരാട്ടത്തിന്റെ തുടക്കമല്ല. പ്രത്യുത, കഴിഞ്ഞ പതിനഞ്ചു വർഷത്തിലേറെയായി സഭ തുടർച്ചയായും ഇച്ഛാശക്തിയോടെയും നടത്തിക്കൊണ്ടിരിക്കുന്ന

വേദനാജനകമായ യാത്രയിലെ ഒരു ഘട്ടം മാത്രമാണ്. (2019 ജനുവരി 16 വത്തിക്കാൻ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ നിന്ന്).

ഏറ്റവും കൂടുതൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക പീഢനങ്ങൾ നടക്കുന്നത് കുടുംബങ്ങൾക്കുള്ളിൽ ബന്ധുമിത്രങ്ങളിൽ നിന്ന് തന്നെയാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. സ്കൂളുകളിലും പീഢനങ്ങൾ ഒട്ടും കുറവല്ല. അതുപോലെ തന്നെ ബാലലൈംഗിക പീഢനം ക്രിസ്ത്യാനികളിലോ കത്തോലിക്കരിലോ മാത്രം ഒതുങ്ങി നില്ക്കുന്നില്ല എന്നതും ആനുകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. എന്നാൽ പീഢനവിധേയരെ സംരക്ഷിക്കാൻ പ്രത്യേകം വിളിയും ഉത്തരവാദിത്വവും ഉള്ളവർ, അതിലേറെ ലൈംഗികപീഢനം തടയാനും അതിനെതിരെ വിശ്വാസികളെ ബോധവൽക്കരിക്കാനും ബാദ്ധ്യതയുള്ളവർ തന്നെ പീഢകരാകുമ്പോൾ അതിന്റെ ഗൗരവം പതിൻമടങ്ങ് വർദ്ധിക്കുന്നു. കുറ്റം തെളിയിക്കപ്പെട്ടാൽ അവരുടെ സ്ഥാനത്തിനും ഉത്തരവാദിത്വത്തിനും ആനുപാതികമായി കൊടുക്കണം എന്ന് നിയമത്തിൽ പറയുന്ന ശിക്ഷ ലഭിക്കുകയും ചെയ്യുന്നു. അതിനാൽ ബന്ധപ്പെട്ടവർ എല്ലാവരും ഇക്കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തുകയും തങ്ങളുടെ ജീവിതാന്തസിനും സ്ഥാനങ്ങൾക്കും അനുയോജ്യമായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ എന്ന് ആത്മശോധന ചെയ്ത് മാറ്റങ്ങൾ വരുത്തേണ്ടിടത്ത് മാറ്റങ്ങൾ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് സൂചിപ്പിക്കട്ടെ.

വിശുദ്ധ ജോൺ പോൾ പാപ്പായുടെ കാലത്ത് തുടങ്ങിയെങ്കിലും പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പാപ്പായുടെ കാലത്താണ് പുരോഹിതസ്ഥാനികളുടെ ബാലലൈംഗിക പീഢന കുറ്റങ്ങൾ കൂടുതലായി പുറത്ത് വന്നത്. അതിനെതിരെ അദ്ദേഹം വളരെ കർക്കശമായ നിലപാടുകൾ സ്വീകരിച്ചു. സന്ദർശനം നടത്തുന്ന സ്ഥലങ്ങളിലെല്ലാം പീഢിതരുമായി സംവദിക്കാനും അവർക്ക് സാന്ത്വനമേകാനും പാപ്പാ ശ്രദ്ധിച്ചിരുന്നു. അതുപോലെ തന്നെ അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കാൻ ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുകയും ചെയ്തു. നിയമാനുസൃതം പ്രവർത്തിക്കാതിരുന്ന രൂപതാദ്ധ്യക്ഷന്മാരോട് വളരെ കർശനമായി തന്നെ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ആവശ്യപ്പെടുകയും ചെയ്തു.

തന്റെ മുൻഗാമിയുടേതിൽ നിന്ന് കൂടുതൽ കർക്കശമായ നിലപാടാണ് ഇപ്പോഴത്തെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ എടുക്കുന്നത്. ലോകത്താകമാനമുള്ള സഭാശുശ്രൂഷകരെ അദ്ദേഹം

ഇക്കാര്യത്തിൽ ബോധവൽക്കരിക്കാൻ ശ്രമിക്കുകയും ഈ കുറ്റകൃത്യം എത്രമാത്രം ഹീനമാണെന്ന് അവരെ നിരന്തരം ഓർമ്മപ്പെടുത്തുകയും അവയിൽ നിന്ന് പിൻമാറാൻ അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുമുണ്ട്. ഇക്കാര്യത്തിൽ ഒരു ശൂന്യസഹിഷ്ണതയാണ് അദ്ദേഹത്തിന്റെ നിലപാട്. അതായത് നിഷ്കളങ്കരും നിരാലംബരുമായ കുട്ടികളെയും എളുപ്പത്തിൽ പീഢനത്തിന് വിധേയരാകാൻ സാദ്ധ്യതയുള്ള മുതിർന്നവരെയും ലൈംഗികമായി പീഢിപ്പിക്കുന്നവർ അവരുടെ കുറ്റത്തിന് ആനുപാതികമായ ശിക്ഷക്ക് വിധേയരാകണം. അവർ പിന്നീട് സഭാശുശ്രൂഷയിൽ തുടരാൻ പാടില്ല. അതിനായി പുതിയ പല നിയമങ്ങളും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. എങ്കിലും നടപടി ക്രമങ്ങൾ മുമ്പുള്ളവ തന്നെയായതിനാൽ പുതിയ നിയമങ്ങൾ പലതും പ്രാദേശിക സഭാനേതൃത്വത്തിന് പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുന്നില്ല. സഭാനിയമവും ഇന്ത്യൻ നിയമവും തമ്മിലുള്ള സംഘർഷവും ഈ കാര്യത്തിൽ തടസ്സമാകുന്നുണ്ട്. അതിനാൽ തന്നെ അവർ വളരെയധികം അധിക്ഷേപങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഇരകളായിക്കൊണ്ടിരിക്കുന്നു. അത്തരം തടസ്സങ്ങൾ നീക്കാനുള്ള നിയമപരിഷ്കരണങ്ങൾ പരിശുദ്ധ പിതാവ് കൊണ്ടുവരും എന്ന് പ്രത്യാശിക്കാം.

ഇന്ത്യയേപ്പോലെയുള്ള രാജ്യങ്ങളിൽ സഭാനിയമമനുസരിച്ച് നടപടികളെടുക്കാൻ പരിമിതികളുണ്ട് എന്നതാണ് മേലധികാരികളെ കുഴക്കുന്ന പ്രശ്നം. സാംസ്കാരികവും അല്ലാത്തതുമായ കാരണങ്ങൾ പീഢനവിവരം പുറത്തറിയാതിരിക്കാൻ കാരണമാകുന്നു. ഇപ്പോൾ നിലവിലുള്ള കാനൻ നിനയമത്തിൽ പറയുന്ന തരത്തിലുള്ള വിശദമായ അന്വേഷണങ്ങൾ നടത്തി കുറ്റം തെളിയിക്കാൻ അധികാരികൾക്ക് വളരെയേറെ കടമ്പകൾ കടക്കേണ്ടതുണ്ട്. അത് എളുപ്പവുമല്ല. കാരണം സർക്കാരിന് പോലീസും മറ്റ് സംവിധാനങ്ങളും ഉള്ളതുപോലെ കുറ്റാരോപിതരെ അവരുടെ ഇഷ്ടത്തിന് വിരുദ്ധമായി ചോദ്യം ചെയ്ത് കുറ്റം തെളിയിക്കാനുള്ള നിയമസാധ്യത സഭാനേതൃത്വത്തിനില്ല. കുറ്റാരോപിതരുടെ മുറികളോ കമ്പ്യൂട്ടറുകളോ ഒന്നും റെയ്ഡ് ചെയ്യാനുള്ള അധികാരവും ഇല്ല. കുറ്റം തെളിയിക്കാതെ ശിക്ഷ കൊടുക്കാനും സാധ്യമല്ല. കാരണം കോടതികൾ അവയെ ചോദ്യം ചെയ്ത് അസാധുവാക്കിയേക്കാം. അതുപോലെ ഒരേ അധികാരി തന്നെ കരുണയും കാർക്കശ്യവും കാണിക്കേണ്ടി വരുമ്പോൾ ഉണ്ടാകാവുന്ന മാനസികസമ്മർദ്ദവും സഭാധികാരികളെ കുഴക്കുന്ന പ്രശ്നമാണ്. കാരണം കുറ്റം സമ്മതിച്ച് മാപ്പപേക്ഷിച്ച് പരിഹാരം ചെയ്യാൻ തയ്യാറായി

വരുന്ന ഒരാളെ എങ്ങനെ ശിക്ഷിക്കും എന്നതിനും യാതൊരു തരത്തിലും കുറ്റം സമ്മതിക്കാത്ത ഒരു വ്യക്തിയുടെ കുറ്റം എങ്ങനെ തെളിയിക്കും എന്നതിനും ഉത്തരം കണ്ടെത്തുക പ്രയാസമാണ്.

ലൈംഗികപീഢനം അതിമാരകമായ ഒരു പാപം മാത്രമല്ല പ്രത്യുത അതിഹീനമായ കുറ്റകൃത്യവുമാണ്. പാപം കുമ്പസാരത്തിൽ മോചിക്കപ്പെടുമെങ്കിലും കുറ്റം അപ്രകാരം മോചിക്കപ്പെടാൻ സാദ്ധ്യമല്ല. ആദ്യത്തെ പ്രാവശ്യമായാലും, ഭാവിയിൽ ചെയ്യില്ല എന്ന് തീരുമാനിച്ചാലും, പശ്ചാത്താപത്തോടെ അധികാരിയുടെ മുമ്പിൽ ഏറ്റുപറഞ്ഞാലും നഷ്ടപരിഹാരം കൊടുക്കാനുള്ള സന്നദ്ധത കാണിച്ചാലും ഒന്നും കുറ്റം ഇല്ലാതാകുന്നില്ല. പീഢിപ്പിക്കപ്പെട്ട വ്യക്തിക്ക് പരാതി ഇല്ല എന്ന് പറഞ്ഞാലും കുറ്റം ഇല്ലാതാകുന്നില്ല. കാരണം പരാതിപ്പെടുന്നത് പീഡിപ്പിക്കപ്പെടുന്ന വ്യക്തിയല്ല. ആ വ്യക്തി കേവലം സാക്ഷി മാത്രമാണ്. ഇത്തരം കേസുകളിൽ സർക്കാരാണ് വാദി. സഭാനിയമത്തിലും രാഷ്ട്രനിയമത്തിലും ഇതുതന്നെയാണ് അവസ്ഥ. ഇക്കാര്യം പലർക്കും അജ്ഞാതമാണെന്ന് തോന്നുന്നു. അതുകൊണ്ട് മേലധികാരിയുടെ മുമ്പിൽ തെറ്റ് ഏറ്റ് പറഞ്ഞ് ക്ഷമ പറഞ്ഞതുകൊണ്ട് കാര്യങ്ങൾ അവസാനിക്കുന്നില്ല. അങ്ങനെ അവസാനിപ്പിക്കാൻ അധികാരികൾക്ക് അധികാരമോ അവകാശമോ ഇല്ല താനും.

എത്രമാത്രം കർക്കശമായ നിയമങ്ങൾ ഉണ്ടാക്കിയാലും ലൈംഗികപീഢനം അവസാനിക്കണമെന്നില്ല, കാരണം അതൊരു മനോഭാവവും മാനസികാവസ്ഥയുമാണ്. ശരിയായ ധാർമ്മികരൂപീകരണം നടക്കാത്ത മനസ്സാക്ഷിയുടെ പ്രേരണയാലാണത് നടക്കുന്നത്. മുൻ കാലങ്ങളിൽ കുടുംബങ്ങളിൽ ഇക്കാര്യങ്ങളിൽ ധാർമ്മികമായ ബോധ്യങ്ങൾ കിട്ടിയിരുന്നു. ആ ബോധ്യമാകട്ടെ ദൈവവിശ്വാസവും മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ടുള്ളതായിരുന്നുതാനും. ലൈംഗികപീഢനം തുടങ്ങിയവ അതിമാരക പാപമാണെന്നും അവ ചെയ്യുന്നവർ നരകശിക്ഷയിൽ പെടും എന്ന ബോധ്യം അന്ന് മനുഷ്യമനസ്സുകളിൽ ആഴത്തിൽ പതിഞ്ഞിരുന്നു. അതുപോലെ ഈ ബോധ്യത്തിന് വിരുദ്ധമായവ ഒന്നും തന്നെ കാണാനോ വായിക്കാനോ കേൾക്കാനോ ഉണ്ടായിരുന്നുമില്ല. മാതാപിതാക്കൾ അവ അനുവദിച്ചുമിരുന്നില്ല. ഇന്ന് ദൈവവിശ്വാസവും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസവും അതോട് ബന്ധപ്പെട്ടുള്ള ധാർമ്മികബോധ്യവും ഒന്നും ഒട്ടു മിക്കവരും കാര്യമായിയെടുക്കുന്നില്ല. അതോടൊപ്പം മനുഷ്യമനസ്സുകളെ ബലഹീനമാക്കുന്ന മദ്യവും മയക്കുമരുന്നും പോർണോഗ്രാഫിയും എല്ലാം ഏവർക്കും എപ്പോഴും

സംലഭ്യമാണ്. അതിനെല്ലാമുള്ള പണവും ലഭിക്കുന്നു. ഇവയെല്ലാം ചേർന്ന് മലീമസ്സമാക്കിയ മനസ്സുള്ളവർക്ക് ഏത് തരം ലൈംഗികപീഢനത്തിൽ ഏർപ്പെടാനും മടിയുണ്ടാകുകയില്ല. മനസ്സാക്ഷിയില്ലാത്ത സുഖാസ്വാദനം ഇന്ത്യക്കാരുടെ പ്രധാനതിന്മകളിൽ ഒന്നാണ് എന്ന് മഹാത്മാഗാന്ധി പറയുന്നുണ്ട്.

ആത്മീയജീവിതത്തിൽ പ്രവേശിച്ചവരും ഈ ലോകത്തിന്റെ മക്കൾ തന്നെയാണ്. അവരും മേൽപ്പറഞ്ഞ തരം സ്വാധീനങ്ങൾക്ക് വിധേയരാണ്. അവയെ അതിജീവിക്കണമെങ്കിൽ മുൻകാലത്തെ ആത്മീയജീവിതക്കാർ സ്വീകരിച്ചതിൽ നിന്ന് വളരെ കൂടുതൽ മുൻകരുതലുകൾ എടുക്കണം. ക്രമമായ വിശുദ്ധവചനവായനയും ധ്യാനവും ഔദ്യോഗികവും വ്യക്തിഗതവുമായ പ്രാർത്ഥനകളും പ്രായശ്ചിത്തവും പരിത്യാഗവും പാപമോചനകൂദാശയുടെ ക്രമമായ സ്വീകരണവും ആത്മശോധനയും എല്ലാം അവർക്ക് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം തിന്മയുടെ ദുശ്ശീലങ്ങളിൽ നിന്ന് മാറി നിൽക്കാനുള്ള മനശ്ശക്തിയും സമ്പാദിക്കണം. കാരണം മനുഷ്യ മനസ്സ് എപ്പോഴും തിന്മയിലേക്ക് ചാഞ്ഞിരിക്കുന്നതാണ്. ലൈംഗികാസ്വാദനത്തിനുള്ള ത്വര മനുഷ്യന്റെ അടിസ്ഥാനസ്വഭാവത്തിൽപ്പെട്ടതും അതിശക്തവുമാണ്. ചെറിയൊരു സാഹചര്യം കിട്ടിയാൽ മനുഷ്യമനസ്സ് മൃഗമനസ്സായി മാറും. അപ്പോൾ നിയമവും ശിക്ഷയും ഒന്നും ഓർമ്മിക്കണമെന്നില്ല. അതുകൊണ്ട് തിന്മകളിൽ നിന്നും തങ്ങളുടെ ജീവിതാന്തസിന് ചേരാത്ത കാര്യങ്ങളിൽ നിന്നും അകന്നിരിക്കാൻ മനഃപൂർവ്വമായ പരിശ്രമം ഉണ്ടാകണം.

പ്രായപൂർത്തിയാകാത്തവരെയും എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ള മുതിർന്നവരെയും ലൈംഗികമായി പീഢിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കാൻ ആവശ്യമായ നിയമങ്ങൾ സഭയിലും രാജ്യത്തിലും എല്ലാം നിർമ്മിച്ചിട്ടുണ്ട് എന്ന് പറഞ്ഞല്ലോ. അതുപോലെ തന്നെ അത്തരം കുറ്റങ്ങൾക്കെതിരെ നടപടിയെടുക്കാത്ത അധികാരികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള നിയമങ്ങളും ഉണ്ട്. തദനുസാരം 2015 ഒക്ടോബർ 1 ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സി.ബി.സി.ഐ.) ഇത് സംബന്ധമായി ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അവ നടപ്പാക്കേണ്ടിയിരുന്നത് പ്രാദേശിക മെത്രാൻ സമിതികളുടെ നേതൃത്വത്തിലായിരുന്നു. അതിനായി കേരള കത്തോലിക്ക മെത്രാൻ സമിതി (കെ.സി.ബി.സി.) നിയമവിദഗ്ദരുടെ സഹായത്തോടെ – KCBC Guidelines for Safe Environment Programme for Church Personnel connected with Institutions where minor or vulnerable adults are given particular care-

പ്രായപൂർത്തിയാകാത്തവർക്കും എളുപ്പം പീഡിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ള മുതിർന്നവർക്കും പ്രത്യേക സംരക്ഷണം നൽകുന്ന സ്ഥാപനങ്ങളോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സഭാശുശ്രൂഷകർക്ക് വേണ്ടിയുള്ള സുരക്ഷിതസാഹചര്യ മാർഗ്ഗനിർദ്ദേശങ്ങൾ എന്ന പേരിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ 2018 ജൂൺ 2 ന് പുറപ്പെടുവിച്ചു.

ആ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാകണമെങ്കിൽ ഓരോ വ്യക്തിഗത സഭയും അല്ലെങ്കിൽ രൂപതയും തങ്ങൾക്കുള്ള നിയമ നിർമ്മാണ അധികാരമുപയോഗിച്ച് അവ പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട്. അതിൻ പ്രകാരം 2019 മാർച്ച് 1 മുതൽ കേരളത്തിലുള്ള എല്ലാ സീറോ മലബാർ രൂപതകളിലും പ്രാബല്യ ത്തിൽ വരുത്തിക്കൊണ്ട് സീറോ മലബാർ സഭയുടെ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് ഡിക്രി പുറപ്പെടുവിച്ചിട്ടുണ്ട്. അന്ന് മുതൽ അവ മാനന്തവാടി രൂപതയിലും പ്രാബല്യത്തിൽ വരുന്നതാണ്. എങ്കിലും നടപ്പിലാക്കാൻ ആവശ്യമായ നടപടിക്രമങ്ങളും (റൂൾസ്) ഭൗതികസാഹചര്യങ്ങളും ഒരുക്കാൻ സമയം ആവശ്യമുള്ളതിനാൽ നമ്മുടെ രൂപതയിൽ കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങൾ 2019 ഏപ്രിൽ 1 മുതൽ മാത്രമേ പൂർണ്ണമായതോതിൽ നടപ്പിൽ വരുകയുള്ളു.

2019 ഏപ്രിൽ ഒന്നു മുതൽ നമ്മുടെ രൂപതയിൽ സഭാശുശ്രൂഷ കർക്കെതിരെയുള്ള ലൈംഗികപീഢനപരാതികളും അതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങളിൽ കുറ്റകൃത്യമായി കണക്കാക്കപ്പെട്ടിരിക്കുന്ന എല്ലാത്തരം നിയമലംഘനങ്ങളും കൈകാര്യം ചെയ്യുന്നത് അതിനുവേണ്ടി നിയമിക്കപ്പെടുന്ന Diocesan Safe Environment Director എന്ന വ്യക്തിയും Diocesan Safe Environment Committee എന്ന സമിതിയുമായിരിക്കും. പരാതികൾ Diocesan Safe Environment Director ക്കാണ് നൽകേണ്ടത്. അദ്ദേഹത്തെ തന്നെയാണ് പരാതി അഭിസംബോധന ചെയ്യേണ്ടതും. രൂപതാദ്ധ്യക്ഷൻ പരാതികൾ സ്വീകരിക്കുകയോ അക്കാര്യത്തിൽ നേരിട്ട് ഇടപെടുകയോ ചെയ്യുന്നതല്ല. താഴെപ്പറയുന്ന വിലാസത്തിൽ പരാതികൾ അയയ്ക്കുകയോ നേരിട്ട് നൽകുകയോ ചെയ്യാവുന്നതാണ്. Diocesan Safe Environment Director, Pastoral Centre, Dwaraka, Nalloornadu.P.O., Mananthavady 670 645.

പരാതികൾ വെള്ളക്കടലാസ്സിൽ എഴുതി ഒപ്പിട്ട് രണ്ട് പകർപ്പു കൾ സമർപ്പിക്കേണ്ടതാണ്. പരാതിപ്പെടുന്നയാളിന്റെ പേര്, മുഴുവൻ മേൽവിലാസം, മൊബൈൽ നമ്പർ, ഈമെയിൽ വിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ ഉണ്ടെങ്കിൽ അവ പരാതിയിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സാക്ഷികളുടെ പേരുകൾ ഉണ്ടെങ്കിൽ

അവരുടെ പേരും മേൽവിലാസവും ഫോൺ നമ്പറും എല്ലാം രേഖപ്പെടുത്തണം. ഊമക്കത്തുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ പ്രയാസമുണ്ടാകും എന്നോർമ്മിപ്പിക്കട്ടെ.

പരാതികൾ ബാലലൈംഗികപീഢനവുമായി ബന്ധപ്പെട്ടതാണെങ്കിൽ മറ്റ് അറിയിപ്പൊന്നും കൂടാതെ അവ പോലീസിന് കൈമാറുന്നതാണ്. ബാക്കി കാര്യങ്ങൾ അവരായിരിക്കും ചെയ്യുന്നത്. കാരണം Protection of Children against Sexual Offence - POCSO എന്ന നിയമമനുസരിച്ച് അത്തരം കുറ്റകൃത്യങ്ങൾ നടന്നെന്നോ നടക്കാൻ സാധ്യതയുണ്ടെന്നോ അറിയുന്നവർ പോലീസിനെ അറിയിച്ചിരിക്കണം. എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ള മുതിർന്നവർക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെടുന്ന പരാതികളും ഇപ്രകാരം തന്നെയായിരിക്കും കൈകാര്യം ചെയ്യപ്പെടുന്നത്. എന്നാൽ മേൽപ്പറഞ്ഞ രണ്ട് വിഭാഗത്തിലുംപെടാത്തവർക്കെതിരെയുള്ള പീഢനപരാതികൾ ബന്ധപ്പെട്ട വ്യക്തികൾ ആവശ്യപ്പെട്ടാൽ മാത്രമേ പോലീസിന് കൈമാറുകയുള്ളു. അല്ലാത്ത പക്ഷം മേൽപ്പറഞ്ഞ കമ്മിറ്റി തന്നെ അത് അന്വേഷിച്ച് തീർപ്പാക്കുന്നതായിരിക്കും.

പതിനെട്ട് വയസ്സ് പൂർത്തിയാകാത്തവരാണ് പ്രായപൂർത്തിയാകാത്തവർ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ളവർ എന്ന പദമാകട്ടെ താൽക്കാലികമോ സ്ഥിരമോ ആയ ഏതെങ്കിലും കാരണത്താൽ മാനസ്സികമോ വൈകാരികമോ ശാരീരികമോ ആയ വൈകല്യങ്ങൾ അനുഭവിക്കുന്നവരാണ്. കുമ്പസാരത്തിനും കൗൺസിലിംഗിനും മറ്റും വരുന്നവർ പോലും ഈ ഗണത്തിൽ പരിഗണിക്കപ്പെടും എന്നത് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. അതുപോലെ തന്നെ ഏതെങ്കിലും തരത്തിലുള്ള അധികാരത്തിൻ കീഴിൽ വരുന്നവർ എല്ലാം ആ അധികാരിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ളവരാണ്.

സഭാശുശ്രൂഷകർ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് മെത്രാന്മാരും, വൈദികരും, സ്ത്രീപുരുഷന്മാരായ എല്ലാ സന്യസ്തരും, സെമിനാരി വിദ്യാർത്ഥികളും, ഇടവകകളും സഭാസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരും വേതനം പറ്റുന്നവരുമായ എല്ലാ അൽമായരുമാണ്. കൈക്കാരന്മാർ, കമ്മിറ്റിക്കാർ, അക്കൗണ്ടന്റ്, സെക്രട്ടറി, അൾത്താരശുശ്രൂഷി, മതാദ്ധ്യാപകർ, തുടങ്ങിയവർ എല്ലാം സഭാശുശ്രൂഷകരുടെ ഗണത്തിൽപെടുന്നു. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുയരുന്ന

പരാതികൾ അതാത് സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്. കാരണം പല തരത്തിലുള്ള സർക്കാർ നിയമങ്ങൾ അവർ പാലിക്കേണ്ടതുണ്ട്.

ലൈംഗികപീഢനം എന്ന വാക്കിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് പോക്സോ നിയമത്തിൽ നിർവ്വചിച്ചിട്ടുണ്ട്. അവ തന്നെയാണ് കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങളിലും സ്വീകരിച്ചിരിക്കുന്നത്. അവയ്ക്ക് പുറമെ കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന മറ്റ് കുറ്റകൃത്യങ്ങളും ഉൾപ്പെടുന്നു. അതായത് കേവലം ശാരീരികമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് മാത്രമല്ല ലൈംഗിക പീഢനം. ശാരീരികവും മാനസികവും വാചികവും അല്ലാത്തതുമായ എല്ലാത്തരം പീഢനങ്ങളും ചൂഷണവും ദുരുപയോഗവും ഈ ഗണത്തിൽ പെടും. കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങളിൽ ആർട്ടിക്കിൾ V 1 മുതൽ 16 വരെയുള്ള നമ്പറുകളിൽ അത്തരം പ്രവൃത്തികൾ വിശദമാക്കിയിട്ടുണ്ട്. പ്രധാനമായും ഇടവക വൈദികർ ചെയ്യേണ്ടതോ ചെയ്യാൻ പാടില്ലാത്തതോ ആയ കാര്യങ്ങളെയാണ് അവിടെ പരാമർശിക്കുന്നത്. എങ്കിലും സമാന സാഹചര്യങ്ങളിൽ മറ്റുള്ളവർക്കും അത് ബാധകമാണ്.

മേൽപ്പറഞ്ഞ എല്ലാ സഭാശുശ്രൂഷകരും എല്ലാ വർഷവും ഒരു നിശ്ചിത സമയം ഈ മാർഗ്ഗനിർദ്ദേശങ്ങളിലും അനുബന്ധ നിയമങ്ങളിലും പരിശീലനം നേടേണ്ടതും രൂപതയിൽ നിന്ന് കൊടുക്കുന്ന സർട്ടിഫിക്കറ്റ് നേടേണ്ടതുമാണ്. അല്ലാത്തവരെ ശുശ്രൂഷാരംഗത്ത് നിന്ന് അപ്രകാരം ചെയ്യുന്നതു വരെ മാറ്റി നിർത്തുന്നതാണ്. പരിശീലനം നടത്തുന്നതിനുള്ള ചുമതല Diocesan Safe Environment Director ക്കും Safe Environment Committee ക്കുമായിരിക്കും. അവരുടെ നിർദ്ദേശം എല്ലാവരും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

എല്ലാ സഭാശുശ്രൂഷകരും നിർബന്ധമായും, മറ്റ് സഭാംഗങ്ങൾ കഴിവുള്ളിടത്തോളവും, കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങളും അവയ്ക്ക് ആധാരമായ നിയമങ്ങളും വായിച്ച് പഠിക്കുകയും മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു പകർപ്പ് കൈവശം സൂക്ഷിക്കുകയും കൃത്യമായി അവയിലെ വ്യവസ്ഥകൾ പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടതാണ്. അറിവും അവബോധവും ഉണ്ടായാലേ വ്യക്തികൾ ശാക്തീകരിക്കപ്പെടുകയും പീഢനശ്രമങ്ങളെ പ്രതിരോധിക്കാൻ ശക്തിയുള്ളവരാകുകയും ചെയ്യുകയുള്ളു. പീഢനം നടന്നാൽ ഉടൻ ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കുകയും ചെയ്യണം.

അതുപോലെ തന്നെ കുട്ടികളെയും ശാക്തീകരിക്കേണ്ടതുണ്ട്. ലൈംഗികച്ചുവയോടെയുള്ള പ്രവൃത്തികളെ തിരിച്ചറിയാനും ഉടൻ

തന്നെ മാതാപിതാക്കളെ അറിയിക്കാനും അവരെ പ്രാപ്തരാക്കണം. കേവലം ചില ശിക്ഷാനടപടികൾ കൊണ്ട് കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാം എന്ന് വിചാരിക്കുന്നത് മൗഢ്യമായിരിക്കുമല്ലോ.

പുരുഷാധിപത്യം നിലനില്ക്കുന്ന നമ്മുടെ പൊതുസമൂഹത്തിന്റെ തന്നെ ഭാഗമായതിനാൽ സഭയിലും ഇത്തരത്തിലുള്ള സ്ഥിതി നിലവിലുണ്ട് എന്ന വസ്തുത നമ്മൾ അംഗീകരിക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട സമർപ്പിതസഹോദരിമാരുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിഷയങ്ങൾ ഏറെയും ഈ സ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ സഭയിലും സമൂഹത്തിലും സ്ത്രീക്ക് തുല്യ പ്രാധാന്യവും സ്ഥാനവും ഉണ്ടെന്ന വസ്തുത വിശുദ്ധ ഗ്രന്ഥത്തിലും സഭാപ്രബോധനങ്ങളിലും കാണാവുന്നതാണ്. അവർ രണ്ടാംകിട പൗരരായി കണക്കാക്കേണ്ടവരല്ല. സി.ബി.സി.ഐ., കെ.സി.ബി.സി. എന്നീ സമിതികൾ പുറത്തിറക്കിയിട്ടുള്ള ലിംഗസമത്വരേഖകളും ജോലി സ്ഥലത്ത് സ്ത്രീകൾക്കു നേരേ ഉണ്ടാകുന്ന പീഢനങ്ങൾ കൈകാര്യം ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, എല്ലാ സഭാശുശ്രൂഷകരും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട സമർപ്പിതസഹോദരിമാരും വായിച്ച് സ്വയം അവബോധം ഉള്ളവരാകുകയും സമൂഹങ്ങളിൽ അംഗങ്ങളാകാൻ വരുന്ന കുട്ടികളെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതല്ലെങ്കിൽ ഇപ്പോൾ നിലവിലിരിക്കുന്ന മനോഭാവങ്ങൾ അങ്ങനെ തന്നെ തുടരുകയേയുള്ളു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 ഫെബ്രുവരി 20 ന് നൽകപ്പെട്ടത്.

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:1. ബഹുമാനപ്പെട്ട വൈദികർ ഈ സർക്കുലർ മാർച്ച് മാസം 17-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

**2. കുടുംബക്കൂട്ടായ്മാ യോഗങ്ങളിൽ ബഹുമാനപ്പെട്ട ഭാരവാഹികൾ ഈ സർക്കുലർ വായിച്ച് ആവശ്യമായ വിശദീകരണങ്ങൾ കൊടുക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 05/2019*
*Prot. No. 21688/2019*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കുട്ടികളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ദിവസങ്ങളാണ് വരുന്നത്. കാരണം ഒരു വിദ്യാഭ്യാസവർഷം കൂടി അവസാനിക്കാൻ പോകുകയാണ്. അധികം താമസിയാതെ തന്നെ അവർക്ക് വാർഷികപ്പരീക്ഷയും ആരംഭിക്കും. പിന്നെ നീണ്ട അവധിക്കാലമാണ്. അതോടൊപ്പം അവരുടെ ഭാവിപഠനത്തെപ്പറ്റി ചിന്തിച്ച് മാതാപിതാക്കൾ ആകുലപ്പെടാനും തുടങ്ങും. കുട്ടികൾക്കെല്ലാവർക്കും പരീക്ഷകളിൽ ഉന്നതവിജയം നേടാൻ കഴിയട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരീക്ഷപ്പേടിയെപ്പറ്റി ഒരുപാട് പറഞ്ഞു കേൾക്കാറുണ്ട്. പരീക്ഷകൾ എന്നും എല്ലാക്കാലത്തും കുട്ടികൾക്ക് പരീക്ഷണകാലഘട്ടം തന്നെയാണ്. എന്നാൽ സമയാസമയങ്ങളിൽ വേണ്ടതുപോലെ ക്രമമായി പഠിച്ച് വന്നവർക്ക് അങ്ങനെ തോന്നേണ്ട കാര്യമില്ല. പരീക്ഷക്ക് മുമ്പുള്ള ദിവസങ്ങളിൽ മനസ്സ് ശാന്തമാക്കി പഠിച്ച കാര്യങ്ങൾ മനസ്സിൽ വീണ്ടും വീണ്ടും ഓർത്ത് നോക്കി മറന്നുപോയവ പുസ്തകത്തിൽ നോക്കി മനസ്സിരുത്തി വായിച്ച് വീണ്ടും മനസ്സിലേക്ക് കൊണ്ടുവന്നും മറ്റും പഠിച്ചാൽ കാര്യങ്ങൾ എളുപ്പമാകും.

അങ്ങനെയൊക്കെ എഴുതണമെങ്കിൽ മനസ്സ് ശാന്തമാകണം എന്ന് പറഞ്ഞല്ലോ. അതിനുള്ള മാർഗ്ഗം നമ്മുടെ ഭാഗം നമ്മൾ ചെയ്താൽ ബാക്കി ദൈവം ചെയ്തുകൊള്ളും എന്ന വിശ്വാസം മനസ്സിൽ ഉറപ്പിക്കുകയാണ്. അതൊരു അന്ധവിശ്വാസമൊന്നുമല്ല. സത്യമായും ദൈവം നമ്മെ സഹായിക്കും. ആരെങ്കിലും സഹായിക്കാൻ ഉണ്ട് എന്ന ഉറപ്പുള്ളപ്പോൾ മനസ്സ് തനിയെ ശാന്തമാകുമല്ലോ. ശാന്തമായ മനസ്സിൽ പഠിച്ച കാര്യങ്ങൾ ഓർത്തെടുക്കാനും എളുപ്പമാണ്.

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഇനി വരുന്ന ഏതാനും മാസങ്ങൾ വളരെ പ്രധാനപ്പെട്ടതാണല്ലോ. മുന്നോട്ടുള്ള വഴി ഏതെന്ന് തീരുമാനിക്കുന്ന

സമയമാണിത്. ഓരോരുത്തരുടെയും അഭിരുചി മനസ്സിലാക്കി അതിനനുസരിച്ചുള്ള പഠനവഴികളാണ് തെരഞ്ഞെടുക്കേണ്ടത് എന്ന് പ്രത്യേകം പറയേണ്ടതില്ല. മാതാപിതാക്കളുടെയും മറ്റും നിർബന്ധത്തിന് വഴങ്ങി ഇഷ്ടമില്ലാത്ത പഠനവഴികൾ തെരഞ്ഞെടുത്താൽ പാതി വഴിയിൽ പഠനം നിർത്താൻ പ്രേരിതരായേക്കാം എന്ന കാര്യം മാതാപിതാക്കളും ഓർക്കേണ്ടതുണ്ട്. എല്ലാവർക്കും മെഡിസിനും എൻജിനീയറിംഗും നേഴ്സിംഗും വഴങ്ങുകയില്ല എന്നത് വ്യക്തമാണ്. മറ്റ് ധാരാളം ജോലിസാദ്ധ്യതകൾ ഇന്ത്യയിൽ തന്നെയുണ്ട്. അന്വേഷിച്ചാൽ കണ്ടെത്താവുന്നതേയുള്ളു.

ഡിഗ്രി പഠനത്തോടൊപ്പം ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. തുടങ്ങിയ മത്സരപരീക്ഷകൾക്കും ഒരുങ്ങാവുന്നതാണ്. വലിയ ബുദ്ധിമതികൾക്കേ അതിലെല്ലാം വിജയിക്കാൻ കഴിയുകയുള്ളു എന്ന ചിന്ത അസ്ഥാനത്താണ്. സ്ഥിരോത്സാഹവും ക്രമമായ പഠനശീലവും ഉള്ള ഒട്ടുമിക്കവർക്കും ആ പരീക്ഷകളിൽ ജയിക്കാൻ കഴിയും. അവയിലൂടെയൊക്കെ കടന്നു വരുന്നവരാണ് ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നതും നാടിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതും രാജ്യത്തിന്റെ വിദേശനയം തീരുമാനിക്കുന്നതും. അഴിമതിയെപ്പറ്റിയും കൈക്കൂലിയെപ്പറ്റിയും സ്വജനപക്ഷപാതത്തെപ്പറ്റിയും എല്ലാം പരാതി പറയുന്നതിനപ്പുറം അങ്ങനെയുള്ള ഉദ്യോഗസ്ഥ മേഖലകളിലേക്ക് കടന്നു ചെന്ന് അവയെ ശുദ്ധീകരിക്കാൻ നമ്മുടെ കുട്ടികളെ മാതാപിതാക്കൾ ഒരുക്കണം.

ഈ സമയം നമ്മുടെ സഭാശുശ്രൂഷകരെപ്പറ്റിയും ഓർക്കേണ്ടതുണ്ട്. ഒട്ടുമിക്ക കാര്യങ്ങളിലും വൈദികരുടെയും സമർപ്പിതരുടേയും മറ്റും നേതൃത്വം നമ്മൾ ആഗ്രഹിക്കാറുണ്ടല്ലോ. കാറ്റിലും കോളിലുമെല്ലാം സഭയ്ക്ക് ആത്മീയനേതൃത്വം മാത്രമല്ല ഭൗതികനേതൃത്വവും കൊടുത്തുകൊണ്ടിരിക്കുന്നത് പലപ്പോഴും അവർ തന്നെയാണ്. കുടിയേറ്റത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ അവരുടെ നേതൃത്വം ഇല്ലായിരുങ്കിൽ ഇന്നു കുടിയേറ്റ മേഖലകളിൽ കാണുന്ന പുരോഗതി ഇനിയും ഏറെ അകലെയായിരുന്നേനെ എന്നത് വസ്തുത മാത്രമാണ്. എന്നാൽ ഭൗതികതലത്തിൽ അവരുടെ പങ്കാളിത്തം കാലക്രമേണ കുറഞ്ഞു വരും എന്നത് ഊഹിക്കാവുന്ന കാര്യമാണ്.

എന്നാൽ ആത്മീയ നേതൃത്വം കൊടുക്കാൻ ഇനിയും ആളുകൾ ഉണ്ടാകണം. മാത്രമല്ല ആത്മീയദാരിദ്ര്യം ഇനി കൂടി വരുകയും ചെയ്യും.

കാരണം മാറി വരുന്ന സാഹചര്യങ്ങളിൽ ആത്മീയമായി പിടിച്ചു നിൽക്കുക വളരെ പ്രയാസമാണ്. അതിനാൽ വൈദികസമർപ്പിത ജീവിതങ്ങളിലേയ്ക്ക് കടന്നു ചെല്ലാനും യുവതീയുവാക്കൾ തയ്യാറാകണം. നമ്മുടെ നാട്ടിൽ മാത്രമല്ല അന്യനാടുകളിലേക്കും പോകാൻ ആളുകളുണ്ടാകണം. വി.പൗലോസ് ശ്ലീഹാ പറയുന്നതു പോലെ ക്രിസ്തുവിന്റെ സ്നേഹം അതിന് നമ്മെ നിർബന്ധിക്കുന്നു. നമ്മുടെ വിശ്വാസം കേവലം ചില ഭക്തകൃത്യങ്ങളിൽ ഒതുങ്ങുന്നതാണെങ്കിൽ കർത്താവിന്റെ സ്നേഹമൊന്നും നമുക്ക് അനുഭവപ്പെടാൻ പോകുന്നില്ല എന്നതും വസ്തുതയാണ്. വിശ്വാസം സംരക്ഷിക്കാൻ രക്തസാക്ഷിത്വം പോലും വരിച്ചവരും ഇന്നും അത്തരം പീഢനങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നവരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലക്ഷക്കണക്കിനുണ്ട്. നമുക്കും അവനോട് കൂടെ പോയി മരിക്കാം എന്ന് ഉദ്ഘോഷിച്ച വി. തോമാശ്ലീഹായുടെ കൈകളിൽ നിന്നാണല്ലോ നമ്മളുടെ പൂർവികർ വിശ്വാസം സ്വീകരിച്ചത്. ആ സാഹസികത നമ്മിലും ഉണ്ടാകട്ടെ.

ഈയടുത്ത കാലത്തായി വൈദികസമർപ്പിത ജീവിതത്തിൽ ഉള്ളവരെ ഉൾപ്പെടുത്തി നമ്മുടെ ചുറ്റും നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ നമ്മുടെ വിശ്വാസജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ട് എന്ന വസ്തുത ഞാൻ മനസ്സിലാക്കുന്നു. അതിനുള്ള പ്രതിവിധി ആ ജീവിതങ്ങളിലേക്ക് ആരും കടന്നു പോകാതിരിക്കുക എന്നതല്ല, പ്രത്യുത ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് ക്രിസ്തുവിന്റെ സന്ദേശം സത്യസന്ധമായി ആ ജീവിതാന്തസ്സുകളിൽ ജീവിക്കുക എന്നതാണ്. അതേസമയം നമ്മൾ ഓർക്കേണ്ട ഒരു പ്രധാന കാര്യം നമ്മൾ മാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതല്ല ക്രിസ്തുവിന്റെ സന്ദേശം എന്നതാണ്.

സാംസ്കാരികവും ബൗദ്ധികവും വിദ്യാഭ്യാസപരവും സാമ്പത്തികവും നേതൃത്വപരവും ആയ എല്ലാ തലങ്ങളിലും വളരെയധികം ഉയർന്ന ഒരു സമൂഹത്തെ നയിക്കണമെങ്കിൽ അതിന് ചേർന്ന കഴിവുള്ള നേതൃത്വവും ഉണ്ടാകണം. അതല്ലെങ്കിൽ അവർ സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല ക്രിയാത്മകമായി ഒന്നും ചെയ്യാനും കഴിയില്ല. അത്തരത്തിലുള്ള യുവതീയുവാക്കളാണ് വൈദികസന്യസ്ത ജീവിതാന്തസ്സുകളിലേക്ക് കടന്നു വരേണ്ടത്.

മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് ഈ രൂപതയിൽ ആത്മീയശുശ്രൂഷ നടത്താൻ ആഗ്രഹിക്കുന്നവർ അപേക്ഷ

അയയ്ക്കേണ്ട സമയമാണിത്. പത്താം ക്ലാസ്, പ്ലസ് ടു, അല്ലെങ്കിൽ ഉപരിപഠനം പൂർത്തിയാക്കിയവരും ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നവരും ഈ ജീവിതത്തിന് താത്പര്യമുള്ളവരും നല്ല നേതൃത്വവാസനയുള്ളവരും ആയ ആൺകുട്ടികൾക്ക് അപേക്ഷിക്കാം. അപേക്ഷകരിൽ നിന്ന് പരീക്ഷകളിൽ ജയിക്കുന്നവരെ പിന്നീട് സെമിനാരിയിൽ വന്ന് താമസിച്ച് ഇവിടുത്തെ ജീവിതം നേരിൽ കാണാനും അതിന് ശേഷം ഇന്റർവ്യൂവിനും ക്ഷണിക്കുന്നതാണ്. ഈ രൂപതയ്ക്ക് വേണ്ടി മാത്രമല്ല മറ്റ് മിഷൻ രൂപതകളിലും ചേരാൻ താത്പര്യമുള്ളവർ അക്കാര്യം അറിയിച്ചാൽ വേണ്ട സഹായം ചെയ്യുന്നതാണ്. താത്പര്യമുള്ളവർ എത്രയും വേഗം താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക: Rev. Fr. Retcor, Mount Mary College, Mananthavady 670 645. Mobile: 8078008264, Whatsapp: 9447882293. E-mail : frselemkunnel@gmail.com, bigielen@gmail.com അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കിയാൽ മതിയാകും. അപേക്ഷിക്കുന്നതിന് മുമ്പ് നിങ്ങളുടെ ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്റെ ഉപദേശവും സഹായവും തേടുന്നത് ഉചിതമായിരിക്കും.

മറ്റ് രൂപതകളിലേക്കും സമർപ്പിത സമൂഹങ്ങളിലേക്കും പോകുന്ന എല്ലാ കുട്ടികളും അതിനു മുമ്പായി നമ്മുടെ മൈനർ സെമിനാരിയിൽ പ്രവർത്തിക്കുന്ന വൊക്കേഷൻ ബ്യൂറോയിൽ വിവരം അറിയിക്കാൻ ശ്രദ്ധിക്കണേ. പോകുന്നവരുടെ എണ്ണവും വിശദാംശങ്ങളും അറിയാൻ വേണ്ടിയാണത്. അതുപോലെ തന്നെ നിങ്ങളുടെ വികാരിയച്ചന്മാരുടെ പൂർണ്ണമായ അറിവും ഇക്കാര്യത്തിൽ ഉണ്ടാകണം. ചുരുക്കമായെങ്കിലും കുട്ടികൾക്കും മാതാപിതാക്കൾക്കും അബദ്ധം പറ്റുന്ന സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടതുകൊണ്ടാണ് അപ്രകാരം ആവശ്യപ്പെടുന്നത്.

പെൺകുട്ടികൾക്കായി രൂപതാകേന്ദ്രത്തിൽ നിന്ന് പൊതുവായ ക്യാമ്പുകൾ നടത്തുന്നില്ല. ഓരോ സമൂഹത്തിനും ഇക്കാര്യത്തിൽ അവരുടെ യുക്തം പോലെ ചെയ്യാവുന്നതാണ്. എങ്കിലും ഇടവകകളിൽ നിന്ന് കുട്ടികളെ ക്യാമ്പിന് കൊണ്ടുപോകുമ്പോൾ ബഹുമാനപ്പെട്ട ഇടവകവികാരിമാരുടെ മുന്നറിവ് ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും സമൂഹത്തിലേക്ക് പ്രവേശനം കൊടുക്കുന്നതിന് മുമ്പായി സമൂഹാധികാരികൾ ആ കുട്ടികളെപ്പറ്റിയും അവരുടെ കുടുംബ പശ്ചാത്തലത്തെ പറ്റിയും ബഹുമാനപ്പെട്ട വികാരിമാരിൽ നിന്ന് വ്യക്തമായ ഒരു റിപ്പോർട്ട് ചോദിക്കുന്നതും അതിന്റെ പശ്ചാത്തലത്തിൽ പ്രവേശനം കൊടുക്കുന്നതും ഭാവിപ്രശ്നങ്ങൾ ഒഴിവാക്കാൻ ഉപകരിക്കും. മുകളിൽ

സൂചിപ്പിച്ചതുപോലെ രൂപതയ്ക്ക് പുറത്തുള്ള സമൂഹങ്ങളിൽ പ്രവേശിക്കുന്നവർ വൊക്കേഷൻ ബ്യൂറോയിൽ അറിയിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസേന്തിയച്ചന്മാരും ഈ സർക്കുലറിന്റെ ഉള്ളടക്കം മാതാപിതാക്കളുടെയും കുട്ടികളുടെയും ശ്രദ്ധയിൽ പെടുത്താൻ ശ്രദ്ധിക്കണെ. അവർക്ക് ആവശ്യമുള്ള വിശദീകരണങ്ങളും മറ്റും കൊടുക്കാനും ശ്രമിക്കുമല്ലോ. നിങ്ങൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2019 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB: ഈ സർക്കുലർ മാർച്ച് മാസം 24-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

**Jose Porunnedom**
**Bishop of Manathavady**

Prot. No. 21508/2019

## വാളേരി സെന്റ് അൽഫോൻസ സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, വാളേരി സെന്റ് അൽഫോൻസ സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

കല്ലോടി ഇടവകയിൽ 2008-ൽ ചേർന്ന പൊതുയോഗത്തിൽ കല്ലോടി പള്ളിയിൽ നിന്നും ഏകദേശം 5 കിലോമീറ്റർ അകലെ കുനിക്കരച്ചാൽ എന്ന സ്ഥലത്ത്, ഒരു ദേവാലയം പണിയാൻ തീരുമാനിച്ചു. ശ്രീ. ജോസ് പിണക്കാട്ടുപറമ്പിൽ ദാനം ചെയ്ത അരസെന്റ് സ്ഥലത്ത് നിലവിൽ ഒരു കുരിശ്ശടി ഉണ്ടെന്നതും ശ്രീ. സേവ്യർ പിച്ചാപ്പള്ളിൽ 40 വർഷങ്ങൾക്ക് മുൻപ് ദാനമായി നൽകിയ 5 സെന്റ് സ്ഥലം ഉണ്ടെന്നതും കണക്കിലെടുത്ത് അവിടെ ഒരു കുരിശുപള്ളി നിർമ്മിച്ച് ഞായറാഴ്ച കുർബാനയ്ക്ക് ആവശ്യമായ ക്രമീകരണം ഒരുക്കണം എന്നുള്ള ആ പ്രദേശത്തുകാരുടെ അപേക്ഷ പരിഗണിച്ചുകൊണ്ടാണ് കല്ലോടിയിലെ വികാരിയായിരുന്ന ബഹു. ഉണ്ണിപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ ചേർന്ന പൊതുയോഗം ഈ തീരുമാനം എടുത്തത്. എന്നാൽ പ്രായോഗികമായ പരിമിതകൾ ധാരാളം നിലനിന്നിരുന്നതുകൊണ്ട് ആ തീരുമാനം രൂപതാ കേന്ദ്രത്തിൽ നിന്നും അംഗീകരിക്കപ്പെട്ടില്ല (Prot.No.P.18008)

പിന്നീട് ബഹു. ജോർജ്ജ് മമ്പള്ളിൽ അച്ചന് കല്ലോടി പള്ളിയിൽ വികാരിയായി വന്നതിനുശേഷം 2009 ഒക്ടോബർ മാസം കുനിക്കരച്ചാൽ കുരിശ്ശടിയിലെ പത്ത് ദിവസത്തെ കൊന്തസമാപന അവസരത്തിൽ കല്ലോടി ഇടവകയിലെ വാളേരി 1,2,3 വാർഡുകാർ വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ ഒരു കുരിശുപള്ളിയ്ക്കാവശ്യമായ സ്ഥലം വാങ്ങിക്കുവാൻ ബഹു. വികാരിയച്ചനെ ചുമതലപ്പെടുത്തുകയും പള്ളിനിർമ്മാണ കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രസിഡന്റായി ശ്രീ. ജെയിംസ് മാറാച്ചേരി, സെക്രട്ടറിയായി ശ്രീ. ബേബി കണിയാംപറമ്പിൽ എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് കുനിക്കരച്ചാൽ കുരിശ്ശടിയുടെ മുകൾഭാഗത്തായി വിവിധ വ്യക്തികളിൽ നിന്നായി ഒരേക്കർ അറുപത് സെന്റ് സ്ഥലം വാങ്ങിച്ചു. പ്രസ്തുത സ്ഥലത്ത് 2011 നവംബർ 26 ന് ദേവാലയത്തിന്റെ ശിലാസ്ഥാപനം ഞാൻ നിർവ്വഹിച്ചു. നിർമ്മാണം പൂർത്തിയാക്കിയ

കുരിശുപള്ളി 2013 മെയ് മാസം 19-ാം തീയതി കൂദാശചെയ്യുകയും കല്ലോടി സെന്റ് ജോർജ് ഇടവകയുടെ കീഴിൽ വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള ആശ്രിത കുരിശുപള്ളിയായി പ്രഖ്യാപിക്കുകയും ചെയ്തു. (Prot.No. 13792/2013). പുതിയതായി നിർമ്മിച്ച സൺഡെസ്കൂളിന്റെ വെഞ്ചരിപ്പ് കർമ്മവും അന്നുതന്നെ നിർവ്വഹിക്കപ്പെട്ടു.

തുടർന്ന് എല്ലാ ഞായറാഴ്ചകളിലും പ്രധാന തിരുനാൾ ദിനങ്ങളിലും വി.കുർബാനയും, ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ വി.കുർബാനയും, വി. അൽഫോൻസാമ്മയുടെയും ഉണ്ണീശോയുടെയും നിത്യസഹായമാതാവിന്റെയും നൊവേനയും യഥാക്രമം നടത്തിവരുന്നു. 2013 അധ്യയന വർഷത്തിൽ 1 മുതൽ 12 വരെ മതബോധന ക്ലാസുകളും ആരംഭിച്ചു. കല്ലോടിയിലെ ബഹു. വികാരിയച്ചനും അസിസ്റ്റന്റ് വികാരിമാരുമാണ് ഈ ആശ്രിത കുരിശുപള്ളിയിലെ അജപാലനപരമായ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. 2014 മെയ് 18-ാം തീയതി ബഹു. മമ്പള്ളിയച്ചൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച സാഹചര്യത്തിൽ കല്ലോടി ഇടവകയുടെ വികാരിയായി ബഹു. ജോസ് കൊച്ചറയ്ക്കലച്ചനെ നിയമിച്ചതോടൊപ്പം വാളേരി ആശ്രിത കുരിശുപള്ളിയുടെ പ്രത്യേക ഉത്തരവാദിത്വം അസിസ്റ്റന്റ് വികാരി ബഹു. മനോജ് കവലക്കാടൻ അച്ചന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഇടവക വികാരി ബഹു. ജോസ് കൊച്ചറയ്ക്കലച്ചന്റെയും ബഹു. മനോജ് കവലക്കാടൻ അച്ചന്റെയും അക്ഷീണ പരിശ്രമത്താലും ഇടവകാംഗങ്ങളുടെ പൂർണ്ണമായ സഹകരണത്താലും പള്ളിയിലേയ്ക്കുള്ള റോഡ് ടാറ് ചെയ്തു. വാർഡ് പ്രാർത്ഥനകളും സംഘടനാ പ്രവർത്തനങ്ങളും നല്ല നിലയിൽ നടന്നുവരുന്നു. ആശ്രിത കുരിശുപള്ളിയുടെ പരിധിയിൽ നിന്നുകൊണ്ട് എന്നാൽ ഒരിടവകയ്ക്ക് സമാനമായി പൊതുയോഗങ്ങളും പാരീഷ് കൗൺസിൽ യോഗങ്ങളും ചേരുകയും ആ അവസരത്തിൽ തന്നെ സെമിത്തേരി നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

2015 ഓഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച ഞാൻ ഈ കുരിശുപള്ളിയിൽ ഇടയസന്ദർശനം നടത്തുകയും ഇവിടുത്തെ സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തശേഷം ഇവിടുത്തെ ഭക്തസംഘടനകളെ സ്വതന്ത്ര യൂണിറ്റുകളാക്കുന്നതിനുള്ള അനുവാദം നൽകി. ഇപ്പോൾ തിരുബാലസഖ്യം (Holy Childhood.), ചെറുപുഷ്പ മിഷൻലീഗ് (CML), കേരള കാത്തലിക്ക് യൂത്ത്മൂവ്മെന്റ് (KCYM), സീറോമലബാർ മാതൃവേദി, സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ (SVDP), എന്നീ സംഘടനകൾ ഇവിടെ സജീവമായി പ്രവർത്തിക്കുന്നു.

2013 മുതൽ രണ്ടു പ്രാവശ്യം വാളേരി ആശ്രിത കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വാളേരി 1,2,3 വാർഡുകാരുടെ അപേക്ഷ ലഭിച്ചിരുന്നെങ്കിലും ഭൗതീക സാഹചര്യങ്ങളുടെ അഭാവത്താലും നൈയാമികമായി പൂർത്തിയാക്കേണ്ടിയിരുന്ന നടപടിക്രമങ്ങൾ പൂർത്തിയാകാതിരുന്നതിനാലും അപേക്ഷ അനുവദിക്കുവാൻ സാധിക്കുമായിരുന്നില്ല. 2016 ജനുവരി 31-ാം തീയതി ഞായറാഴ്ച ചർന്ന പൊതു

യോഗത്തിൽ വാളേരി ആശ്രിത കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി പ്രഖ്യാപിക്കണമെന്ന വിഷയം ചർച്ച ചെയ്ത് പ്രസ്തുത ആവശ്യം കല്ലോടി സെന്റ് ജോർജ് ഫൊറോന പള്ളിയുടെ പരിഗണനയ്ക്ക് നൽകി. 2016 ഫെബ്രുവരി 3 ന് കല്ലോടി പള്ളികമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും വാളേരിയിലെ പൊതുയോഗത്തിന്റെ ഈ ആവശ്യം പരിഗണിക്കേണ്ടതാണെന്ന് വിലയിരുത്തുകയും സ്വതന്ത്ര കുരിശുപള്ളിയാക്കുന്നതിനുള്ള നടപടികൾക്കായി രൂപതാദ്ധ്യക്ഷന് അപേക്ഷ നൽകുകയും ചെയ്തു.

മേൽസൂചിപ്പിച്ച സാഹചര്യങ്ങളും വാളേരി ആശ്രിത കുരിശുപള്ളിയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയും ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആഗ്രഹവും നിർലോഭമായ സഹകരണവും പരിഗണിച്ച് 2016 ഫെബ്രുവരി 13–ാം തീയതി മുതൽ വാളേരി സെന്റ് അൽഫോൻസ ആശ്രിത കുരിശുപള്ളിയെ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരന്മാരും കണക്കുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി പ്രഖ്യാപിച്ചു.

ഇപ്രകാരം സ്വതന്ത്ര അജപാലന പ്രവർത്തനങ്ങളുമായി മുൻപോട്ടു പോകുന്ന വാളേരി സെന്റ് അൽഫോൻസാ സ്വതന്ത്രകുരിശുപള്ളിയെ ആ പ്രദേശത്തെ ദൈവജനത്തിന്റെ താല്പര്യം പരിഗണിച്ചും 2018 മാർച്ച് 25 ന് ചേർന്ന പൊതുയോഗത്തിന്റെ തീരുമാനവും 2018 നവംബർ 13 ന് ചേർന്ന വൈദിക സെനറ്റിന്റെ (Presbyteral Council) അഭിപ്രായവും സമ്മതവും കണക്കിലെടുത്തും രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ചും 2019 ജനുവരി 5 മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് അൽഫോൻസ ചർച്ച്, വാളേരി എന്നായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നു മുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

താഴെപറയുന്ന അതിർത്തിയ്ക്കുള്ളിൽ ഇപ്പോൾ താമസിക്കുന്ന 87 കുടുംബങ്ങളും ഇനി ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുമായ സീറോമലബാർ സഭാംഗങ്ങൾ ഇനി മുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും.

**അതിർത്തികൾ**

വടക്ക് : കബനിനദി

തെക്ക് : തേറ്റമല എസ്റ്റേറ്റ്

കിഴക്ക് : വാളേരി പാടം

പടിഞ്ഞാറ് : നാല്പറ്റകുന്നുമുതൽ വെങ്ങച്ചെന്നി കിരാതമൂർത്തി ക്ഷേത്രംവഴി വെങ്ങച്ചെന്നിപ്പാടം വരെയുള്ള നടവഴി.

മേൽപ്പറഞ്ഞ അതിർത്തികൾക്കുള്ളിൽ നിലവിൽ പുതുശ്ശേരി ഇടവകക്കാരായ ഏതാനും കുടുംബങ്ങൾ ഉണ്ട്. അവർ പുതുശ്ശേരി ഇടവകയിലെ അംഗങ്ങളായി തുടരേണ്ടതാണ്. എന്നാൽ അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ, പുതുശ്ശേരിയിലെ ബഹുമാനപ്പെട്ട വികാരിയുടെ അനുവാദത്തോടെ വാളേരിയിൽ നടത്തിക്കൊടുക്കാവുന്നതാണ്. വാളേരി ഇടവകയിൽ


ചേരുന്നതുവരെ അവർ പുതുശ്ശേരി ഇടവകയിൽ കൊടുക്കേണ്ടതായ എല്ലാ സംഭാവനകളും അവിടെതന്നെ കൊടുക്കേണ്ടതുമാണ്.

വാളേരി സെന്റ് അൽഫോൻസ ഇടവകയുടെ പ്രഥമ വികാരിയായി ബഹു. പൂതക്കുഴി ജേക്കബ് അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയം ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

വാളേരി സെന്റ് അൽഫോൻസ ഇടവകയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരെയും മുൻവികാരിമാരെയും വളരെ പ്രത്യേകമായി വാളേരിക്കുവേണ്ടി സ്ഥലം മേടിക്കുവാനും ദേവാലയം, സൺഡെ സ്കൂൾ എന്നിവ നിർമ്മിക്കുവാനും നേതൃത്വം നൽകിയ ബഹു. ജോർജ് മമ്പള്ളി അച്ചനെയും മറ്റ് വികാരിമാരെയും കാലാകാലങ്ങളിൽ കല്ലോടിയിലുണ്ടായിരുന്ന അസിസ്റ്റന്റ് വികാരിമാരെയും മൂളിത്തോട് നിന്നും ആവശ്യാനുസരണം വന്ന് സഹായിച്ചുകൊണ്ടിരിക്കുന്ന ഷേൺസ്റ്റാട്ട് സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിനെയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകി ആത്മീകവും ഭൗതീകവുമായി വാളേരി ഇടവകയെ വളർത്തിയ ബഹു. ജേക്കബ് പൂതക്കുഴി അച്ചനെ നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവകജനത്തെയും നല്ല ഇടയനായ ഈശോ, വി. അൽഫോൻസയുടെ മദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 ജനുവരി മാസം 2 ന് നൽകപ്പെട്ടത്.



**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ



**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 21501/2019

## കളത്തുവയൽ സെന്റ് മേരീസ് സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ കീഴിലുള്ള കളത്തുവയൽ സെന്റ് മേരീസ് സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

1959 ജനുവരി 18 ന് വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് ഇടവക സ്ഥാപിതമായപ്പോൾ ചീങ്ങേരി, കളത്തുവയൽ, മാങ്കുന്ന്, നെല്ലാറച്ചാൽ പ്രദേശങ്ങൾ വാഴവറ്റ ഇടവകയുടെ ഭാഗമായിരുന്നെങ്കിലും 1970 ൽ കാരാപ്പുഴ ജലസേചന പദ്ധതി ആരംഭിക്കുകയും പദ്ധതിക്കായി സർക്കാർ സ്ഥലം ഏറ്റെടുക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ നെല്ലാറച്ചാൽ പ്രദേശത്തുനിന്ന് കുടുംബങ്ങൾ പൂർണ്ണമായും കുടിയിറക്കപ്പെട്ട സാഹചര്യത്തിൽ വാഴവറ്റ, കളത്തുവയൽ പ്രദേശങ്ങൾ തമ്മിൽ ഭൂമിശാസ്ത്രപരമായ വലിയൊരു വിഭജനം രൂപപ്പെട്ടു.

1960–1962 കാലഘട്ടത്തിൽ ബഹു. ജോസഫ് പീച്ചനാട്ട് അച്ചൻ വാഴവറ്റയിൽ വികാരിയായിരുന്നപ്പോൾ ശ്രീ. അബ്രാഹം ഏറത്ത് നൽകിയ സ്ഥലത്ത് ഒരു കുരിശും അതിനോട് ചേർന്ന് ഒരു ഷെഡും നിർമ്മിക്കുകയും ഈ ഷെഡിൽ വി.ബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് മാസത്തിലൊരിക്കൽ വാഴവറ്റയിൽ നിന്നും ബഹുമാനപ്പെട്ട വികാരിയച്ചൻ കളത്തുവയലിലെത്തി ബലിയർപ്പിച്ചുപോന്നു. 1962 മുതൽ 1 മുതൽ 3 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വേദപാഠ ക്ലാസുകളും ഈ ഷെഡിൽ വച്ച് നടത്തിയിരുന്നു.

ദൈവാരാധനയ്ക്കായി കൂടുതൽ സൗകര്യപ്രദമായ ഒരു സംവിധാനം വേണം എന്ന ആഗ്രഹത്തിൽ നിന്നും ഈ കുരിശും പുല്ല് മേഞ്ഞ ഷെഡും അൽപ്പംകൂടി മെച്ചപ്പെടുത്തി പണിത് ശ്രീ. മത്തായി കുളങ്ങര ദാനം നൽകിയ 9 സെന്റ് സ്ഥലത്ത് ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ നേതൃത്വത്തിൽ 1977–1983 കാലഘട്ടത്തിൽ ഒരു കുരിശുപള്ളി സ്ഥാപിതമായി. ബഹു. ജോസഫ് ഒട്ടലാങ്കൽ അച്ചന്റെ കാലത്ത് (1983–85) ശനി, ഞായർ ദിവസങ്ങളിൽ വി.കുർബാന അർപ്പണം ആരംഭിച്ചു. തുടർന്നുവന്ന വികാരിയച്ചന്മാർ ഈ പ്രവർത്തനങ്ങൾ തുടർന്നുപോന്നു. ബഹു. മുണ്ടയ്ക്കലച്ചന് വാഴവറ്റ വികാരിയായിരുന്നപ്പോൾ കുരിശുപള്ളിക്കായി 6 സെന്റ് സ്ഥലം വിലകൊടുത്ത് വാങ്ങി. തുടർന്ന് ബഹു. ജോസ് മൊളോപ്പറമ്പിലച്ചൻ വികാരിയായിരുന്നപ്പോൾ 5 സെന്റ് സ്ഥലം ശ്രീ. മത്തായി കുളങ്ങര എന്ന വ്യക്തിയിൽ

നിന്നും വിലകൊടുത്തുവാങ്ങി. ബഹു. സെബാസ്റ്റ്യൻ ഉണ്ണിയേപ്പള്ളിയച്ചന്റെ കാലത്ത് ഈ കുരിശുപള്ളി പുതുക്കി പണിയുകയും അടിസ്ഥാന സൗക ര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. പുനരുദ്ധാരണം കഴിഞ്ഞ ദേവാലയം ഞാൻ 2011 ഫെബ്രുവരി 23 ന് കൂദാശ ചെയ്ത് ദൈവാരാധനയ്ക്കായി സമർപ്പിച്ചു.

വാഴവറ്റയിൽ നിന്നും കളത്തുവയൽ പ്രദേശത്തേയ്ക്ക് ഗതാഗതം അതീവ ദുഷ്കരമായ സാഹചര്യത്തിൽ 2010 മുതൽ 2016 വരെ ചീങ്ങേരി കുരിശുപള്ളിയിലെ അജപാലന ശുശ്രൂഷകൾക്ക് മീനങ്ങാടി താഴത്തുവയൽ റൊഗേഷ്യനിസ്റ്റ് ആശ്രമത്തിലെ ബഹുമാനപ്പെട്ട വൈദികർ സഹായം നൽകി പോന്നു. അതേസമയം മാസത്തിലൊരിക്കൽ വാഴവറ്റയിലെ ബഹു. വികാ രിയച്ചൻ വരികയും ബലിയർപ്പിക്കുകയും ചെയ്തിരുന്നു. വാഴവറ്റ വികാരി ബഹു. തോമസ് പരുന്തനോലിലച്ചന്റെ പ്രോത്സാഹനത്തിലും അസിസ്റ്റന്റ് വികാരി ബഹു. ജോസഫ് ഇളംകുന്നപ്പുഴയും തീക്ഷ്ണമായ അജപാലന നേതൃത്വത്തിലും 2017 മാർച്ച് 13 ന് 43 സെന്റ് സ്ഥലം ശ്രീ. ജോയി കുളങ്ങ ര, ശ്രീ. തോമസ് കുളങ്ങര, ശ്രീ. ജോസഫ് ഇടശ്ശേരിത്തോട്ടത്തിൽ എന്നിവ രിൽ നിന്ന് കുരിശുപള്ളിക്കായി വിലകൊടുത്ത് വാങ്ങി.

2015- ൽ ചീങ്ങേരി സെന്റ് മേരീസ് പള്ളിയെ സ്വതന്ത്ര കുരിശുപ ള്ളിയായി സ്ഥാപിക്കണമെന്ന് അപേക്ഷ ലഭിച്ചിരുന്നെങ്കിലും ഭൗതിക സാ ഹചര്യങ്ങളുടെ അഭാവവും നൈയ്യാമികമായി പൂർത്തിയാക്കേണ്ടിയിരുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ സമയം ആവശ്യമായിരുന്നതിനാലും അപേക്ഷ അനുവദിക്കാൻ സാധിക്കുമായിരുന്നില്ല. ഇതിനിടയിൽ ചീങ്ങേരി യിലെ ദൈവജനത്തിന്റെ ആവശ്യപ്രകാരം 2015 ഓഗസ്റ്റ് 1 മുതൽ ചീങ്ങേരി സെന്റ് മേരീസ് കുരിശുപള്ളിയെ കളത്തുവയൽ സെന്റ് മേരീസ് പള്ളി എന്ന് പുനർനാമകരണം ചെയ്യാൻ രൂപതാകച്ചേരി അനുവാദവും നൽകിയി രുന്നു.

വാഴവറ്റ ഇടവകയിലെ 1A & B, 2A & B, 3A & B, വാർഡുകളിലുള്ള 106 കുടുംബങ്ങൾ ഞായറാഴ്ച ആചരണത്തിന് കളത്തുവയൽ കുരിശുപ ള്ളിയിലാണ് സ്ഥിരമായി വന്നുകൊണ്ടിരിക്കുന്നത്. കൂടാതെ 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വേദപാഠവും നടക്കുന്നുണ്ട്.

2016 ജൂൺ 5 ന് കളത്തുവയൽ സെന്റ് മേരീസ് പള്ളിയിൽ ചേർന്ന 108 പേര് പങ്കെടുത്ത യോഗത്തിലും 2016 ജൂലൈ മാസത്തിൽ വാഴവറ്റയിൽ ചേർന്ന പാരീഷ് കൗൺസിൽ യോഗത്തിലും കളത്തുവയൽ പള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതോ ടൊപ്പം കളത്തുവയലിലെ 106 കുടുംബങ്ങളിൽ നിന്നും ഒപ്പിട്ട അപേക്ഷയും ലഭിച്ചിരുന്നു. എന്റെ നിർദ്ദേശപ്രകാരം ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് പഠിക്കാൻ 2016 ഓഗസ്റ്റ് 5 ന് (Prot. No. 18765/2016) കൽപ്പറ്റ ഫൊറോനാ വികാരി ബഹു. മാത്യു പെരുമാട്ടിക്കുന്നേൽ അധ്യക്ഷ നായും വാഴവറ്റ പള്ളിയിലെ വികാരി കൺവീനറായും, വാഴവറ്റ അസി. വികാരി, വാഴവറ്റ ഇടവകയിലെ നിലവിലുള്ള നാല് കൈക്കാരന്മാർ, കള ത്തുവയൽ ഭാഗത്തുള്ള വാർഡുകളിൽ നിന്ന് ഓരോ പ്രതിനിധി എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ചു. 2016 ആഗസ്റ്റ് 28 ന് ബഹുമാന

പ്പെട്ട ഫൊറോന വികാരി മാത്യു പെരുമാട്ടിക്കുന്നേൽ കളത്തുവയൽ കുരിശുപള്ളി സന്ദർശിക്കുകയും തുടർന്ന് പഠനറിപ്പോർട്ട് എനിക്ക് നൽകുകയും ചെയ്തു. കളത്തുവയൽ കുരിശുപള്ളിയെ ഒരു സ്വതന്ത്രകുരിശുപള്ളിയായി സ്ഥാപിക്കാൻ 2017 മാർച്ച് 6 ന് ചേർന്ന വൈദിക സെനറ്റിന്റെ അംഗീകാരവും ലഭിച്ചു.

ഈ സാഹചര്യങ്ങളും കുരിശുപള്ളിയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയും ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആഗ്രഹവും നിർലോഭമായ സഹകരണവും പരിഗണിച്ച് 2017 ജൂൺ 1 മുതൽ കളത്തുവയൽ സെന്റ് മേരീസ് കുരിശുപള്ളിയെ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരന്മാരും കണക്കുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി സ്ഥാപിച്ചു.

ഇപ്രകാരം സ്വതന്ത്ര അജപാലന പ്രവർത്തനങ്ങളുമായി മുൻപോട്ടു പോകുന്ന കളത്തുവയൽ സെന്റ് മേരീസ് സ്വതന്ത്ര കുരിശുപള്ളിയെ ആ പ്രദേശത്തെ ദൈവജനത്തിന്റെ താല്പര്യം പരിഗണിച്ചും 2018 നവംബർ 13 ന് ചേർന്ന വൈദിക സെനറ്റിന്റെ (Presbyteral Council) അഭിപ്രായവും സമ്മതവും കണക്കിലെടുത്തും രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ചും 2019 ജനുവരി 5 മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് മേരീസ് ചർച്ച് കളത്തുവയൽ എന്നായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ഇനിമുതൽ താഴെപറയുന്ന അതിർത്തിക്കുള്ളിൽ താമസിക്കുന്ന 106 കുടുംബങ്ങളുടെയും ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിനുള്ള കടമകളും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന കളത്തുവയൽ സ്വതന്ത്ര ഇടവകയുടെ ബഹു. വികാരിയ്ക്കും അദ്ദേഹം നിയമാനുസൃതം അധികാരപ്പെടുത്തുന്നവർക്കും മാത്രമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യ, വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കും.

**അതിർത്തികൾ**

| | | |
|---|---|---|
| തെക്ക് | : | കാരാപ്പുഴ ഡാം |
| വടക്ക് | : | അത്തിച്ചാൽ, ത്രിവേണികവല - പോത്തുകെട്ടി റോഡ്, ഏറത്ത് സജി മാത്യു ഉൾപ്പടെ |
| കിഴക്ക് | : | അടിവാരം - കരിങ്കുറ്റി റോഡിനോട് ചേർന്നുള്ള പാറ, കുളംകുത്തിയിൽ ജോസഫ് അടക്കം |
| പടിഞ്ഞാറ് | : | കാരാപ്പുഴ സൈറ്റ് ഓഫീസ് - അത്തിച്ചാൽ റോഡ് |

സ്വന്തമായ ഒരു സെമിത്തേരി ഉണ്ടാകുന്നതുവരെ വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ സെമിത്തേരി ഉപയോഗിക്കാൻ കളത്തുവയൽ ഇടവകയിൽപെട്ടവർക്ക് അവകാശം ഉണ്ടായിരിക്കും.

കളത്തുവയൽ സെന്റ് മേരീസ് ഇടവകയുടെ പ്രോ-വികാരിയായി ബഹു. ഇളംകുന്നപ്പുഴ ജോസഫ് അച്ചനെ ഞാൻ നിയമിക്കുന്നു.

അതുപോലെതന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥാ യോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

കളത്തുവയൽ സെന്റ് മേരീസ് സ്വതന്ത്ര ഇടവകയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരെയും വാഴവറ്റ ഇടവകയിൽ സേവനം ചെയ്ത മുൻവികാരിമാരെയും കൊച്ചച്ചന്മാരെയും റൊഗേഷ്യനിസ്റ്റ് സഭയിലെ വൈദികരെയും വാഴവറ്റയിൽനിന്നും കളത്തുവയലിൽ വന്ന് സഹായിച്ചുകൊണ്ടിരുന്ന തിരുഹൃദയ സമൂഹത്തിലെ ബഹു. സന്യസ്ത സഹോദരിമാരെയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച്, വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി കളത്തുവയൽ കുരിശുപള്ളിയെ വളർത്തിയ ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചനെയും കഴിഞ്ഞ രണ്ട് വർഷമായി തീക്ഷ്ണതയുള്ള അജപാലന നേതൃത്വം നൽകി കളത്തുവയൽ ഇടവകയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിലേയ്ക്ക് നയിച്ച ബഹു. ജോസഫ് ഇളംകുന്നപ്പുഴ അച്ചനെയും നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

ഇടവകയ്ക്കായി സ്ഥലം ദാനം നൽകിയ ശ്രീ. അബ്രാഹം ഏറത്ത്, ശ്രീ. മത്തായി കുളങ്ങര അവർകളെയും കുടുംബങ്ങളെയും വളരെ പ്രത്യേകമായി അനുസ്മരിക്കുകയും അവരുടെ സന്മനസ്സിനെ അഭിനന്ദിക്കുകയും ധാരാളം ദൈവാനുഗ്രഹം ആശംസിക്കുകയും ചെയ്യുന്നു. പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, തന്റെ മാതാവായ പരി.അമ്മയുടെ മധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 ജനുവരി മാസം 2 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR DIOCESE OF MANANTHAVADY

JOSE PORUNNEDOM Not to be served, But to serve BISHOP OF MANANTHAVADY

**George Cardinal Alencherry**
Major Archbishop
Syro-Malabar Church
Prot.No.0298/2019

# DECREE

The Kerala Catholic Bishop's Council has published **"KCBC GUIDELINES FOR SAFE ENVIRONMENT PROGRAMME FOR CHURCH PERSONNEL CONNECTED WITH INSTITUTIONS WHERE MINORS OR VULNERABLE ADULTS ARE GIVEN PARTICULAR CARE"**, on 2 June 2018. These Guidelines were issued in the light of the recommendation of the CBCI, requiring every diocese to establish a Guideline for Church Personnel connected with Institutions where minors are given particular care so as to ensure a safe environment in the Church. The XXVII Synod (2019) of the Syro-Malabar Church, Session I, held from 07-18 January 2019, decided to request the Major Archbishop to promulgate the same for the entire Syro-Malabar Church.

Therefore, the undersigned George Cardinal Alencherry, the Major Archbishop of the Syro - Malabar Church, in conformity with the Synodal Decision, hereby promulgates for the entire Syro-Malabar Church the **"KCBC GUIDELINES FOR SAFE ENVIRONMENT PROGRAMME FOR CHURCH PERSONNEL CONNECTED WITH INSTITUTIONS WHERE MINORS OR VULNERABLE ADULTS ARE GIVEN PARTICULAR CARE"**. It is also decreed that these Guidelines be enforced in all the Syro-Malabar eparchies and all related institutions in Kerala **with effect from 1st March 2019**. The Syro-Malabar eparchies outside the State of Kerala shall enforce them with necessary adaptations after carefully considering the respective State and Central laws, if any, in this matter.

Particular care shall be taken by the concerned eparchial authorities, the superiors of religious congregations and similar communities of consecrated life and heads of institutions in the

eparchies **to appoint a safe Environment Director and a Safe Environment Committee as required by the promulgated text.** It is to be noted that in accordance with the CBCI Guidelines, as soon as complaints are received, appropriate committees are to be constituted and complaints processed in a time bound manner.

In accordance with the norms in the KCBC Guidelines, the proposed Safe Environment Director and Safe Environment Committee shall take care to impart appropriate training in this matter on a yearly basis and distribute copies of the said Guidelines to all Church personnel. This Decree takes effect from 1st March 2019.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia at Mount St Thomas on 6 February 2019.

**George Cardinal Alencherry**
Major Archiepiscopal of the
Syro-Malabar Church

**Fr. Antony Kollannur**
Major Archiepiscopal Chancellor



**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19-ാം തീയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പ് പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റേയും പേരിൽ നാമഹേതുക തിരുനാളിന്റെ സ്നേഹപൂർവ്വകമായ മംഗളാശംസകൾ. തിരുസഭയുടെ പരിപാലകനായ മാർ യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടട്ടെ എന്ന് നമുക്ക് ഒന്നു ചേർന്ന് പ്രാർത്ഥിക്കാം. വി. യൗസേപ്പിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി ശനിയാഴ്ചയാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാർച്ച് 3 ന് ബഹു. ജോർജ് മൂലയിൽ അച്ചന്റെയും മാർച്ച് 10 ന് ബഹു. ഫ്രാൻസീസ് വാളായിൽ അച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെയും ചരമദിനങ്ങളാണ്. ഈ ദിനങ്ങളിൽ രാവിലെ 7 മണിയ്ക്ക് വിയാനിഭവനിൽ വച്ച് വി.കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി.ബലികളിലും നമുക്കോർക്കാം.

**മദ്യവിരുദ്ധ ഞായർ മാർച്ച് 10**

മാർച്ച് 10 ന് മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. ഈ ദിനം സമുചിതമായി ആഘോഷിക്കുവാൻ എല്ലാ ഇടവകകളും

ശ്രദ്ധിക്കുമല്ലോ. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെതായി ഫെബ്രുവരി മാസത്തിലെ ബുള്ളറ്റിനിൽ ചേർത്തിരിക്കുന്ന സർക്കുലർ വി. കുർബാനമദ്ധ്യേ വായിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാകേന്ദ്രത്തിലേക്ക് എത്തിച്ചുതരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന ബഹു. സണ്ണി മഠത്തിലച്ചനും മറ്റ് സഹപ്രവർത്തകർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**വൈദിക സെനറ്റ് യോഗം (Presbyteral Council)**

വൈദിക സെനറ്റിന്റെ ഒരു യോഗം മാർച്ച് 6 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ മാനന്തവാടി ബിഷപ്സ് ഹൗസിൽ ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. എന്തെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ  ഇതൊരു അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ (Pastoral Council)**

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2019 മാർച്ച് 9 ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിക്കുന്നതാണ്.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു യോഗം 2019 മാർച്ച് 14 വ്യാഴാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ  കത്തുമുഖേന ബഹു. വൈദികരെ അറിയിക്കുന്നതാണ്.

**പൊതു പിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും 10 % രൂപതാ വിഹിതവും വൈദിക ക്ഷേമ നിധിയിലേയ്ക്കുള്ള തുകയും അടയ്ക്കാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**വിദ്യാഭ്യാസ സഹായനിധി (Education Aid Fund), വൈദിക വിദ്യാർത്ഥി ക്ഷേമനിധി (Seminary Formation)**

എല്ലാവർഷത്തേയും പോലെ ഈ വർഷവും മാർച്ച് 17 ന് രൂപതാ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്കും, മാർച്ച് 24 ന് വൈദിക വിദ്യാർത്ഥി ക്ഷേമനിധിയിലേക്കും ഓരോ ഇടവകയിലും നിന്ന് പിരിവ് എടുക്കേണ്ടതും രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 15 ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

**വൈദികവസ്ത്രം സ്വീകരണം**

ബിരുദാനന്തര ബിരുദമോ റീജൻസിയോ കഴിഞ്ഞ് ദൈവശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മെയ് 6 തിങ്കളാഴ്ച മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവ് വൈദികവസ്ത്രം നൽകുന്നതായിരിക്കും.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ഏനായിൽ അജീഷ് – മണ്ഡ്യ രൂപത (മുള്ളൻകൊല്ലി), ബഹു. കളപ്പുരയ്ക്കൽ തോമസ് OFM Cap. (വാഴവറ്റ) എന്നീ വൈദികർക്ക് രൂപതയിലേക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**TRANSFER AND APPOINTMENTS OF PRIESTS**

| SN. | Rev. Father | Assignment |
|---|---|---|
| 1. | Venakuzhyil Mathew | Assistant Vicar, Kottiyoor |
| 2. | Alumkal Joseph | Assistant Vicar, Bathery |
| 3. | Peechattu Joseph | Assistant Vicar, Chungakkunnu |
| 4. | Thekkilakattil Mathew | Assistant Vicar, Nadavayal |
| 5. | Chirayilparambil Thomas | Assistant Vicar, Payyampally |
| 6. | Chakkulathil Joseph | Vice-Rector, Minor Seminary |
| 7. | Arackaparambil Emmanuel | Assistant Vicar, Nadavayal |
| 8. | Elemkunnel Joseph | Assistant Vicar, Mullenkolly |
| 9. | Oravaranthara Vincent | Assistant Vicar, Poroor |
| 10. | Kalarickal Paul | Assistant Vicar, Thariode |
| 11. | Chavaranal Thomas | Assistant Vicar, Bathery |
| 12. | Thenpallil Sebastian | Assistant Vicar, Nilambur |
| 13. | Chakalackal Joseph | Assistant Vicar, Manimooly |
| 14. | Kanipallil Varghese | Assistant Vicar, Cathedral |
| 15. | Enail Ajesh | Assistant Vicar, Mullenkolly |
| 16. | Kalappurackal Thomas (Srudhin) OFM Cap. | Assistant Vicar, Vazhavatta |
| 17. | Karuthedath Mathew (Rajeesh) | Priest-in-Charge, Cheengavallam |
| 18. | Thattuparambil Varghese | Assistant Director Renewal Ministry |
| 19. | Thevarkunnel Don Bosco | Associate Director Programme - Mattoli Community Radio |

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 7-ാം തീയതി ഞായറാഴ്ചയോ അതിനു മുൻപോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2018-19 വർഷത്തെ വാർഷിക കണക്ക്, 2019-20 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2019 -20 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

- ★ വാർഷിക തെരട്ടിനോടൊപ്പം പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റേയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ *(കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 151, നമ്പർ 42.)* സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.
- ★ സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതു തരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.
- ★ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ★ ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- ★ സീറോമലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധി

യോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

- ★ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം പൊതുയോഗ തീരുമാനത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ★ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
- ★ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.
- ★ മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**ഓഡിറ്റിംഗ്**

മുൻ വർഷങ്ങളിൽ ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശപണം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചും വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്ഥാപനങ്ങളുടെ FC കണക്കുകളുടെ ഓഡിറ്റിംഗ് ഈ വർഷം മെയ് 3,4 തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവകകളുടെ പൊതു കണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തീയതികൾ പിന്നാലെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ

മിനിട്സിന്റെ പകർപ്പ്, 2019-2020 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെരട്ടിന്റെ 2 കോപ്പികൾ, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി Online ആയി account സമർപ്പിച്ചതിന്റെ print out, നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ, കഴിഞ്ഞവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

നീലഗിരി റീജണിലുള്ള പള്ളികളിലെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ കാലേകൂട്ടിതന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കും എന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതിരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും മെയ് 8 ന് അരുൾനിലയം സി.എം.ഐ. ആശ്രമത്തിൽ വച്ച് ആയിരിക്കും. അന്നേ ദിവസം ഓഡിറ്റർമാരും അവിടെ ഉണ്ടായിരിക്കും.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| കല്ലോടി ഫൊറോന | ഏപ്രിൽ 23 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| നിരവിൽപുഴ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരി | രാവിലെ 9 മുതൽ | " |
| പുതിയിടംകുന്ന് | രാവിലെ 9 മുതൽ | " |
| വഞ്ഞോട് | രാവിലെ 9 മുതൽ | " |
| വാളേരി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |

| ദ്വാരക ഫൊറോന | ഏപ്രിൽ 23 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 24 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | രാവിലെ 9 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 25 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| കളത്തുവയൽ | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നംമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 25 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 26 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 26 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 27 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 27 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു.ബത്തേരി ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **മെയ് 1 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **മെയ് 1 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **തരിയോട് ഫൊറോന** | **മെയ് 2 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| പുഷ്പനഗർ (Independent Station) | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പോയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **മെയ് 2 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **മെയ് 8 ബുധൻ** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

## പ്രത്യേക അറിയിപ്പ്

നമ്മുടെ രൂപതയിൽ ആരംഭിച്ചിരിക്കുന്ന Online Accounting System ന്റെ Soft-ware വാങ്ങിയിട്ടുള്ള ഇടവകകൾ A,B Grade ൽ ഉള്ളവർ 9440 രൂപയും C,D,E എന്നീ Grade ൽ ഉള്ള ഇടവകകൾ 4720 രൂപയും അടക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. 2019-2020 ലേയ്ക്കുള്ള softwaire maintenance charge ആയ 4000 രൂപയും അടയ്ക്കേണ്ടതാണ്.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാകേന്ദ്രത്തിൽ എൽപ്പിക്കേണ്ട പൊതുപിരിവുകൾ (സ്നേഹനിധി, യുവജനദിനം, മതബോധന ഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്, വിദ്യാഭ്യാസ സഹായനിധി, ഇടവക കളിൽ നിന്നുള്ള 10% എന്നിവ ഒഴികെ) താഴെ കൊടുത്തിരിക്കുന്ന രൂപതയുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. സ്നേഹ നിധി, യുവജനദിനം, മതബോധനഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്., വിദ്യാഭ്യാസ സഹായനിധി, ഇടവകകളിൽ നിന്നുള്ള 10% എന്നിവ താഴെകൊടുത്തിരിക്കുന്ന അതാത് സംഘടനക ളുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. പിരിവുകൾ അയച്ചു കഴിയുമ്പോൾ വിശദവിവരങ്ങൾ ബിഷപ്സ്ഹൗസ് ഓഫീസിൽ അറി യിക്കേണ്ടതാണ്. ഫോൺ: 8281879949

**രൂപതയുടെ ബാങ്ക് അക്കൗണ്ട്**

| | | |
|---|---|---|
| A/C Name | : | The Roman Catholic Diocese of Mananthavady |
| A/C No. | : | 0605053000000001 |
| Name of the Bank | : | South Indian Bank |
| Branch | : | Mananthavady |
| IFS Code | : | SIBL0000605 |

| | | |
|---|---|---|
| A/C Name | : | Diocese of Mananthavady |
| A/C No. | : | 0063-02151700-190001 |
| Name of the Bank | : | Catholic Syrian Bank |
| Branch | : | Mananthavady |
| IFS Code | : | CSBK0000063 |

**Bishop's Account**

A/C Name : Bishop Jose Porunnedom
A/C No : 0605053000008376
Bank : South Indian Bank
Branch : Mananthavady
IFS Code : SIBL0000605

**Mass Intention**

A/C Name : Vicar General
A/C No : 0063 02151838 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

**Priest Provident Fund**
A/C Name : Secretary PPF
A/C No : 0063 02151971 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Educational Aid Fund**
A/C Name : Secretary Educational Aid Fund
A/C No : 0063 02154100 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Mutual Aid Fund (ഇടവകകളിൽ നിന്നുള്ള 10%)**
A/C Name : Vicar General
A/C No : 0063-03854921-195001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Snehanidhi (സ്നേഹനിധി)**
A/C Name : Snehanidhi
A/C No : 0063 02151620 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**KCYM (യുവജനദിനം)**
A/C Name : Director KCYM
A/C No : 0063 02152928 190001
Bank : Catholic Syrian Bankl
Branch : Mananthavady
IFS Code : CSBK0000063

---

**Account Details of Department of Cathechism (മതബോധനഞായർ)**
A/C Name: CATECHETICAL CENTRE
A/C No. 0063-02152792-190001
Bank: Catholic Syrian Bank
Branch: Mananthavady
IFS Code: CSBK0000063

**Communication Media (മാധ്യമദിനം)**
A/C Name : Director Media Commission
A/C No : 47512200041588
Bank : Syndicate bank
Branch : Nalloornad
IFS Code : SYNB0004751

**Madyvirudhasamithi (മദ്യവിരുദ്ധഞായർ)**
A/C Name : KCBC madyavirudhasamithi
A/C No : 0063 02155302 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

**Youth Convention**
A/C Name : Your Neighbour Association
Bank : Syndicate Bank Dwaraka
Ac/No : 47512200033540
Branch : Dwaraka
IFS Code : SYNB0004751

**Mutual Aid Fund 2018-19**

| No | Parish | Amount | No | Parish | Amount |
|---|---|---|---|---|---|
| 1 | OZHUKANMOOLA | 120,000 | 16 | VALAVAYAL | 200,000 |
| 2 | MANVAYAL | 275,000 | 17 | PANAVALLY | 150,000 |
| 3 | ARINCHERMALA | 50,000 | 18 | MOTHAKKARA | 150,000 |
| 4 | MOOLANKAVUE | 300,000 | 19 | KURUMANI | 200,000 |
| 5 | MANATHAVADY TOWN CHURCH | 300,000 | 20 | THRISILERY | 150,000 |
| | | | 21 | KALLUMUKKU | 100,000 |
| 6 | MARAKKADAVU | 200,000 | 22 | VYTHIRI-CHARITY | 250,000 |
| 7 | VALAD | 55,000 | 23 | PARALIKUNNU | 250,000 |
| 8 | NIRAVILPUZHA | 25,000 | 24 | VALIYAKOLLI | 200,000 |
| 9 | PALCHURAM | 300,000 | | **TOTAL** | **5,101,728** |
| 10 | KALATHUVAYAL | 200,000 | | **OPENING BALANCE AS ON 01-04-2018** | **1,503,513** |
| 11 | PUZHAMUDI | 15,000 | | | |
| 12 | VADAKKANAD | 150,000 | | **TOTAL COLLECTION** | **3,925,355** |
| 13 | MANGALASSERY | 400,000 | | | **5,428,868** |
| 14 | PPF | 961,728 | | **Less:TOTAL PAYMENTS** | **5,101,728** |
| 15 | KARIMBIL | 100,000 | | | |
| | | | | **CLOSING BALANCE** | **327,140** |

**ഫാ. ജിൽസൺ കോക്കണ്ടത്തിൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

## *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2019 ഏപ്രിൽ 20 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷാഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) അയച്ചു തരുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2019-2020 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും നാലു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം:-* The Secretary, Diocesan Education Aid Fund
Bishop's House, P. B. No.1, Mananthavady-670 645

**START COURSE ലേക്ക് സ്കോളർഷിപ്പ്**

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St.Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ

സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. **രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുമായി ബന്ധപ്പെട്ട് സ്റ്റാർട്ടിൽ കോഴ്സിന് പോകുന്നവർക്ക് മാത്രമേ ഈ സഹായം ലഭ്യമാവുകയുള്ളൂ.** ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വവികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്രഗവൺമെന്റിന്റെ ഹൈദ്രാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫൂഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്റഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ്, ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് ഏപ്രിൽ 20 -ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

മേൽവിലാസം :- Secretary, Diocesan Education Aid Fund
Bishop's House, P.B. No. 1, Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ്ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10-ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ്ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.
6. അപേക്ഷകൾ വെള്ളപേപ്പറിൽ എഴുതി തരേണ്ടതാണ്. അപേക്ഷയിൽ കുട്ടിയുടെ പേര്, വീട്ടുപേര്, മാതാപിതാക്കളുടെ പേര്, ഇടവക, അഡ്രസ്സ്, ഫോൺനമ്പർ എന്നിവ ചേർത്തിരിക്കണം.

**ഫാ. പ്രകാശ് വെട്ടിക്കൽ**
രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി

# ദൈവവിളി ക്യാമ്പുകൾ-2019

മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശംസകൾ! സമാഗതമാകുന്ന ഈസ്റ്റർ ആശംസകൾ നേരുന്നു. ദൈവവിളി കണ്ടെത്തുവാനും ദൈവവിളി തിരിച്ചറിയുവാനും സഹായകമാകുന്ന ദൈവവിളിക്യാമ്പുകൾ ഈ വർഷവും മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആൺ കുട്ടികൾക്കായുള്ള ക്യാമ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**ക്യാമ്പ്** I **:** നീലഗിരി റീജിയൺ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** ഫാത്തിമ മാതാ ചർച്ച്, കയ്യൂന്നി

**തീയതി:** 2019 ഏപ്രിൽ 7 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ

**ക്യാമ്പ്** II **: പങ്കെടുക്കേണ്ട ഫൊറോനകൾ –** മണിമൂളി, നിലമ്പൂർ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി:** 2019 ഏപ്രിൽ 11 വ്യാഴം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ

**NB** : ക്യാമ്പ് 1, 2 പങ്കെടുക്കുന്നവരുടെ ശ്രദ്ധക്ക്

1) രാവിലെ 9.00 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.
2) പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം
3) ക്യാമ്പ് ഫീസ് ഒരാൾക്ക് 50 രൂപ ആയിരിക്കും.
4) വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ സന്ദർശനസമയം ഏപ്രിൽ 7 നും 11 നും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെയാണ്.

**ക്യാമ്പ്** III**: പങ്കെടുക്കേണ്ട ഫൊറോനകൾ**

കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി, ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, ദ്വാരക.

**ക്യാമ്പ് നടക്കുന്ന സ്ഥലം:** മൗണ്ട് മേരി കോളേജ് (രൂപതാ മൈനർ സെമിനാരി) മാനന്തവാടി

**തീയതി:** 2019 ഏപ്രിൽ 8 തിങ്കൾ 5 മണി മുതൽ 10 ബുധനാഴ്ച രാവിലെ 10 മണി വരെ

**ക്യാമ്പ്** III **: പങ്കെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

1. ക്യാമ്പിനുവരുന്ന കുട്ടികൾ പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. അവരുടെ സന്ദർശനസമയം ഏപ്രിൽ 9–ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെയാണ്.
3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.
4. മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയണിൽ നിന്നുള്ളവർക്ക് മൂന്നാമത്തെ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്.

**പ്രത്യേക അറിയിപ്പ്**

1. ഈ വർഷം പെൺകുട്ടികൾക്കായി രൂപതാക്യാമ്പ് ഇല്ല.
2. നമ്മുടെ രൂപതയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി

സ്വീകരിച്ച് പോകുന്നവർ NOC വാങ്ങുന്നതിനായി വൊക്കേഷൻ പ്രൊമോട്ടറെ സമീപിക്കേണ്ടതാണ്.

ദൈവവിളി ക്യാമ്പുകൾക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. ബിജു തുരുത്തേൽ** – വൊക്കേഷൻ പ്രൊമോട്ടർ

**Address**

Mount Mary College (Minor Seminary)
Bishop's House, PB No.1, Mananthavady, Wayanad Dt- 670 645
Fr. Sebastian Elemkunnel (Rector) - 9447882293
Fr. Biju Thuruthel (Vocation Promoter) - 9495511616

---

## മതബോധനരംഗം

**മേഖലാ നേതൃത്വത്തിന് നന്ദി:** കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന HCC പരീക്ഷകൾ കൃത്യതയോടെ ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തിയതിന് ബഹു. മേഖലാ ഡയറക്ടർ, സെക്രട്ടറിമാർ, ടീം അംഗങ്ങൾ, സൂപ്പർവിഷന് സഹായിച്ച അധ്യാപകർ, പരീക്ഷാ കേന്ദ്രങ്ങളിലെ ബഹു. വികാരിയച്ചൻമാർ, ഹെഡ്മാസ്റ്റേഴ്സ് എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**HCC മൂല്യനിർണ്ണയ ക്യാമ്പ്:** പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യ നിർണ്ണയ ക്യാമ്പ് ഫെബ്രുവരി 9-10 ദിവസങ്ങളിൽ ക്രിസ്റ്റ്യൻ ചെയറിന്റെ നേതൃത്വ ത്തിൽ നടത്തപ്പെട്ടു. മൂല്യനിർണ്ണയത്തിന് സഹായിച്ച എല്ലാ അധ്യാപ കർക്കും രൂപതാ ടീമംഗങ്ങൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**HCC പരീക്ഷാ ഫലം:** കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തപ്പെട്ട HCC പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. റാങ്ക് ജേതാക്കൾക്കും വിജയികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ!. റിസൾട്ട് രൂപതാ മതബോധന കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. www.catechismmdy.org ഈ സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാന പ്രതിഭക്ക് അനുമോദനങ്ങൾ:** കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വെച്ച് നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ സംസ്ഥാനപ്രതിഭയായി ചുങ്കക്കുന്ന് ഇടവകാംഗമായ തടങ്ങഴിയിൽ ജോനാഥൻ തെരഞ്ഞെടുക്കപ്പെട്ടു. ജോനാഥന് പ്രത്യേക അഭിനന്ദനങ്ങൾ!.

**Say പരീക്ഷ, Revaluation:** XI, XII ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് Say Exam എഴുതാനുള്ള അവസരം ഉണ്ടാകും. വാർഷികപരീക്ഷ എഴുതുകയും പരാജയപ്പെടുകയും ചെയ്ത

വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും Say Exam എഴുതാനുള്ള യോഗ്യത ഉണ്ടാവുക. ആദ്യ പരീക്ഷ എഴുതാത്തവരെ Say Exam എഴുതാൻ അനുവദിക്കുന്നതല്ല. മാർച്ച് 30-ാം തീയതി യാണ് Say പരീക്ഷ നടത്തുക. സമയം 10-12. നീലഗിരി, മണിമൂളി റീജിയണിൽ ഉള്ള വിദ്യാർത്ഥികൾക്ക് മണിമൂളി യുപി സ്കൂളിലും മറ്റുള്ളവർക്ക് ദ്വാരക യുപി സ്കൂളിൽ വച്ചുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. മാർച്ച് 18-ന് മുമ്പായി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ അപേക്ഷ വികാരിയച്ചന്റെ ഒപ്പോടുകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. Revaluation ന് 50 രൂപയും Say പരീക്ഷയ്ക്ക് 100 രൂപയും ഫീസടച്ച് അപേക്ഷ എഴുതി നൽകണം. ഹെഡ്മാസ്റ്റേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. മാർച്ച് 15 ന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുകയില്ല. Say പരീക്ഷയുടെ സെന്റർ ദ്വാരക യു.പി. സ്കൂളും മണിമൂളി ഹൈസ്കൂളും ആയിരിക്കും. മാർച്ച് 17-ാം തീയതി ശനിയാഴ്ച 10.00 am-12.00 pm ആയിരിക്കും പരീക്ഷാസമയം.

**വിശ്വാസോത്സവം- പരീക്ഷാ പഠനശില്പശാല- വാർഷിക പരീക്ഷ**

I-IX ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഏപ്രിൽ 6-ാം തീയതി ശനിയാഴ്ചയാണ്. 10 മണി മുതൽ 12 മണി വരെയാണ് പരീക്ഷാ സമയം. ഏപ്രിൽ 2, 3, 4 തീയതികളിൽ വിശ്വാസോത്സവം നടത്താൻ ശ്രദ്ധിക്കുമല്ലോ. മൂന്ന് ദിവസത്തെ വിശ്വാസോത്സവത്തിന് ശേഷം ഏപ്രിൽ 5-ാം തീയതി പരീക്ഷ പഠനശില്പശാല നടത്തുവാൻ ശ്രദ്ധിക്കണം. സ്കോളർഷിപ്പ് പരീക്ഷകൾക്കും മറ്റ് പരീക്ഷകൾക്കും വിശ്വാസോത്സവ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്.

**ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷ:** ഈ വർഷത്തെ 7, 4 ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷയും ഡിപ്ലോമ പരീക്ഷയും ഏപ്രിൽ 6-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയാണ്. പരീക്ഷാസമയം കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓരോ ഇടവകയിലെയും പരീക്ഷാ നടത്തിപ്പിന്റെ ഉത്തര വാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും ഹെഡ് മാസ്റ്റർക്കുമായിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ ചോദ്യപേപ്പർ പായ്ക്കറ്റ് പൊട്ടിക്കാനുള്ള അധികാരം സൂപ്പർ വിഷന് വരുന്ന അദ്ധ്യാപകനായിരിക്കും. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപന രംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരെയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 20 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണേ.

**ചോദ്യപേപ്പറുകൾ**: ഏപ്രിൽ 4-ാം തീയതി രാവിലെ 10.00 മണി മുതൽ 5.00 മണി വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

**ഇന്റേണൽ അസ്സസ്മെന്റ്**: X-ാം ക്ലാസ്സ് ഡിപ്ലോമ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി പ്രത്യേക കവറിലാക്കി ഉത്തരക്കടലാ സിനോടൊപ്പം ഓഫീസിൽ എത്തിക്കണം.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷയ്ക്ക് വേണ്ടിയുള്ള സൂപ്പർ വൈസർ മാർക്കുള്ള നിർദ്ദേശങ്ങൾ**

**പരീക്ഷയ്ക്ക് മുമ്പ്**

1. പരീക്ഷാ സമയത്തിനു മുമ്പായി പരീക്ഷാ കേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരിയെ അറിയിക്കുക.
2. നിങ്ങൾക്ക് ഫൊറോനാ കേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈ യിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3. ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പ് വരുത്തുക.
4. പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണം നടത്തുക.
5. രൂപതാമതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തുതന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**പരീക്ഷാഹാളിൽ**

1. 30 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരു ത്തണം
2. രജിസ്റ്റർനമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിറ്റിലധികം താമസിച്ച് വരുന്നവരെയും എഴുതാൻ അനുവദിക്കണമെന്നില്ല.
3. രജിസ്ട്രേഷൻ ഫോറത്തിൽ നമ്പർ ഇട്ടതിൽ വല്ല പിശകുകളും ഉണ്ടെ ങ്കിൽ ഫാൾസ് നമ്പർ നല്കുക. അക്കാര്യം രൂപതാകേന്ദ്രത്തിൽ അറി യിക്കുക.
4. ഉത്തരകടലാസുകൾ സൂപ്പർവൈസർ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവ കയുടെ മുദ്രയോ, മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പ് വരുത്തണം രജിസ്റ്റർ നമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതു വാൻ പറയുക. പേരോ, മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.)
5. പേപ്പറിന്റെ രണ്ട് പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർ വൈസറുടെ ഒപ്പുള്ള പേപ്പറിലെ എഴുതാവൂ എന്നും വ്യക്തമായി പറയണം. (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.) പാഠപുസ്തകം, നോട്ട് ബുക്ക് മുതലായവ പരീക്ഷാ ഹാളിൽ അനുവദിക്കരുത്.
6. പരീക്ഷാ സമയത്തിന് 5 മിനിറ്റ് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാ സ്റ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം സൂചന യിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
7. കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക. രജിസ്റ്റർ

നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക.വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.

8. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
9. പരീക്ഷാ സമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടാകുവാൻ ശ്രദ്ധിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

**പരീക്ഷ കഴിഞ്ഞാൽ**

10. പേപ്പറുകൾ വാങ്ങി എഴുതി നിർത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക. നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസ്സുകളുടെത് പ്രത്യേകം അടുക്കുക.
11. പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെപ്പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർ വൈസറുടെ പേരും ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട് പേപ്പർ പായ്ക്ക് ചെയ്ത കവറിനൊപ്പം വയ്ക്കുക.
    ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7), ആകെ പരീക്ഷ എഴുതിയവർ (10, 4, 7), ഹാജരാകത്തവരുടെ എണ്ണം (നമ്പറുകൾ), ആകെ അയക്കുന്നകടലാസ്സുകൾ (10, 4, 7), ഫാൾസ് നമ്പറുകൾ ഉണ്ടെങ്കിൽ അക്കാര്യം., സൂപ്പർ വൈസറുടെ പേര് , ഒപ്പ്.
12. മേൽ പറഞ്ഞവിധം പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏല്പ്പിക്കുക.
13. കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക്ചെയ്ത് ഉത്തരകടലാസ്സിനൊപ്പം ഫൊറോനകേന്ദ്രത്തിൽ എത്തിക്കണം. (ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക.)
14. ഹെഡ്മാസ്റ്റർ അന്ന് തന്നെ പേപ്പറുകൾ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്, എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം
15. മേഖലാസെക്രട്ടറി അന്ന് തന്നെ മേഖലയിൽ നിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ - വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് സൂപ്പർവൈസർ രൂപതയ്ക്ക് നൽകണം ഇത് ആധികാരികരേഖയാണ്.
16. പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പ് വരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
17. നിങ്ങളുടെ യാത്രാച്ചെലവ് പരീക്ഷാ കേന്ദ്രത്തിൽനിന്നും വാങ്ങണം.
18. സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിറ്റ് കാത്തിട്ട് ഹെഡ്മാസ്റ്റർ - വികാരിയച്ചൻ എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

## HCC II (PLUS TWO) 2019 RANK LIST

| S.N | Rank | Reg. No. | Name & House name | Parish | Forane | Mark |
|---|---|---|---|---|---|---|
| 1 | I | 16723 | Alphonsa (Sneha Joseph) | Nadavayal | Nadavayal | 96 |
| 2 | II | 16970 | Kochuthresia (Anjana) Cherutharappel | Kayyunni | Kayyunni | 93 |
| 3 | III | 16490 | Aleena Rose T Jenti Thettalil | Padichira | Mullenkolly | 92 |
| 4 | IV | 16753 | Tojisha Tomy Poonelil | Nadavayal | Nadavayal | 90 |
| 5 | V | 16752 | Thejus Thomas Pallath | Nadavayal | Nadavayal | 89 |
| 6 | VI | 16208 | Maria Thomas Naduvileveedu | Manimooly | Manimooly | 88 |
| 7 | VII | 16372 | Niya Rose Mathew Njondanmakkal | Kabanigiri | Mullenkolly | 87 |
| 8 | VIII | 15248 | Aleena Anju Arackal | Bathery | Bathery | 86 |
| 9 | IX | 16839 | Sandra Babu Kottarathil | Pookkottum padam | Nilambur | 85 |
| 10 | IX | 17368 | Akshay Paul Nellikattil | Mananthavady Town | Mananthavady | 85 |

## HCC I RESULT 2019 IN PARISH LEVEL

| Parish | Total Reg | Attended | Passed | Failed | Absent | Percentage |
|---|---|---|---|---|---|---|
| **BATHERY** | | | | | | |
| AMBALAVAYAL | 25 | 25 | 21 | 4 | 0 | 84 |
| BATHERY | 48 | 48 | 41 | 7 | 0 | 85 |
| CHITHRAGIRI | 14 | 14 | 13 | 1 | 0 | 93 |
| CHULLIODE | 5 | 5 | 5 | 0 | 0 | 100 |
| KADALMAD | 6 | 6 | 5 | 1 | 0 | 83 |
| KALLUMUKKU | 3 | 3 | 3 | 0 | 0 | 100 |
| MEENANGADI | 9 | 7 | 7 | 0 | 2 | 78 |
| MOOLAMKAVU | 11 | 11 | 10 | 1 | 0 | 91 |
| PAZHOOR | 8 | 8 | 8 | 0 | 0 | 100 |
| THOMATTUCHAL | 16 | 16 | 16 | 0 | 0 | 100 |
| VADAKKANAD | 5 | 5 | 5 | 0 | 0 | 100 |
| VAKERY | 5 | 4 | 4 | 0 | 1 | 80 |
| **TOTAL** | **155** | **152** | **138** | **14** | **3** | **89%** |
| **CHUNGAKKUNNU** | | | | | | |
| ADACKATHODE | 34 | 34 | 33 | 1 | 1 | 97 |
| AMBAYATHODE | 12 | 12 | 11 | 1 | 0 | 92 |
| CHUNGAKKUNNU | 54 | 54 | 51 | 3 | 2 | 94 |
| KOTTIYOOR | 53 | 53 | 52 | 1 | 0 | 98 |
| KELAKAM | 8 | 8 | 7 | 1 | 0 | 88 |
| NELLIYODY | 6 | 6 | 6 | 0 | 0 | 100 |
| OTTAPLAVU | 15 | 15 | 15 | 0 | 0 | 100 |
| PALCHURAM | 8 | 8 | 8 | 0 | 0 | 100 |
| SANTHIGIRI | 8 | 8 | 8 | 0 | 0 | 100 |
| VELLOONNY | 9 | 9 | 9 | 0 | 0 | 100 |
| **TOTAL** | **207** | **207** | **200** | **7** | **3** | **97%** |
| **DWARAKA** | | | | | | |
| CHULLIYANA | 9 | 9 | 9 | 0 | 0 | 100 |
ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ 46-ാമത് വാർഷികവും സ്നേഹസന്ദേശ റാലിയും പുൽപ്പള്ളി തിരുഹൃദയ ദേവാലയങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. ഫെബ്രുവരി 17 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നാരംഭിച്ച സ്നേഹസന്ദേശ റാലി മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് മുള്ളൻകൊല്ലി മേഖല മുതൽ പയ്യമ്പള്ളി മേഖല വരെ വിവിധ വർണ്ണങ്ങളോടെ വ്യത്യസ്തമായ ഡിസ്പ്ലേകളും, ബാന്റുസെറ്റുകളും, നാസിക് ഡോൾ താളമേളങ്ങളോടെ മുദ്രാവാക്യങ്ങൾ മുഴക്കി പുൽപ്പള്ളി തിരുഹൃദയ ദേവാലയാങ്കണത്തിൽ എത്തിചേർന്നു. തുടർന്ന് രൂപത പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപത ജോയിന്റ് ഡയറക്ടർ സി. പ്രശാന്തി എം.എസ്.എം.ഐ പ്രാർത്ഥനക്ക് നേതൃത്വം നൽകി. രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ രൂപത ജോയിന്റ് സെക്രട്ടറി കുമാരി ലിന്റു വടക്കേക്കുറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു. ദേശീയപ്രസിഡണ്ട് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ തീം സോങ്ങ് പ്രകാശനം ചെയ്തു. മുള്ളൻകൊല്ലി ഫൊറോനാ വികാരി റവ.ഫാ.ചാണ്ടി പുക്കാട്ട്, സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം, രൂപത പാസ്റ്ററൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, കെ.സി.വൈ എം. രൂപത പ്രസിഡണ്ട് ശ്രീ.എബിൻ മുട്ടപ്പള്ളി, മുളളൻകൊല്ലി മേഖല പ്രസിഡണ്ട് ശ്രീ. ലിബിൻ ചക്കുളത്തിൽ, പുൽപ്പള്ളി ശാഖാ പ്രസിഡണ്ട് മാസ്റ്റർ ജോയൽ പുത്തൻപുരയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപത സെക്രട്ടറി ശ്രീ.ബിനീഷ് തുമ്പിയാംകുഴി എല്ലാവർക്കും നന്ദി പറഞ്ഞു.

**തിരുബാലസഖ്യ മത്സരം:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിച്ചു. പ്രസംഗം, സംഗീതം, ബൈബിൾവായന, വചനം എഴുത്ത്,

കഥപറച്ചിൽ, ആക്ഷൻസോങ്ങ്, കളറിംഗ്, ചിത്രരചന എന്നീ ഇനങ്ങളിലാണ് മത്സരം നടത്തിയത്. 61 പോയിന്റ് നേടി നടവയൽ മേഖല ഒന്നാം സ്ഥാനത്തും, 56 പോയിന്റ് നേടി ബത്തേരി മേഖല രണ്ടാം സ്ഥാനത്തും 47 പോയിന്റ് നേടി ദ്വാരക മേഖല മൂന്നാം സ്ഥാനത്തും എത്തി. ദ്വാരക മേഖല ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ, രൂപത ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡണ്ട് ശ്രീ.ഷാജി ചന്ദനപറമ്പിൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതവും രൂപതാ ജോയിന്റ് സെക്രട്ടറി കുമാരി ലിന്റു വടക്കേക്കുറ്റ് നന്ദിയും പറഞ്ഞു. രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി.

**തിരുബാലസഖ്യ മത്സര വിജയികൾ**

**പൂമ്പാറ്റ 1 പ്രസംഗം**

| | | |
|---|---|---|
| നേഹ പീറ്റർ കുരീത്തടം | ബത്തേരി | I A |
| അലൻ കൊച്ചുവേലിക്കകത്ത് | കൊട്ടിയൂർ | II A |
| നയനിക കൊല്ലംകാലായിൽ | പുഴമുടി | III A |
| ഇസബെല്ല പ്രിൻസ് | ആറാട്ടുതറ | III |

**പൂമ്പാറ്റ 1 സംഗീതം**

| | | |
|---|---|---|
| ജോസഫ് തച്ചുപറമ്പിൽ | അമ്പലവയൽ | I A |
| നിയാ റോസ് വെള്ളമുണ്ട | ദ്വാരക | II A |
| ആൽബീന മുണ്ടിയാനിക്കൽ | കൽപ്ര | III A |

**പൂമ്പാറ്റ 1 ബൈബിൾ കഥ പറയൽ**

| | | |
|---|---|---|
| ഷോ കപ്യാരുമലയിൽ | കാരയ്ക്കാമല | I A |
| എമിൽറോസ് ചിറ്റിലപ്പിള്ളി | കാവുംമന്ദം | II A |
| കാർമ്മലിൻ കാക്കപ്പാറ | ഒറ്റപ്ലാവ് | III A |

**പൂമ്പാറ്റ 1 കളറിംഗ്**

| | | |
|---|---|---|
| ഫ്ളോറ മാഞ്ചിറായിൽ | ശിശുമല | I A |
| എലിസബത്ത് മണ്ണൂർ | കൊട്ടിയൂർ | II A |
| ലിനോ മാതേക്കൽ | തൃശ്ശിലേരി | III A |

**പൂമ്പാറ്റ 2 പ്രസംഗം**

| | | |
|---|---|---|
| ആൻമരിയ കൊച്ചുമാങ്കൂട്ടം | കണിയാരം | I A |
| ഫ്രാൻസിസ് പാതിപ്പള്ളി | കല്ലോടി | II A |
| ടെസാടോം പ്ലാത്തോട്ടത്തിൽ | നടവയൽ | III A |

**പൂമ്പാറ്റ 2 സംഗീതം**

| | | |
|---|---|---|
| ബെത്സയ്ദ നെല്ലിക്കുന്നേൽ | നടവയൽ | I A |
| ആൽഫിയ തടത്തിൽ | ബത്തേരി | II A |
| ജുവൽ പനയ്ക്കപതാലിൽ | ചുങ്കക്കുന്ന് | III A |

**പൂമ്പാറ്റ 2 വചനം എഴുത്ത്**

| | | |
|---|---|---|
| ത്രേസ്യ കൊച്ചുപറമ്പിൽ | കല്ലോടി | I A |
| ജുവൽ വെണ്ണായപ്പിള്ളിൽ | നടവയൽ | II A |
| ആഷേർ മാളികത്തടത്തിൽ | മുതിരേരി | III B |

**പൂമ്പാറ്റ 2 ബൈബിൾ വായന**

| | | |
|---|---|---|
| ജോസ്ന കല്ലറയ്ക്കൽ | ചെറുകാട്ടൂർ | I A |
| ജോബിൻ തോപ്പിൽ | ചുള്ളിയാന | II A |
| എൽബിൻ കുന്നുംപുറത്ത് | വെള്ളൂന്നി | III B |

**പൂമ്പാറ്റ 2 ചിത്രരചന**

| | | |
|---|---|---|
| ക്രിസ്റ്റഫർ കരുവൻമാക്കൽ | മീനങ്ങാടി | I A |
| ഡെനിൽ കരിന്തോളിൽ | കാരക്കാമല | II A |
| ജോയൽ കോട്ടപ്പറമ്പിൽ | ലക്കിടി | III A |

**ആക്ഷൻ സോങ്ങ്**

നടവയൽ I A, പട്ടാണികൂപ്പ് II A, തവിഞ്ഞാൽ III A

**ധീരജവാന്മാർക്ക് ആദരാഞ്ജലികൾ:-** പുൽവാല ഭീകരാക്രമണത്തിൽ രക്തസാക്ഷികളായ 40 സൈനികർക്ക് ചെറുപുഷ്പമിഷൻലീഗ് ആദരാഞ്ജലികൾ അർപ്പിച്ചു. പുൽപ്പള്ളി ട്രാഫിക്ക് സർക്കിളിൽ ഒരുക്കിയ സ്മൃതി മണ്ഡപത്തിൽ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം സ്മൃതിജ്വാല തെളിയിച്ചു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ അഡ്വ. ജിജിൽ കിഴക്കരക്കാട്ട്, ശ്രീ. അരുൺ പേഴേക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

**THINK FOR CML:** 'മിഷൻലീഗ് നാളെ' എന്ന വിഷയത്തിൽ 'THINK FOR CML' എന്ന ക്യാമ്പെയിനിന്റെ ഭാഗമായി പ്രസംഗമത്സരം നടത്തി. ജനുവരി 26 ന് ദ്വാരക പാസ്റ്ററൽ സെന്ററിലാണ് മത്സരം നടന്നത്. ഉപന്യാസ മത്സരത്തിനുള്ള എൻട്രികൾ മാർച്ച് 15 ന് മുൻപ് മേഖല ഭാരവാഹികൾ രൂപത ഓഫീസിൽ എത്തിക്കണം .

**തീം സോങ്ങ് പ്രകാശനം:** ചെറുപുഷ്പ മിഷൻലീഗിന്റെ ലക്ഷ്യം, മാർഗ്ഗം, ആദർശം തുടങ്ങി എല്ലാ അടിസ്ഥാന വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ തീം സോങ്ങ് ദേശിയ പ്രസിഡണ്ട് ശ്രീ. ബിനോയി പള്ളിപറമ്പിൽ ഫെബ്രുവരി 17 ന് പുൽപ്പള്ളിയിൽ പ്രകാശനം ചെയ്തു. ശ്രീ. ജോസഫ് മാത്യു പടിഞ്ഞാറത്തറ രചനയും ശ്രീ. സിബി ദേവസ്യ സംഗീത സംവിധാനവും ആലാപനവും ശ്രീ.പൗലോസ് ജോസ് ഓർക്കസ്ട്രയും നൽകി.

**'നവജ്യോതി'ഫണ്ട് വിതരണം:-** പ്രളയദുരിത ബാധിതർക്കുള്ള ഭവന നിർമ്മാണ സഹായപദ്ധതിയായ 'നവജ്യോതി'യുടെ ആദ്യ തുക അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പന്തിപൊയിൽ ഇടവകാംഗമായ ശ്രീ. മത്തച്ചൻ പാറക്കുന്നേലിന് കൈ മാറി.

**സുവർണ്ണ താരകശാഖയ്ക്ക് ആദരവ്:-** കഴിഞ്ഞ പ്രവർത്തനവർഷം മികച്ച ശാഖാ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ മികവിന്റെ പുരസ്കാരം സ്വന്തമാക്കിയ പൂളപ്പാടം ശാഖയിലെ ഡയറക്ടർ റവ.ഫാ.ജെയിംസ് ചക്കിട്ടകുടിക്കും ജോയിന്റ് ഡയറക്ടർ സി. വിൻസി എഫ്.സി.സി.ക്കും ഭാരവാഹികൾ എല്ലാവർക്കും അഭിവന്ദ്യപിതാവ് മെമന്റോ നൽകി ആദരിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം.

**ബിനീഷ് തുമ്പായാംകുഴിയിൽ**
സെക്രട്ടറി, സി.എം.എൽ.

# Department of Youth Ministry

**തിരുസന്നിധിയിൽ**

ആഴ്ച്ചയിലെ എല്ലാ ബുധനാഴ്ച്ചയും യൂത്ത്മിനിസ്ട്രി ഓഫീസ് ചാപ്പലിൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള ജാഗരണപ്രാർത്ഥന നടക്കുന്നു.

**ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ച്**

ഫെബ്രുവരി 8, 9 വെള്ളി, ശനി ദിനങ്ങളിൽ 2016, 2017, 2018 ബാച്ചിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ലൈഫ് ട്രെയിനിംഗ് ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് നടന്നു. 63 വിദ്യാർത്ഥികൾ ക്യാമ്പിൽ സന്നിഹിത രായിരുന്നു. വെള്ളിയാഴ്ച്ച വൈകുന്നേരം ആറ് മണിക്ക് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ക്യാമ്പ് ആരംഭിച്ചു. ഓരോ ബാച്ചിലേയും വിദ്യാർത്ഥികളെ ഗ്രൂപ്പായി തിരിക്കുകയും തങ്ങളുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ വളർച്ചയെ വിലയിരുത്തി സംസാരി ക്കുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു.

**കരിയർ കാർ**

10, +1, +2 വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കരിയർഗൈഡൻസ് ക്ലാസ്സ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഫെബ്രുവരി ഒൻപതാം തിയതി ശനിയാഴ്ച്ച നടന്നു. 69 വിദ്യാർത്ഥികൾ പങ്കെടുത്തു. കോട്ടയത്തു നിന്നും തോമസ്സ് ഐസക്ക് സാർ ക്ലാസ്സിന് നേതൃത്വം നല്കി. തൊഴിൽപരമായ മാർഗ്ഗനിർദ്ദേശങ്ങളും വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള ഉന്നത വിദ്യാഭ്യാസ സാധ്യതകളെ പരിചയപ്പെടുത്തിയും ദൈവഹിതം തിരിച്ചറിഞ്ഞ് അവരുടെ കരിയർ കണ്ടെത്താൻ പലതരത്തിലുള്ള സ്ഥാപനങ്ങളും തൊഴിൽ മേഖലകളും പരിചയപ്പെടുത്തുകയും വിദ്യാർത്ഥികളുടെ സംശയങ്ങൾക്ക് ഉത്തരം നല്കുകയും ചെയ്തു.

**ലൈഫ് ട്രെയിനിംഗ് 2019 ബാച്ച്**

ലൈഫ് ട്രെയിനിംഗ് 2019 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ ഒന്നാംഘട്ട പരീക്ഷ മാനന്തവാടി ടൗൺ പള്ളി, ബത്തേരി അസംപ്ഷൻ, ചുങ്കക്കുന്ന് ഫാത്തിമമാതാ, കല്പറ്റ സെന്റ് വിൻസെന്റ്, നിലമ്പൂർ ലിറ്റിൽ ഫ്ളവർ, തുടങ്ങിയ കേന്ദ്രങ്ങളിൽ വെച്ച് നടന്നു. എല്ലാ സഹായങ്ങളും ചെയ്തുതന്ന ബഹുമാനപ്പെട്ട വികാരി അച്ചന്മാർക്കും, സൺഡേസ്കൂൾ അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി.

**ലൈഫ് ട്രെയിനിംഗ് രണ്ടാം ഘട്ട പരീക്ഷ**

ലൈഫ് ട്രെയിനിംഗിന്റെ രണ്ടാം ഘട്ട പരീക്ഷ ഫെബ്രുവരി 22-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 23-ാം തിയതി ശനിയാഴ്ച്ച 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കും

മൂന്നാംഘട്ട പരീക്ഷ മാർച്ച് 1-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 2-ാം തീയതി ശനിയാഴ്ച്ച 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. മാർച്ച് 10-ാം തിയതി ഞായർ ഫൈനൽ സെലക്ഷൻ നടക്കുന്നതായിരിക്കും.

**യൂത്ത് ട്രാവലർ**

**കൊട്ടിയൂർ ഹൈസ്കൂൾ**

യുവജനങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിലേക്ക് അവരെ അന്വേഷിച്ചിറങ്ങി സഹായിക്കുന്ന ആത്മീയപരിപാടിയായ യൂത്ത് ട്രാവലർ 22-ാം തിയതി വെള്ളിയാഴ്ച്ച കൊട്ടിയൂർ ഹൈസ്കൂളിൽ വെച്ച് നടന്നു.ജോസ് സ്റ്റീഫൻ സാർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പരീക്ഷക്കായി ഒരുങ്ങുന്ന160 എസ്.എസ്.എൽ.സി വിദ്യാർത്ഥി കൾക്ക്വേണ്ടി ധ്യാനം, കുമ്പസാരം വി.കുർബാന സ്പിരിചൽ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസ്സുകൾ തുടങ്ങിയ വിവിധ പരിപാടികൾ ക്കായി യൂത്ത് മിനിസ്ട്രി ടീമും ഒപ്പം സി.എം.സി കോൺഗ്രിഗേഷൻ ഡിവൈൻ സ്മാർട്ടും നേതൃത്വം നല്കി. കുമ്പസാരത്തിന് സഹായിച്ച കൊട്ടിയൂർ ഫൊറോനാ വികാരി ഫാ. ഷാജി മുളകുടിയാങ്കലിനേയും സഹവൈദീകരേയും നന്ദിയോടെ ഓർക്കുന്നു. നേതൃത്വം നല്കിയ സണ്ണി സാറിനും എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കി ഞങ്ങളെ സ്വാഗതം ചെയ്ത എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

**ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കേണിച്ചിറ**

ഫെബ്രുവരി 20-ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 9 മണി മുതൽ 2.30 വരെ കേണിച്ചിറ ഹൈസ്കൂളിൽ എസ്.എസ്.എൽ.സി വിദ്യാർത്ഥി കൾക്ക് പരീക്ഷാ ഒരുക്കധ്യാനം യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃ ത്വത്തിൽ നടന്നു. 38 വിദ്യാർത്ഥികളടങ്ങുന്ന ഗ്രൂപ്പിന് കുമ്പസാരം, വി.കുർബാന, സ്പിരിചൽ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസ്സ് നല്കുകയും ചെയ്തു. സഹായിച്ച സി.എം.സി. ഡിവൈൻ സ്മാർട്ട് ടീമിന് നന്ദി.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ത്യാഗം 2019 – മാർച്ച് 16**

ഈ വർഷത്തെ ത്യാഗം കുരിശിന്റെ വഴിയും, ഗവൺമെന്റ് ആശുപത്രി ശുചീകരണവും മാർച്ച് 16 ശനിയാഴ്ച്ച ദ്വാരകയിൽ നിന്ന് രാവിലെ 6 മണിക്ക് ആരംഭിക്കുന്നു. തുടർ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.സഹകരണം പ്രതീക്ഷിക്കുന്നു.

**വയനാട് മെഡിക്കൽ കോളേജ്: സർക്കാർ ജനങ്ങളെ വഞ്ചിച്ചു. കെ.സി.വൈ.എം.**

വയനാട് മെഡിക്കൽ കോളേജിന്റെ മെല്ലെപ്പോക്ക് നയത്തിനെതിരെ കെ. സി. വൈ. എം. മാനന്തവാടി രൂപത കൽപ്പറ്റ ടൗണിലൂടെ പ്രതിഷേധ റാലിയും പിച്ചതെണ്ടൽ സമരവും നടത്തി. എൽ. ഡി. എഫ്. സർക്കാരിന്റെ പ്രകടന പത്രികയിൽ വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാകുമെന്ന് പറഞ്ഞുവെങ്കിലും ഓരോ വർഷത്തേയും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോളും തുടർച്ചയായി വയനാട്ടിലെ ജനങ്ങളെ വഞ്ചിക്കുകയാണെന്ന് കെ.സി.വൈ.എം. ആരോപിച്ചു. കൽപ്പറ്റ ടൗണിൽ വെച്ച് നടത്തിയ പ്രതിഷേധ പ്രകടനത്തിന് കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ.എബിൻ ഫിലിപ്പ് മുട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. ഫാ. റോബിൻ പടിഞ്ഞാറയിൽ ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ. എം. മുൻ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. അനീഷ് ഓമക്കര മുഖ്യ പ്രഭാഷണം നടത്തി. ഫാ. വിനോദ് പാക്കാനിക്കുഴി, ഫാ. അനീഷ് കാട്ടാംകോട്ടിൽ, ഫാ.പോൾ വാഴപ്പിള്ളിൽ ഫാ. ജോസ് കപ്യാരുമലയിൽ സി.സ്മിത എസ്.എ. ബി.എസ്, ജിയോ മച്ചുക്കുഴിയിൽ, റ്റിബിൻ പാറക്കൽ, ജിജോ പൊടിമറ്റത്തിൽ, ആൽഫിൻ അമ്പാറയിൽ അലീന അഭിലാഷ്, ജോബിൻ ഇല്ലിക്കൽ, അഭിനന്ദ് എന്നിവർ സംസാരിച്ചു.

**ധീര ജവാൻ വസന്തകുമാറിന് ആദരാജ്ഞലികൾ**

ഭാരതാംബയുടെ കോട്ടത്തളങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ജീവരക്തം ഒഴുക്കിയ 40 ധീര ജവാന്മാരുടെ മുമ്പിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത നമ്രശിരസ്കരാകുന്നു. ഇന്ത്യൻ മഹാരാജ്യത്തിന്റെ കാവലാളുകളായി രാവും പകലും സംരക്ഷകരായി നിലകൊണ്ട, ശത്രുക്കളുടെ ആക്രമണത്തിൽ ജീവൻ വെടിഞ്ഞ വയനാടിന്റെ അഭിമാനപുത്രൻ വസന്തകുമാറിനും കൂടെ കൊല്ലപ്പെട്ട മറ്റ് 39 ധീര ജവാന്മാർക്കും കെ.സി.വൈ.എം. മാനന്തവാടി രൂപത ആദരാഞ്ജലികളർപ്പിച്ചു. ദ്വാരക പാസ്റ്ററൽസെന്ററിൽ വെച്ച് നടന്ന അനുശോചന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ. എബിൻ ഫിലിപ്പ് മുട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ പ്രാർത്ഥനാകൂട്ടായ്മക്ക് നേതൃത്വം നൽകി.

**റിഫൈൻ രൂപതാ ക്യാമ്പ്**

പ്രതിസന്ധികളേയും വിമർശനങ്ങളേയും തരണംചെയ്തുകൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വിജയകരവും ആസ്വാദ്യകരവുമായ മൂന്നു ദിവസത്തെ നേതൃത്വ പരിശീലന ക്യാമ്പ് അവസാനിച്ചു.

വിവിധ മേഖലകളിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ആദ്യ ദിവസം ആരംഭിച്ചപ്പോൾ തന്നെ മാനന്തവാടി രൂപതയിൽ ധീരന്മാരും ശക്തരുമായ യുവജനനേതാക്കന്മാരെ വാർത്തെടുക്കാനുള്ള നിമിഷങ്ങളായി അതുമാറി. തിരുവനന്തപുരത്തുനിന്നും ശ്രീ. ജോണിസാർ യുവജനങ്ങൾക്കുവേണ്ടി കടന്നുവരുകയും ഒരു പുത്തനുണർവ്വ് യുവജനങ്ങൾക്കായി സമ്മാനിക്കുകയും ചെയ്തു. രണ്ടാം ദിവസം വി. കുർബാനയോടെ ക്യാമ്പ് ആരംഭിച്ചു. ഉച്ചയ്ക്കുശേഷം ഷാജു പി.ജെയിംസ് സാറിന്റെ മനോഹരമായ ക്ലാസ്സ് യൂത്ത് ട്രെയിനിംഗ് സെന്ററിന് പുറത്ത് കുങ്കിച്ചിറ മൈതാനത്ത് നടക്കുകയുണ്ടായി. തുടർന്ന് ട്രെയിനിംഗ് സെന്ററിലേക്ക് തിരിച്ചു വരികയും വൈകുന്നേരം 7 മണി മുതൽ ഒരു മണിക്കൂർ നേരം ദേവാലയ അങ്കണത്തിൽ യുവജനങ്ങൾക്കായി അതിമനേഹരമായ വിശ്വാസം ഉണർത്തുന്ന തെയ്സേ പ്രാർത്ഥന സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് വിവിധങ്ങളായ കലാപരിപാടികളും ക്യാമ്പ്ഫയറും നടന്നു. നന്ദിയോടെ ഓർക്കേണ്ട ഒരുപാടുപേരുണ്ട്. കഴിഞ്ഞ ഒരു മാസത്തോളമായി മാനന്തവാടി രൂപത കെ.സി .വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വപരിശീലന ക്യാമ്പ് വിജയിപ്പിക്കുന്നതിനായി പിന്നിൽ പ്രവർത്തിച്ച ബഹു. ഡയറക്ടർ അച്ചൻ, രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് ഭാരവാഹികൾ, രൂപതാ ക്യാമ്പിലേക്ക് യുവജനങ്ങളെ പറഞ്ഞുവിട്ട മേഖലാ യൂണിറ്റ് ഡയറക്ടർ അച്ചന്മാർ, പ്രിയ ഭാരവാഹികൾ, രൂപതാക്യാമ്പിന് ആവശ്യമായ മുഴുവൻ ക്രമീകരണങ്ങളും ചെയ്തു തന്ന കുഞ്ഞോം ദേവാലയത്തിലെ ബഹു. സെബിൻ അച്ചൻ, കുഞ്ഞോം ഇടവക ആനിമേറ്റർ ജെയ്മി സിസ്റ്റർ, ദ്വാരക മേഖല ആനിമേറ്റർ സി. ആനി എസ് എച്ച്, വിവിധ മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും കടന്നുവന്ന നമ്മുടെ പ്രിയ യുവജന സുഹൃത്തുക്കൾ ആനിമേറ്റർ സിസ്റ്റർമാർ എന്നിവർക്ക് നന്ദി. രൂപത സമിതിയോടൊപ്പം അഹോരാത്രം പ്രവർത്തിച്ച എല്ലാ യുവജനങ്ങൾക്കും നന്ദി.

**മേഖലാ വാർത്തകൾ**

**കല്ലോടി –** ഫെബ്രുവരി 9 ന് മക്കിയാട് വച്ച് നടന്ന ഏകദിന പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ 82 പേർ പങ്കെടുക്കുകയും ബഹുമാനപ്പെട്ട ജോൺ പുതുക്കുളം അച്ചൻ പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. സെക്രട്ടറി ആദർശ് പുതിയാപ്പറമ്പിൽ പതാക ഉയർത്തിയതോടെ പരിപാടികൾ ആരംഭിച്ചു. ഡയറക്ടർ ഫാ. ജെയ്സ് പൂതക്കുഴിയും, ആനിമേറ്റർ സി. റോസ്മിൻ എസ്എച്ചും, മറ്റ് ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നൽകി.

**ദ്വാരക –** യുവജനങ്ങളുടെ സമഗ്ര വികസനത്തിനും, യുവജനങ്ങൾക്ക് ജോലി സാധ്യതകളെക്കുറിച്ചുള്ള അറിവുകൾ നേടുന്നതിന് സഹായമാകുന്നതുമായ ആധുനിക മൊബൈൽ ആപ്ളിക്കേഷൻ കെ.സി.വൈ.എം. രജത ജൂബിലിയോടനുബന്ധിച്ച് ലോഞ്ച് ചെയ്തു. യുവജനങ്ങളെ പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനും സാധ്യമായ ജോലി സാധ്യതകൾ കണ്ടെത്താനും ഈ ആപ്ളിക്കേഷൻ സഹായകമാകും. മേഖലാ പ്രസിഡണ്ട് ശ്രീ. ജോബിൻ ഇല്ലിക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ മേഖലാ ഭാരവാഹികളുടെ നിറ സാന്നിധ്യം ഉണ്ടായിരുന്നു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഫെബ്രുവരി 10 മുതൽ 13 വരെ നടന്ന MPC യിൽ 83 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

മാർച്ച് 10-13 - പാസ്റ്ററൽ സെന്റർ ദ്വാരക
മാർച്ച് 22-25 - പാസ്റ്ററൽ സെന്റർ മണിമൂളി
മാർച്ച് 31 - ഏപ്രിൽ 3 - പാസ്റ്ററൽ സെന്റർ ദ്വാരക

മണിമൂളി പാസ്റ്ററൽ സെന്ററിൽ മാർച്ച് 22 മുതൽ 25 വരെ വിവാഹ ഒരുക്ക സെമിനാർ നടത്തുന്നു. രജിസ്ട്രേഷൻ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടത്താവുന്നതാണ്. പങ്കെടുക്കേണ്ടവർ മാർച്ച് 22 ന് വൈകുന്നേരം 4 മണിക്ക് മണിമൂളിയിൽ എത്തുക. മാതാപിതാക്കൾക്കുള്ള ക്ലാസ്സ് 25 ന് ഉച്ച കഴിഞ്ഞ് 2 മുതൽ 4 വരെ. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കുമല്ലോ.

**മരിയൻ സിംഗിൾസ്**

ഫെബ്രുവരി 25-ന് രൂപതാ മീറ്റിംഗ്കൂടി. അടുത്തമീറ്റിംഗ് മാർച്ച് 11-ന്.

**മാതൃവേദി**

**മേഖലാ വാർത്തകൾ**

**തരിയോട്**: മാർഗ്ഗരേഖ തയ്യാറാക്കി. മാതൃവേദിയുടെ സ്വാഗതസംഘം രൂപീകരിച്ചു.

**മാനന്തവാടി**: 2019 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. അമ്മമാർ കുട്ടികളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബഹു. റെജിയച്ചൻ ക്ലാസ് എടുത്തു.

**ശാഖാ വാർത്തകൾ**

**പുതുശ്ശേരിക്കടവ്**: ഫണ്ട് ശേഖരണത്തിനായി അമ്മമാർ പലഹാരപൊതികൾ വിതരണം ചെയ്തു. ഒരു നിർദ്ധനകുടുംബത്തിന് 2500 രൂപ ചികിത്സ സഹായം നൽകി.

**വാളേരി**: ഇടവക തിരുനാളിന്റെ വിവിധ കമ്മിറ്റികളിൽ അമ്മമാർ സജീവമായി പ്രവർത്തിച്ചു. ആദ്യ വ്യാഴാഴ്ച വൈദീക സന്യസ്ത സമൂഹത്തിന് തിരുമണിക്കൂർ നടത്തി. ലഹരിയുടെ സ്വാധീനം അവസാനിക്കുന്നതിനായി അമ്മമാർ ചെയിൻ റോസറി നടത്തി.

**കാവുമന്ദം**: രോഗീസന്ദർശനം നടത്തി. തിരുനാളിനൊരുക്കമായുള്ള ആരാധനയിലും ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും അമ്മമാർ സജ്ജീവമായി പങ്കെടുത്തു.

**കുന്നൂർ**: ചാരിറ്റി പ്രവർത്തനങ്ങൾക്കായി തിരുനാളിന് ഫുഡ് സ്റ്റാൾ നടത്തി 10,000 രൂപ ശേഖരിച്ചു. നവ വൈദികന് അമ്മമാർ ഊഷ്മളമായ സ്വീകരണം നൽകി ആദരിച്ചു.

**വലിയകൊല്ലി**: മാർഗ്ഗരേഖ തയ്യാറാക്കി. ഫണ്ട് ശേഖരണാർത്ഥം അമ്മമാർ

വി. കുർബാന മദ്ധ്യേ കാഴ്ചവെപ്പ് നടത്തി. ദേവാലയപരിസരം വൃത്തിയാക്കി.
**കാരക്കാമല**: രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. ദേവാലയവും പരിസരവും വൃത്തിയാക്കി. തിരുനാൾ കർമ്മങ്ങളിൽ അമ്മമാർ സജ്ജീവമായി സഹകരിച്ചു. അമ്മമാർ ഒരു നിർദ്ധനകുടുംബത്തിന് ചികിത്സാ സഹായം നൽകി.
**കോട്ടത്തറ**: രോഗീസന്ദർശനം, എലീശ്വാസന്ദർശനം എന്നിവ നടത്തി. WSSS ന്റെ നേതൃത്വത്തിൽ സോപ്പുപൊടി, ഹാർപ്പിക്, ലൈസോൾ എന്നിവ ഉണ്ടാക്കുന്നതിന് പരിശീലനം നൽകി. അമ്മമാർ തയ്യാറാക്കിയ പച്ചക്കറിത്തോട്ടങ്ങൾ വിലയിരുത്തി. അമ്മമാർ വട്ടയപ്പം ഉണ്ടാക്കൽ മത്സരം നടത്തി.
**കയ്യൂന്നി**: തിരുനാളിന് ഒരുക്കമായി ഒരു മാസത്തോളം പ്രാർത്ഥിച്ചൊരുങ്ങി. പള്ളിയും പരിസരവും വൃത്തിയാക്കി, തോരണം ഒട്ടിക്കാൻ സഹായിച്ചു. തിരുനാൾ ആവശ്യങ്ങൾക്കായി മേഖല അടിസ്ഥാനത്തിൽ പലഹാരങ്ങൾ ഉണ്ടാക്കി.
**പുതിയിടംകുന്ന്**: ഇടവക തിരുനാളിന് അമ്മമാർ സജീവമായി പങ്കെടുത്തു. ആശുപത്രി കൂട്ടായ്മയിൽ 1000 രൂപയും 55 കിലോ അരിയും നൽകി. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. 3 മാസത്തിലൊരിക്കൽ നടത്തുന്ന സമരിറ്റൻ ഭവനം സന്ദർശനത്തിനും പൊതു ശുചീകരണത്തിനും അമ്മമാർ സഹകരിച്ചു.
**അമ്പായത്തോട്**: മാനന്തവാടി ഗവ. ആശുപത്രി സന്ദശിച്ച് ജീവജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് സംഘടനയിൽ 4500 രൂപ സംഭാവന കൊടുത്തു. രോഗികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകി. മാസത്തിന്റെ ആദ്യ ഞായറാഴ്ച ചിട്ടി നടത്തി. രോഗീസന്ദർശനം നടത്തി. മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.
**പാതിരിപ്പാടം**: ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ചു. അമ്മമാർ തിരുനാൾ കർമ്മങ്ങളിൽ സജ്ജീവമായി പങ്കെടുത്തു. സെമിത്തേരി വൃത്തിയാക്കി.
**പാറത്തോട്ടം**: അമ്മമാർ ഇടവക തിരുനാളിൽ സജ്ജീവമായി പ്രവർത്തിച്ചു. തിരുനാൾ ദിനങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പോപ്കോൺ വിറ്റ് ഫണ്ട് ശേഖരിച്ചു.
**കല്ലുവയൽ**: ഇടവക തിരുനാളിൽ അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു. പ്രദക്ഷിണത്തിന് മുത്തുക്കുടകൾ വഹിച്ചു. രോഗീസന്ദർശനം നടത്തി 1000 രൂപ ചികിത്സാ സഹായം നൽകി. വാഴവറ്റ ജ്യോതി നിവാസ് സന്ദർശിച്ച് 2500 രൂപ നൽകി.
**വാഴവറ്റ**: മാർഗ്ഗരേഖ സെഫാനിയ -2019 പ്രകാശനം ചെയ്തു. ബഹു. ജോസച്ചന്റെ ജൂബിലി ആഘോഷിച്ചു. സിജോ അച്ചന് യത്രയയപ്പ് നൽകി. വിഷരഹിത പച്ചക്കറി മത്സരം നടത്തി സമ്മാനങ്ങൾ നൽകി.
**ഇടിവണ്ണ**: ഓരോ യൂണിറ്റിലും ഇടവകതിരുനാളിന് ആവശ്യമായ പൂക്കൾ നിർമ്മിക്കാനുള്ള പരിശീലനം നൽകി. തിരുനാൾ ദിനത്തിൽ ആവശ്യമായ പച്ചക്കറികൾ അരിഞ്ഞു, പള്ളിയും പരിസരവും വൃത്തിയാക്കി.
**ചുങ്കക്കുന്ന്**: സി. മേരി പോളിന്റെ ഗോൾഡൻ ജൂബിലി അമ്മമാർ ആഘോഷിച്ചു. നവവൈദീകന്റെ പുത്തൻകുർബാനയിൽ പ്രാർത്ഥനാശംസകളും സമ്മാനവും നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ** - ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (1-2-19):** രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. ആദ്യശനി കൺവെൻഷനുള്ള ഒരുക്കശുശ്രൂഷകൾ നടത്തി. തുടർന്ന് ജാഗരണപ്രാർത്ഥന നടത്തി.

**ആദ്യശനി കൺവെൻഷൻ (2-2-19):** രാവിലെ 6 മണിക്ക് സഹനജപമാല ചൊല്ലി പ്രാർത്ഥിച്ചു. 8.45 ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന എന്നിവയ്ക്കുശേഷം തലശ്ശേരി മദർഹോം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളിൽ വചനപ്രഘോഷണവും ബലിയർപ്പണവും നടത്തി. ലഘുഭക്ഷണത്തിനുശേഷം റവ.ഫാ. ബാബു മൂത്തേടം ദിവ്യകാരുണ്യ ആരാധനയ്ക്കു നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**സ്പിരിച്ചൽ ഷെയറിംഗ് രണ്ടാംശനി (9-2-19):** വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ സ്പിരിച്ചൽ ഷെയറിംഗിന് ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥനകൂട്ടായ്മ നടത്തി. രാത്രി 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30 ന് സ്പിരിച്ചൽ ഷെയറിംഗ് ആരംഭിച്ചു.

**ജാഗരണം-മൂന്നാംവെള്ളി (15-2-19):** വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ജപമാലയും കരുണകൊന്തയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. ബഹു. ജിന്റോ തട്ടുപറമ്പിൽ അച്ചൻ വി.ബലിയർപ്പിച്ചു. 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ധ്യാനം-ആന്തരികസൗഖ്യ ധ്യാനം (15 മുതൽ 18 വരെ**

മൂന്ന് ദിവസത്തെ താമസിച്ചുള്ള ആന്തരികസൗഖ്യ ധ്യാനത്തിന് ഫാ. സോണി വാഴകാട്ട്, ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. അഗസ്റ്റിൻ താന്നിയിൽ, ഫാ. ജയ്മോൻ കളമ്പുകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ജോസ് മാളോല എന്നിവർ നേതൃത്വം നൽകി.

**നാലാം ശനി - രോഗസൗഖ്യ ശുശ്രൂഷാ ദിനം (23-2-19):** രാവിലെ 9.30 ന് സൗഖ്യശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ ആരംഭിച്ചു. ആരാധന, കുരിശിന്റെ വഴി, സ്തുതി ആരാധന, വി.കുർബാന എന്നിവയ്ക്കുശേഷം തൈലാഭിഷേക പ്രാർത്ഥനയ്ക്ക് റവ.ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നൽകി.

**ഇടവക ധ്യാനങ്ങൾ:** ഫെബ്രുവരി 24 മുതൽ 27 വരെ മൺവയൽ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വാർഷിക ധ്യാനത്തിന് സീയോൻ ധ്യാനകേന്ദ്ര ഡയറക്ടർ റവ.ഫാ. സോണി വാഴകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ബ്രദർ ബിജു പുളിക്കൽ, സി. മെറീന FCC എന്നിവർ നേതൃത്വം നൽകി.

**ക്രിസ്റ്റീൻ ധ്യാനം:** നമ്മുടെ ഈ വർഷത്തെ സീയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ക്രിസ്റ്റീൻ ധ്യാനം ഏപ്രിൽ 25-28 ന് നടത്തുന്നു. ഇടവകയിൽ നിന്നും ഏഴാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ പറഞ്ഞയക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. സീറ്റുകൾ നേരത്തെ ഉറപ്പാക്കുമല്ലോ. മെയ് മാസത്തിൽ ഇടവകയിൽ ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്താൻ ആഗ്രഹിക്കുന്നവർ നേരത്തെ അറിയിക്കുമല്ലോ.

**ബന്ധപ്പെടേണ്ട നമ്പർ**

ഫാ.ജിന്റോ തട്ടുപറമ്പിൽ-9544606936, ഫാ.സോണി വാഴകാട്ട്-9496470462
സീയോൻ ഓഫീസ് - 04935 - 245922, 8606771520

**2019 മാർച്ച് മാസത്തിലെ ശുശ്രൂഷകൾ**

| | |
|---|---|
| 1-3-2019 ആദ്യവെള്ളി | - എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 2-3-2019 ആദ്യശനി | - ഏകദിന കൺവെൻഷൻ |
| 8-3-2019 രണ്ടാം വെള്ളി | - തൂവാനീസാ സംഗമം |
| 9-3-2019 രണ്ടാം ശനി | - പൊതു സ്പിരിച്വൽ ഷെയറിംഗ് |
| 15-3-2019 മൂന്നാം വെള്ളി | - ജാഗരണപ്രാർത്ഥന |
| 17-20 ഞായർ - ബുധൻ | - ആന്തരികസൗഖ്യ ധ്യാനം |
| 23-3-2019 - നാലാം ശനി | - രോഗസൗഖ്യ ശുശ്രൂഷാദിനം |

**പ്രാർത്ഥനകൾ, ആശംസകൾ**

സീയോൻ ധ്യാനകേന്ദ്രത്തിന്റെ അസി. ഡയറക്ടറായി നടവയൽ ഫൊറോന അസിസ്റ്റന്റ് വികാരി ആയിരുന്ന ഫാ. ജിന്റോ തട്ടുപറമ്പിൽ ഫെബ്രുവരി 5 ന് സീയോൻ ധ്യാനകേന്ദ്രത്തിൽ ചാർജ്ജെടുത്തു. സീയോൻ ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് ടീം അംഗങ്ങളോടൊപ്പം ജിന്റോ അച്ചനെ സ്വീകരിച്ച് പ്രാർത്ഥനകളും ആശംസകളും നേർന്നു.

**ഫാ. സോണി വാഴകാട്ട്**- ഡയറക്ടർ
**ഫാ. ജിന്റോ തട്ടുപറമ്പിൽ** - അസി.ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**സി.സി.യോഗം**: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം നടവയൽ ഓസാനാംഭവനിൽ ചേർന്നു. സി. സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷനായിരുന്നു. പ്രാർത്ഥന, ജ്ഞാനവായന, സ്വാഗതം എന്നിവയ്ക്കുശേഷം സി.സി.പ്രവർത്തന റിപ്പോർട്ട് സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം, സി.സി.വരവ്-ചിലവ് കണക്കുകൾ സി.സി.ട്രഷറർ ബ്ര.എൻ.യു.ജോൺ, ഓസാനാംഭവൻ വരവ്-ചിലവ് കണക്കുകൾ സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. നിലമ്പൂർ, ബത്തേരി, മാനന്തവാടി, കല്പ്പറ്റ, എന്നിവിടങ്ങളിൽ സമീപത്തെ ഏര്യ കൗൺസിലുകളെ ഉൾപ്പെടുത്തി നേതൃത്വ പരിശീലന ക്യാമ്പുകൾ നടത്തുവാൻ തീരുമാനിച്ചു. പരിശീലന ക്യാമ്പുകളിൽ കോൺഫ്രൻസ് ഭാരവാഹികളെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. ഓസാനാംഭവന്റെ വികസന പ്രവർത്തനങ്ങൾക്കായി ആവശ്യമായ സ്ഥലം കണ്ടെത്തുവാൻ തീരുമാനിച്ചു. കോൺഫ്രൻസുകൾക്ക് നിശ്ചയിച്ച തിയതികളിൽ ഓസാനാംഭവൻ സന്ദർശനം നടത്തേണ്ടതാണെന്നും ഇക്കാര്യം അതാത് എ.സി.പ്രസിഡന്റുമാർ കൃത്യമായി ശ്രദ്ധിക്കണമെന്നും യോഗം തീരുമാനിച്ചു. സമാപന പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഓസാനാംഭവൻ സന്ദർശനം**: 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഓസാനാംഭവൻ സന്ദർശിക്കേണ്ട കോൺഫ്രൻസുകൾ താഴെപ്പറയുന്ന എ.സി. കളിൽപ്പെട്ടവയാണ്. മാർച്ച്-മണിമൂളി, നിലമ്പൂർ എ.സി.കളിൽപ്പെട്ട കോൺഫ്രൻസുകൾ. ഏപ്രിൽ-കല്ലോടി, മാനന്തവാടി എ.സി. കളിൽപ്പെട്ട കോൺ ഫ്രൻസുകൾ.

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**-സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**-സി.സി. പ്രസിഡന്റ്

**വികസനം ഹൃദയത്തിൽനിന്നുതുടങ്ങണം: ഗവർണ്ണർ കുമ്മനം രാജശേഖരൻ**

നാടിന്റെ വികസനം ഓരോരുത്തരുടെയും സ്വന്തം ഹൃദയത്തിൽ നിന്നാണ് ആരംഭിക്കേണ്ടതെന്ന് മിസോറാം ഗവർണ്ണർ കുമ്മനം രാജശേഖരൻ പറഞ്ഞു. കൽപ്പറ്റ എ.പി.ജെ. അബ്ദുൾകലാം ഹാളിൽ മാനന്തവാടി രൂപത പ്രളയ ദുരിതാശ്വാസ ഭവനപദ്ധതിയുടെയും കാരിത്താസ് ഇന്ത്യ സമഗ്ര പ്രളയപുനരധിവാസ പദ്ധതിയുടെയും ഉദ്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാരിന്റെയും ജില്ലാ ഭരണകൂടങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും ദുരന്തനിവാരണ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. വികാസ് പീഡിയ മികച്ച ഓഫ്ലൈൻ വോളണ്ടിയർമാരായി തെരഞ്ഞെടുത്ത ജെയിംസ് ഫിലിപ്പ് ആലപ്പാട്ട് (കോട്ടയം), ഇ.ജെ. ജോസഫ് (തൃശൂർ), സി.ഡി. സുനീഷ് (വയനാട്), എന്നിവർക്കുള്ള അവാർഡുകളുടെ വിതരണവും യൂണിസെഫും വികാസ്പീഡയയും ചേർന്ന് നടത്തിയ 'പ്രളയ പുനരധിവാസവും ഉയർന്നുവരുന്ന ആവശ്യങ്ങളും' എന്ന വിഷയത്തിലുള്ള ഏകദിന ശില്പശാലയുടെ സമാപനവും ഗവർണർ കുമ്മനം രാജശേഖരൻ ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. പ്രഭാകരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. എഡിഎം കെ. അജീഷ്, ഇ ഗവേർണൻസ് സൊസൈറ്റി ഡിപിഎം ജെറിൻ സി. ബോബൻ, ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ കെ.കെ. രാജേഷ്, ഹരിതകേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ സുധീർ കിഷൻ, വയനാട് പ്രസ്ക്ലബ് പ്രസിഡന്റ് പ്രദീപ് മാനന്തവാടി, കാപ്സ് കോട്ടയം സെക്രട്ടറി ജെയിംസ് ഫിലിപ്പ് ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാല സ്വാഗതവും വികാസ്പീഡിയ സ്റ്റേറ്റ് കോ ഓർഡിനേറ്റർ സി.വി. ഷിബു നന്ദിയും പറഞ്ഞു.

**സമഗ്ര പ്രളയപുനരധിവാസ പദ്ധതിയുമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി**

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പദ്ധതിയുമായി മാനന്തവാടി രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ ഭവന റിപ്പയറിംഗ്, കക്കൂസ് നിർമ്മാണം, കിണർ നവീകരണം, നീരുറവകളുടെ സംരക്ഷണം, കോഴി വളർത്തൽ, ആട് വളർത്തൽ, ടൈലറിംഗ്, പച്ചക്കറികൃഷി, കുരുമുളക്കൃഷി, കാപ്പികൃഷി, തെങ്ങ്കൃഷി തുടങ്ങിയ പദ്ധതികൾ ആണ് അടുത്ത 6 മാസംകൊണ്ട് നടപ്പിലാക്കുക. കൂടാതെ കൃഷി-മൃഗസംരക്ഷണ മേഖലകളിൽ വിദഗ്ദ്ധ പരിശീലനങ്ങളും നൽകും. കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് 610 കുടുംബങ്ങൾക്കാണ് പ്രളയ പുനരധിവാസ പദ്ധതികൾ നൽകുന്നത്. ഇതിനുപുറമെ കാത്തലിക് റിലീഫ് സർവീസ്, ഗുൻഞ്ച് ഇന്ത്യ, യൂണിസെഫ് തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വിവിധ പുനരധിവാസ പദ്ധതികൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കിവരുന്നുണ്ട്. എടവക ഗ്രാമപഞ്ചായത്തിലെ അഗ്രഹാരം - ചാമടിപൊയിൽ പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാലയുടെ അധ്യക്ഷതയിൽ എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ വിജയൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർമാ

രായ കെ.ആർ. ജയ പ്രകാശ്, ഷൈനി ജോർജ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സംസാരിച്ചു.

**സേവ് എ ഫാമിലി പ്ലാൻ സുവർണ്ണജൂബിലി ഭവനനിർമ്മാണ പദ്ധതിക്ക് തുടക്കമായി**

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യവികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കുന്ന സേവ് എ ഫാമിലി സുവർണ്ണ ജൂബിലി ഭവനനിർമ്മാണ പദ്ധതിക്ക് തുടക്കമായി. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരും സ്വന്തമായി ഭവനം ഇല്ലാത്തവരുമായ 25 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപവീതം നൽകുന്നപദ്ധതി മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ അബ്രാഹം നെല്ലിക്കൽ ഉത്ഘാടനം ചെയ്തു. വിധവകൾ, മാരകമായ രോഗം ബാധിച്ചവർ, അംഗപരിമിതർ തുടങ്ങിയവർക്ക് പ്രധാന്യം കൊടുത്തുകൊണ്ടുള്ള ഈ പദ്ധതിക്ക് സേവ് എ ഫാമിലി പ്ലാൻ, ഇന്ത്യ എന്ന ഏജൻസിയാണ് സാമ്പത്തിക സഹായം നൽകുന്നത്. സേവ് എ ഫാമിലി പ്ലാൻ അവരുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മാനന്തവാടി ഉൾപ്പെടെ 5 രൂപതകളിൽ 125 ഭവനങ്ങൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ പ്രോഗ്രാം ഓഫീസർ ജോസ് പി.എ., കോ ഓർഡിനേറ്റർ സി. അനിലിറ്റ്, ലിൻറ്റോ പോൾ എന്നിവർ സംസാരിച്ചു. അടുത്ത 5 മാസംകൊണ്ട് മുഴുവൻ ഭവനങ്ങളും പൂർത്തിയാക്കുവാനാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ലക്ഷ്യമിടുന്നത്.

**തീവ്രപരിശീലന പരിപാടി ആരംഭിച്ചു**: മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യവികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വാശ്രയ സംഘങ്ങളിലെ വനിതകൾക്കുവേണ്ടി തീവ്ര പരിശീലനപരിപാടി ആരംഭിച്ചു. കാർഷിക മേഖലയുടെ പുനരധിജീവനം, വളർത്തുമൃഗങ്ങളുടെ പരിചരണം, വിവിധ ക്ഷേമപദ്ധതികൾ, സോപ്പുത്പന്ന നിർമ്മാണം, പഴങ്ങളുടെ സംസ്കരണം, പേപ്പർബാഗ് നിർമ്മാണം, ഡ്രൈഫ്ളവർ നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ ആണ് തീവ്രപരിശീലനം ആരംഭിച്ചിരിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്ന പരിശീലന പരിപാടികൾക്ക് കൃഷി ഓഫീസർമാർ, വെറ്റിനറി ഡോക്ടർമാർ, ബാങ്ക് മാനേജർമാർ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകിവരുന്നു.

**പാഴ് വസ്തുക്കളിൽനിന്നും മനോഹരമായ പുഷ്പങ്ങൾ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പരിശീലനം ശ്രദ്ധേയമാകുന്നു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വനിതാസ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച ഡ്രൈ ഫ്ളവർ മേക്കിങ്ങ് പരിശീലനം ഏറെ പ്രതീക്ഷ നൽകുന്നു. വയനാട് ജില്ലയിലെ സുലഭമായി ലഭിക്കുന്ന പാള, തെങ്ങിന്റെ ഭാഗങ്ങൾ, മുള തുടങ്ങിയവ ഉപയോഗിച്ച് വൈവിധ്യങ്ങളായ ഡ്രൈ ഫ്ളവർസ് ആണ് ഈ പരിശീലനത്തിലൂടെ നിർമ്മിക്കുന്നത്. കൂടാതെ പരിസ്ഥിതിക്ക് ഏറെ വെല്ലുവിളി ഉയർത്തുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിച്ച് ആകർഷകമായ പൂക്ക

ളാണ് നിർമ്മിക്കുവാൻ സാധിക്കുന്നത്. വയനാട് ജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 30 വനിതകൾ പരിശീലനത്തിൽ പങ്കെടുക്കുന്നു. പരിശീലനം മാനന്തവാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിലിന്റെ അധ്യക്ഷതയിൽ മാനന്തവാടി മുൻസിപ്പൽ കൗൺസിലർ ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ., കോ ഓർഡിനേറ്റർ ജാൻസി ജിജോ, ഏലിയാമ്മ ടീച്ചർ എന്നിവർ സംസാരിച്ചു. പരിശീലനത്തിന് ലിജി സാജു, ജോസ്ന സാജു എന്നിവർ നേതൃത്വം നൽകി.

**കേരള ലേബർമൂവ്മെന്റ് (KLM)**: അംസഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർമൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**വാർഷിക ജനറൽ അസംബ്ലി**: എറണാകുളം ആശീർഭവനിൽ നടന്ന വാർഷിക ജനറൽ അസംബ്ലി പ്രൊ.കെ.വി. തോമസ് എം.പി. ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ ദേശീയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോയി ഗോതുരുത്തിനെ സമ്മേളനം അനുമോദിച്ചു. കെ.സി.ബി.സി. ലേബർ കമ്മീഷൻ സെക്രട്ടറി ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ, ജനറൽ സെക്രട്ടറി കെ.ജെ. തോമസ്, ലേബർ കമ്മീഷൻ സെക്രട്ടറി ജോസഫ് ജൂഡ്, കെ.എൽ.എം. വരാപ്പുഴ അതിരൂപത ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത്, വനിതാവിഭാഗം പ്രസിഡന്റ് ശോഭ ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു. 2 ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ അസംഘടിത തൊഴിലാളി സമൂഹം നേരിടുന്ന വെല്ലുവിളികൾ വിശദമായി അപഗ്രഥിച്ചു. പ്രവർത്തന റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും കർമ്മപദ്ധതിയും സമ്മേളനം തയ്യാറാക്കി.

മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ബിജു പുയ്ക്കുന്നേൽ സോണൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടതിന് അനുമോദനം അറിയിക്കുന്നു. കഴിഞ്ഞ 8 വർഷത്തോളം വൈസ് പ്രസിഡന്റായും പ്രസിഡന്റായും കെ.എൽ.എം. സംസ്ഥാന സമിതിക്ക് നേതൃത്വം നൽകിയ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിന് ഏറെ സ്നേഹത്തോടെ നന്ദി അറിയിക്കുന്നു. തുടർന്നും കേരളാ ലേബർ മൂവ്മെന്റിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് സാറിന്റെ സജീവ സാന്നിദ്ധ്യമുണ്ടാകും എന്നത് ഏറെ സന്തോഷദായകമാണ്.

**സ്വാവലംബൻ**: കേന്ദ്രഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വവലംബനിൽ ചേർന്നവരുടെ അംഗത്വം പുതുക്കൽ പൂർത്തിയായി.

**ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി**: ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. 1851 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട്. 310 ക്ലയിമുകൾ കമ്പനിക്ക് നൽകി. 262 ക്ലയിമുകൾ പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നുവരുന്നു. ഇതുവരെ 2200085/- രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു. നിലവിൽ അംഗത്വമെടുത്തവരുടെ കാലാവധി മാർച്ച് 31 വരെയാണ്. നിലവിലുള്ള പോളിസി പുതുക്കുകയും പുതിയ പോളിസി ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ജീവസ് ഇൻഷുറൻസിൽ ചേർന്നിരിക്കുന്നവരുടെയും ചേരാൻ ആഗ്രഹിക്കുന്നവരുടെയും സംശയ നിവാരണത്തിന് WSSS ഓഫീസുമായി ബന്ധപ്പെടുക.

**DDU-GKY**: കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തി വരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിലാക്കുന്നത്.

ഫാഷൻ ഡിസൈനിങ്ങ്, ഫുഡ് പ്രോസസ്സിംഗ്, തയ്യൽ പരിശീലനം തുടങ്ങിയ കോഴ്സുകളുടെ ക്ലാസുകൾ ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ ബാച്ചുകളുടെ പരീക്ഷയും അതുപോലെ ജോലിയും നൽകി. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

**സ്വിങ്ങ് മെഷീന്റെ പുതിയ ബാച്ച് ആരംഭിച്ചു:** കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പ്ലേയ്സ്മെന്റ് വിജയകരമായി പൂർത്തിയാക്കി. DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റ് കോഴ്സുകൾക്ക് 10-ാം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

**വികാസ് പീഡിയ**: വികാസ്പീഡിയ കേരള ഔട്ട്റീച്ച് പരിപാടികളുടെ ജനുവരി ഫെബ്രുവരി മാസങ്ങളിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി. തൃശൂർ, കണ്ണൂർ, എറണാകുളം, വയനാട് ജില്ലകളിൽ ജില്ലാതല ശില്പശാലകളും സെമിനാറുകളും സംഘടിപ്പിച്ചു. കണ്ണൂർ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ ദേശീയ ദുരന്തനിവാരണ ശില്പശാലയോടനുബന്ധിച്ചും ബത്തേരി ഡോൺ ബോസ്കോ കോളേജിൽ മാധ്യമ ശില്പശാലയോടനുബന്ധിച്ചും സെമിനാർ നടത്തി. തൃശൂരിലും ഇരിങ്ങാലക്കുടയിലും വടകരയിലും വ്യാപാരികൾക്കായി എയ്സ് അപ്പുമായി ചേർന്ന് നടത്തിയ ബോധവൽക്കരണ പരിപാടികളിൽ 150 ഓളം പേർ പങ്കെടുത്തു. സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയിൽ മാധ്യമ ശില്പശാലയിൽ വികാസ് പീഡിയ സംസ്ഥാന കോഡിനേറ്റർ സി.വി. ഷിബു ക്ലാസെടുത്തു. യൂണിസെഫും വികാസ് പീഡിയയും ചേർന്ന് പ്രളയാനന്തര പുനർനിർമ്മാണം എന്ന വിഷയത്തിൽ കൽപ്പറ്റ എ.പി.ജെ. ഹാളിൽ ഏകദിന ജില്ലാ ശിൽപ്പശാലയും മക്കിയാട് ക്ഷീരസംഘം ഹാളിൽ തൊണ്ടർനാട് പഞ്ചായത്ത്തല ശിൽപ്പശാലയും സംഘടിപ്പിച്ചു. ശിൽപ്പശാലയുടെ ഉദ്ഘാടനം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉഷതമ്പി നിർവ്വഹിച്ചു. സമാപന സമ്മേളനം മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. പ്രഭാകരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു.

**ഫാ. പോൾ കൂട്ടാല–** ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജൈവ ഉല്പ്പന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ട് വയനാട്ടിലെയും നീലഗിരിയിലെയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 15643 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽ തന്നെ 6649 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് (IC1 to IC3) പൂർത്തീകരിച്ച ജൈവകൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസറായി ശ്രീ. അമീഷ് എൻ.എ. ബയോവിന്നിൽ പുതിയ അംഗമായി എത്തുകയും പ്രൊഡക്ഷൻ സൂപ്പർ വൈസർ കംക്വാളിറ്റി കൺട്രോളർ ആയിരുന്ന കുമാരി ആതിരക്ക് യാത്രയയപ്പ് നൽകുകയും ചെയ്തു.

**ജൈവസർട്ടിഫിക്കേഷൻ പുതുക്കൽ**: വൊഫയുടെ നിലവിലെ മുഴുവൻ ഗ്രൂപ്പുകളുടെയും (19 ICS-7816 കർഷകർ) ജൈവസാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ കൃഷിയിട പരിശോധനകൾ, ട്രേസ് നെറ്റ് അപ്ഡേഷൻ, ആവശ്യമായ രേഖകളുടെ ക്രമീകരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുകയും പുതുക്കിയ സാക്ഷ്യപത്രം ലഭ്യമാവുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**: ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റുംഗുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**റെയിൻ ഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ ഓഡിറ്റ്**

ജൈവകൃഷി പോലെ തന്നെ മണ്ണിനും ആവാസ വ്യവസ്ഥയ്ക്കും കൃഷിയിടത്തിൽ വസിക്കുന്ന ജീവജാലങ്ങൾക്കും സ്വാഭാവിക നീർത്തടങ്ങൾക്കും തൊഴിലാളികൾക്കും എല്ലാം ഒരേപോലെ പ്രാധാന്യം നൽകുന്ന മറ്റൊരു സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയാണ് റയിൻ ഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ നിലവിൽ കാപ്പി മാത്രമേ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്നുള്ളു. ഈ വർഷം മഞ്ഞൾ കൂടി സർട്ടിഫിക്കേഷനിലേക്ക് ഉൾപ്പെടുത്തുന്നതിനായി സർട്ടിഫിക്കേഷൻ ഏജൻസിയായ ഇൻഡോസർട്ടിനിൽ നിന്നും ഓഡിറ്റർമാർ വിവിധ റീജിയനുകളിലായി 19 കൃഷിയിടങ്ങൾ സന്ദർശിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതോടൊപ്പം നടപ്പ് വർഷത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് റീജിണൽ കോർഡിനേറ്റർമാർ actual stock കൃഷിയിടങ്ങളിൽ നിന്നും ശേഖരിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**: പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയി

ലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 35 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**കോഫീ ബാഗ് വിതരണം**: ജൈവ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ കോഫീ ബാഗുകൾ (ചാക്കുകൾ) വിവിധ റീജിയനുകളിലായി വിതരണം ചെയ്തു.

**മെഡിക്കൽ ക്യാമ്പ്**: കഫെ, വോഫെ എന്നീ സംഘടനകളിൽ അംഗങ്ങളായ ആദിവാസി വിഭാഗത്തിൽപ്പെട്ട കർഷകർക്കായി മാനന്തവാടി സെന്റ് ജോസഫ് ആശുപത്രിയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. സൗജന്യ വൈദ്യ പരിശോധനയും മരുന്ന് വിതരണവും നടത്തി. വോഫയിലെ കർഷകർക്കായി തൊണ്ടർനാട് പഞ്ചായത്തിലെ കോറോത്ത് വച്ചും കഫേയിലെ കർഷകർക്കായി തവിഞ്ഞാൽ കേന്ദ്രീകരിച്ചുമാണ് മെഡിക്കൽ ക്യാമ്പ് നടത്തിയത്.

**സംഭരണം**: ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജനുവരിമാസം ഉണക്കകാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 163000 കിലോയും, പച്ച ഇഞ്ചി കിലോയ്ക്ക് 68.33 രൂപ നിരക്കിൽ 45000 കിലോയും, പച്ച കുരുമുളക് കിലോയ്ക്ക് 150 രൂപ നിരക്കിൽ 1500 കിലോയും ഏലക്ക കിലോയ്ക്ക് 2000 രൂപ നിരക്കിൽ 239 കിലോയും പച്ചകാപ്പി കിലോയ്ക്ക് 30 രൂപ നിരക്കിൽ 26000 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 188236.3 കിലോ ഉണക്കകാപ്പി കിലോഗ്രാമിന് 73 രൂപ നിരക്കിൽ സംഭരിച്ചു.

**സംഭരണ ക്രമീകരണം**: കാപ്പി, ഇഞ്ചി, കുരുമുളക് എന്നിവയുടെ സംഭരണം ഫീൽഡ് കോഡിനേറ്റർമാർ നേരിട്ട് സാമ്പിൾ ശേഖരിച്ച് ജൈവ പരിശോധന നടത്തിയതിനുശേഷം മാത്രമായിരിക്കും. ഇഞ്ചി, കുരുമുളക് എന്നിവയുടെ ജൈവ പരിശോധനയ്ക്ക് ആവശ്യമായ തുക കർഷകർ തന്നെ വഹിക്കേണ്ടതാണ്. കാപ്പി ഈ വർഷം ബയോവിൻ വൊഫയുടെ ചെലവിൽ പരിശോധന നടത്തുന്നതും വരും വർഷങ്ങളിൽ കർഷകർ സ്വയം ചെലവ് വഹിക്കേണ്ടതുമാണ്. സംഭരണത്തിൽ ഫീൽഡ് കോർഡിനേറ്റർമാർ സാമ്പിൾ ശേഖരിച്ച് ബയോവിനിൽ എത്തിച്ചത് മുതൽ 45 ദിവസത്തെ കാലവിളംമ്പം ഉണ്ടായിരിക്കുന്നതും ഈ കാലയളവിൽ NABL അംഗീകാരമുള്ള ലാബിൽ ജൈവപരിശോധന നടത്തി സർട്ടിഫിക്കറ്റ് വാങ്ങുന്നതുമായിരിക്കും. അന്താരാഷ്ട്ര നിലവാരമുള്ള ജൈവ ഉത്പന്നങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് അനിവാര്യമായതിനാലാണ് ഇപ്രകാരം ഒരു ക്രമീകരണം വരുത്തിയിരിക്കുന്നത്.

**ബയോപാർക്ക് ഉദ്ഘാടനം ചെയ്തു**: ബയോവിൻ അഗ്രോ റിസേർച്ചിനു കീഴിൽ വോഫെയുടെ സാമ്പത്തിക സഹായത്തോടെ മാനന്തവാടി ഒഴക്കോടിയിൽ കാപ്പിയുടെ മൂല്യവർദ്ധിത ഉൽപ്പന്നമായ പാർച്ച്മെന്റ് കോഫി സംസ്കരണ സംഭരണശാല ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. WSSS ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല അധ്യക്ഷത വഹിച്ച ചടങ്ങിൽ ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതം ആശംസിച്ചു. മാനന്തവാടി മുൻസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൻ ശ്രീമതി ശോഭ രാജൻ വൊഫ വൈസ്ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ കഫെ വൈസ് പ്രസിഡന്റ് ശ്രീ. ചന്തു എം എം എന്നിവർ സംസാരിച്ചു. വൊഫ സെക്രട്ടറി ശ്രീ. ജോയ് പരിയാരത്ത് നന്ദി പ്രകാശിപ്പിച്ചു.

മണിക്കൂറിൽ 4000 കിലോ സംസ്കരണം നടത്താവുന്ന പാർച്ച്മെന്റ് കോഫി യൂണിറ്റ്, 48 മണിക്കൂർ കൊണ്ട് 16000 കിലോ ഉത്പന്നം ഉണങ്ങിയെടുക്കാവുന്ന ഉണക്കൽ യന്ത്രം (ഡ്രയർ) ഏകദേശം 300 ലോഡ് കാപ്പി ഒരേസമയം ശേഖരിക്കാവുന്ന സംഭരണസ്ഥലം, ജല ശുദ്ധീകരണ സംവിധാനം എന്നിവയാണ് ബയോപാർക്കിന്റെ പ്രത്യേകതകൾ.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജനുവരി മാസത്തിലും ഏലക്ക, കറുവപ്പട്ട, തക്കോലം, സർവ്വസുഗന്ധി, കാപ്പി, മഞ്ഞൾ, ഇഞ്ചി, കുരുമുളക് തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 750 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

---

## നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി മേഖലയിൽ സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്ന NDS ന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു. ഗ്രൂപ്പ് മീറ്റിംഗുകളും, യൂണിറ്റ് ഇവാലുവേഷനുകളും കൃത്യമായിത്തന്നെ നടക്കുന്നു. വിവിധ യൂണിറ്റുകൾ, യൂണിറ്റ് അടിസ്ഥാനത്തിലും സംഘങ്ങളുടെ നേതൃത്വ ത്തിലും ലോണുകൾ കൊടുക്കുകയും വിവിധ പൊതുപ്രവർത്തനങ്ങൾ ചെയ്തുവരികയും ചെയ്യുന്നു. അടുക്കളത്തോട്ടങ്ങൾ നിർമ്മിച്ചതിന്റെ വിളവെടുക്കുകയും ആവശ്യക്കാർക്ക് കൊടുക്കുകയും ചെയ്തു. ബോസ്പറ യൂണിറ്റ് സോപ്പുപൊടി, ഹാൻഡ് വാഷ്, തുടങ്ങിയവയുടെ കിറ്റുകൾ ഓഫീസിൽനിന്ന് മേടിച്ച് അംഗങ്ങൾക്ക് എത്തിച്ച് കൊടുക്കുന്നു.

**ജൈവകൃഷി**: ഗൂഡല്ലൂർ മേഖലയിൽ ഉള്ള ജൈവകർഷകരിൽ നിന്ന് രണ്ട് ലോഡ് കാപ്പിക്കുരു സംഭരിക്കുകയും ഒരു കിലോക്ക് 73 രൂപ പ്രകാരം കർഷകന് കൊടുക്കുകയും ചെയ്തു. 30 ഓളം കർഷകരെ പുതിയതായി ജൈവകർഷകരായി ചേർക്കുകയും ചെയ്തു.

**ജീവസ് ഹെൽത്ത്**: ജീവസ് ഹെൽത്ത് ഇൻഷൂറൻസിൽ ചേരുവാൻ ആഗ്രഹിക്കുന്ന അംഗങ്ങളെ ചേർത്ത് കൊണ്ടിരിക്കുന്നു. NDS അംഗങ്ങളിൽനിന്നും ജൈവകർഷക ഗ്രൂപ്പുകളിൽനിന്നും ലഭിക്കുന്ന പ്രോത്സാഹനവും ആശയങ്ങളും, ആശങ്കകളും ഈ മേഖലയിൽ NDS ന് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട് എന്ന ബോധ്യത്തോടെ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ച മുന്നോട്ട് പോകുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**ഫാ. ബിവാൾഡിൻ തേവർക്കുന്നേലിന് സ്വാഗതം**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ ഫാ.ബിവാൾഡിൻ തേവർക്കുന്നേലിന് സ്വാഗതം. റേഡിയോ പ്രോഗ്രാം വിഭാഗത്തിലാണ് ഫാ. ബിവാൾഡിൻ സഹായിക്കുക.

**പുതുനാമ്പുകൾ**

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി കേരളത്തിലെ 6 കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷനുകൾ കൈകോർത്ത് **പുതുനാമ്പുകൾ** എന്ന പ്രക്ഷേപണ പരിപാടി ആരംഭിച്ചു. 24 എപ്പിസോഡുകളിലായി പുതുനാമ്പുകൾ പ്രക്ഷേപണം ചെയ്യും. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ രാത്രി 9.35 നും ബുധൻ വെള്ളി ദിവസങ്ങളിൽ വൈകിട്ട് 4.35 നും പരിപാടി റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യും.

**ലോക റേഡിയോ ദിനം**

വയനാട് ജില്ലയിലെ ഏകറേഡിയോ സ്റ്റേഷനായ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയിൽ ലോക റേഡിയോ ദിനം സമുചിതമായി ആഘോഷിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളിയും ശ്രോതാക്കളും തമ്മിലുള്ള തത്സമയ സംവാദ പരിപാടി ദിനാചരണത്തെ വ്യത്യസ്തമാക്കി. ശ്രോതാക്കൾക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും തത്സമയം പങ്കുവെക്കുന്നതിന് ഒരുമണിക്കൂർ നീണ്ട ഫോൺ ഇൻ പരിപാടിയാണ് സംഘടിപ്പിച്ചത്.

**മംഗലശ്ശേരി മാധവൻ മാസ്റ്റർക്ക് അനുമോദനങ്ങൾ!**

മികച്ച ഗ്രന്ഥശാല പ്രവർത്തകനുളള കേരള സാഹിത്യ അക്കാദമിയുടെ ആദരവ് ഏറ്റുവാങ്ങിയ മംഗലശ്ശേരി മാധവൻ മാസ്റ്ററിനെ റേഡിയോ ദിനാഘോഷ പരിപാടിയിൽ ആദരിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി പൊന്നാടയണിയിച്ചു. ഫാ.മനോജ് കാക്കോനാൽ, ഫാ.ബിവാൾഡിൻ, സി.പെറ്റി തേരേസ് SABS എന്നിവർ സംസാരിച്ചു.

**ഗ്രാമ മാറ്റൊലി**

കുറ്റിയാംമൈലിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ പ്രൊഗ്രാം പ്രൊഡ്യൂസേഴ്സ് എന്നിവർ നേതൃത്വം നല്കി.

**സന്ദർശനങ്ങൾ**

റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ട്രേറ്റിൽ നിന്നുള്ള സംഘം മാറ്റൊലി സന്ദർശിച്ചു.

മുക്കം ഡോൺ ബോസ്കോ കോളേജ്, കൊണ്ടോട്ടി ഇ. എം. ഇ.എ ഹയർ സെക്കണ്ടറി സ്കൂൾ, സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫാ. മനോജ് കാക്കോനാൽ** - അസി. ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ലഹരി വിമോചനയാത്ര**

മദ്യവിരുദ്ധസമിതി രൂപതാഘടകത്തിന്റെ നേതൃത്വത്തിൽ ഗാന്ധിജിയുടെ 71-ാം രക്തസാക്ഷിത്വദിനമായ 2019 ജനുവരി 30 ന് 'ലഹരി വിമുക്ത വയനാട് നമ്മുടെ സ്വപ്നം' എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലയിൽ അംഗങ്ങൾ ലഹരിവിമോചനയാത്ര നടത്തി.

യാത്രയുടെ ഉദ്ഘാടനം ദ്വാരകയിൽ രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ബിജു പൊൻപാറയ്ക്കൽ ജാഥാ ക്യാപ്റ്റൻ രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിലിനു പതാക കൈമാറി നിർവ്വഹിച്ചു. സമിതി അംഗങ്ങളായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ടോമി നെടുംകൊമ്പിൽ, ശ്രീ. ജോയി പരിയാരം, ശ്രീ. ജയിംസ്, ശ്രീ. ബേബി പേടപ്പാട്ട്, ശ്രീ. വി.ഡി.രാജു, സി. മരിയ CMC, സി. മരീന SH എന്നിവരും പാസ്റ്ററൽ സെന്ററിലെയും ദ്വാരകയിലെയും ബഹു. വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും പങ്കെടുത്തു.

ലഹരിവിമോചനയാത്ര ദ്വാരക, മാനന്തവാടി, നാലാംമൈൽ, പടിഞ്ഞാറത്തറ, ചെന്നലോട്, തരുവണ, കാവുംമന്ദം, പള്ളിക്കുന്ന്, കമ്പളക്കാട്, കൽപ്പറ്റ, മുട്ടിൽ, മീനങ്ങാടി, ബത്തേരി, ഇരുളം, പുൽപ്പള്ളി, കേണിച്ചിറ എന്നീ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് നടവയലിൽ സമാപിച്ചു. ലഹരി വസ്തുക്കളെക്കുറിച്ചുള്ള ബോധവൽക്കരണം, പ്രസംഗങ്ങൾ, സന്ദേശ ഗാനങ്ങൾ എന്നിവ യാത്രയിൽ ഉൾപ്പെടുത്തിയിരുന്നു. വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകിയ ബഹു. വൈദികരെയും, പൊതുജനങ്ങളെയും, കച്ചവടക്കാരെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

നടവയലിൽ വച്ച് നടത്തിയ സമാപന സമ്മേളനം റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ജോസഫ് കറുകപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ഫാ. സണ്ണി മഠത്തിൽ, ശ്രീമതി സുനിഷ ജോബിൻ, ശ്രീമതി മരിയ ഇഞ്ചിക്കാല, സി. കാർമ്മൽ CMC എന്നിവർ സംസാരിച്ചു. സമാപന സമ്മേളനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയ നടവയൽ മദ്യവിരുദ്ധ സമിതിയിലെ അംഗങ്ങളായ ശ്രീ. തോമസ് പള്ളത്ത്, ശ്രീ. ബിജു ചിറമേൽ, ശ്രീ. ജോയ് കൂനങ്കിൽ, ശ്രീ. അഗസ്റ്റിൻ പതിക്കൽ എന്നിവർക്കും മദ്യവിരുദ്ധ സന്ദേശ ഗാനങ്ങൾ ആലപിച്ച കലാകാരന്മാർക്കും ബഹു. സിസ്റ്റേഴ്സിനും നാട്ടുകാർക്കും നേതൃത്വം നൽകിയ നടവയൽ പള്ളി വികാരി ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനും നന്ദി.

**മദ്യവിരുദ്ധ ഞായർ**

2019 വർഷത്തെ മദ്യവിരുദ്ധ ഞായർ ദിനാചരണം 2019 മാർച്ച് 10 ഞായറാഴ്ച സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വയനാട്ടിൽ വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് ആവശ്യമായ ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിക്കാൻ മദ്യവിരുദ്ധ ഞായർ ഉപകരിക്കട്ടെ. മദ്യവിരുദ്ധ ഞായർ സംഭാവന രൂപതാ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി നൽകാൻ അപേക്ഷിക്കുന്നു.

**കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന സമ്മേളനം**

സമിതിയുടെ 20-ാമത് സംസ്ഥാന സമ്മേളനവും വാർഷിക ജനറൽബോഡിയും 2019 മാർച്ച് 23 ശനിയാഴ്ച എറണാകുളത്ത് നടക്കുന്നു.

**ലഹരിവിമുക്ത വയനാട് നമ്മുടെ സ്വപ്നം**

വയനാട്ടിൽ വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് മനുഷ്യരെ രക്ഷിക്കാൻ എല്ലാ ഇടവകകളിലും നൂതനമായ പ്രവർത്തനങ്ങൾ നടത്തുവാൻ ഈ വർഷം നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

**ജോൺസൺ തൊഴുത്തുങ്കൽ**
പ്രസിഡന്റ് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

---

## ജയിൽ മിനിസ്ട്രി

ഏകാന്തതയിലും നിരാശയിലും കഴിയുന്ന തടവറ മക്കളിലേക്ക് പ്രത്യാശയും പ്രതീക്ഷയും നല്കികൊണ്ട് ക്രിസ്തു സാഹോദര്യ കൂട്ടായ്മ കൂടുതൽ ഉണർവോടെ പുതുവർഷത്തിലേക്ക് പ്രവേശിച്ചു. ആഴ്ചതോറും നടക്കുന്ന കൗൺസിലിംഗ് ധാരാളം തടവറ സഹോദരങ്ങൾക്കു ആത്മബലം നല്കുന്നു. തടവറമക്കളോടൊപ്പം ഒരുമണിക്കൂർ എന്ന പ്രേഷിത ശുശ്രൂഷയിൽ ഫെബ്രുവരി 10ന് കല്പ്പറ്റ സ്നേഹസദനിലെ സഹോദരിമാർ വൈത്തിരി സബ്ജയിൽ സന്ദർശിച്ചു. തങ്ങളുടെ കുറവുകളെക്കുറിച്ച് ചിന്തിക്കാതെ നിഷ്കളങ്കമായി കലാപരിപാടികൾ അവതരിപ്പിച്ചപ്പോൾ ജയിലിലെ സഹോദരങ്ങൾക്ക് അത് ആത്മപരിശോധനയുടെ നിമിഷങ്ങളായി തീർന്നു. ജയിൽ സന്ദർശനത്തിന് സി. ബെൻസി എസ്. എച്ച്, സി. മേഴ്സി ജോൺ എസ്. എച്ച്, സി. ദിവ്യ എസ്. എച്ച് എന്നിവർ നേതൃത്വം നല്കി. എല്ലാവർക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ്സ് ഫ്രട്ടേണിറ്റി

## MARY MATHA ARTS & SCIENCE COLLEGE

**January-February 2019**

The Fine Arts competitions were held on 24 &25 January 2019 at the college and those selected at the college level participated in the University level competitions held later. The Science Departments of the college organized a three day Residential Science Workshop namely *Sasthrapadham* for a batch of Higher Secondary students with the financial assistance of General Education Department, Government of Kerala, for the promotion of scientific temper and research aptitude in students.

The Departments of English, Malayalam and Hindi jointly organized a Two-day National Seminar on New Directions in Translation Studies in which Dr KM Sherif (HoD of English, University of Calicut), Dr P Bhaskaran Nair (former Professor, Pondicherry University) and Dr Iris Koileo (CIIL, Mysore) engaged the Plenary Sessions. The Department of Chemistry conducted a Chemistry Fest named *Fiesta de Quimica*, in which Dr P Raveendran, HoD of Chemistry at University of Calicut, was the chief guest. The NSS Volunteers participated in a training programme organized by the Health Department in connection with the World Cancer Day at the Town Hall, Mananthavady. The Health Department also conducted a *Kalajadha* on the campus as part of their AIDS awareness initiative. Our students participated in various Fests and Competitions organized by other institutions and secured prizes, in addition to the prizes won in the Kannur University level Arts & Sports competitions.

**Dr. Savio James V** - Principal

## Pastoral Centre Programme



**March 2019**

2 - Zion
8 - KCYM, DYM
9 - Pastoral Council, DYM
10-13 - Marriage Preparation course
14 - Priest Conference
16 - CML- 2, Meeting of office bears of all Pious Associations
17-21 - Zion Retreat
21 - Department of Catechism
31 - Marriage Preparation course

**Fr. Paul Vazhappilly** - Director, Pastoral Centre

# CEADOM വിദ്യാഭ്യാസ മേഖല

ഒരു അധ്യയന വർഷംകൂടി കടന്നുപോകുന്നു. വർഷാവസാന പരീക്ഷകൾക്കും പൊതുപരീക്ഷകൾക്കും തയ്യാറെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അവരെ ഒരുക്കുന്ന എല്ലാ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വിജയാശംസകളും പ്രാർത്ഥനകളും. ഈ അധ്യയനവർഷം വളരെ നല്ല പ്രവർത്തനമാണ് നമ്മുടെ സ്കൂളുകൾ എല്ലാ മേഖലയിലും നടത്തിയത് എന്നതിൽ അഭിമാനവും ചാരിതാർത്ഥ്യവും ഉണ്ട്. തുടർന്നും ഈ വിജയവും സൽപ്പേരും നിലനിർത്താൻ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

**ഉൽഘാടനവും വെഞ്ചരിപ്പ് കർമ്മവും**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പ് കർമ്മവും മാനന്തവാടി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. രൂപതയിലെ ബഹുമാനപ്പെട്ട വൈദികരും, സിസ്റ്റേഴ്സും, പ്രധാന അദ്ധ്യാപകരും, മറ്റ് ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികളും ചടങ്ങിൽ സംബന്ധിച്ചു.

**സൻമാർഗപാഠം സ്കോളർഷിപ്പ്**

ഈ വർഷം മുതൽ കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ 4, 7, 10, 12 ക്ലാസുകളിലെ ഉയർന്ന മാർക്ക് നേടിയ കുട്ടികൾക്കുള്ള സൻമാർഗ്ഗപാഠം സ്കോളർഷിപ്പ് പരീക്ഷ കോർപ്പറേറ്റിന്റെ കീഴിലുള്ള പരീക്ഷാകേന്ദ്രങ്ങളായ ആറ് വിദ്യാലയങ്ങളിൽ വെച്ച് നടത്തപ്പെട്ടു. പരീക്ഷ നടത്തുന്നതിന് നേതൃത്വം നൽകിയ പ്രധാനാദ്ധ്യാപർക്കും അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

**സദ്ഗമയ 2019 മെയ് 15**

2019 മേയ് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 9.30 ന് ദ്വാരക, പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന സംഗമം നടത്തുകയാണ്. നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് ഉപഹാരസമർപ്പണവും, സ്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡുദാന ചടങ്ങും നടത്തപ്പെടുന്നതാണ്. നമ്മുടെ ഈ 'കോർപ്പറേറ്റ് കുടുംബകൂട്ടായ്മ' യിലേയ്ക്ക് എല്ലാ ജീവനക്കാരെയും പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ



# Bishop's Programme

***March 2019***

*01 Fri ...................... Out of station*

*02 Sat........................ Thavinjal: School Jubilee*

*05 Tue ....................... Finance Council and Consulter's Meet*

*06 Wed ...................... Bishop's House: Presbyteral Council*

*07 Thu ...................... Adikolly: School Anniversary*

*08 Fri ........................ Out of station*

*09 Sat ...................... Pastoral Centre: Pastoral Council*

*10 Sun ...................... Neikuppa: Pastoral Visit*

*11 Mon ..................... Out of Station*

*13 Wed .................... Visitors' Day*

*14 Thu....................... Pastoral Centre: Priest's Conference*

*Afternoon...... Pastoral Centre: Priest's Gathering*

*15 Fri .................... Pastoral Centre: Priest's Gathering*

*16 Sat ...................... Pastoral Centre: Meeting of Office Bearers of Associations*

*17 Sun ................... Paralikunnu: Pastoral Visit*

*18 Mon19 Tue .......... Manimooly: Priest's Gathering*

*20 Wed .................... Engaged*

*21 Thu 22 Fri .......... Pastoral Centre: Priest's Gathering*

*24 Sun ...................... Cherukattoor: Pastoral Visit*

*25 Mon ................... Visitors' Day*

*26 Tue 27 Wed ......... Engaged*

*28 Thu ..................... Pastoral Centre: Youth Ministry Governing Body Meeting*

*29 Fri ...................... Out of Station*

*30 Sat ...................... Engaged*

*31 Sun ..................... Valavayal: Pastoral Visit*

## *April 2019*

*01 Mon .................... Visitors' Day*

*03 Wed .................... Engaged*

*04 Thu ..................... Dwaraka: Charismatic Convention*

*05 Fri ..................... Tellicherry: Bishop's Meet*

*06 Sat ...................... Cathedral: Death Anniversary of Bishop Emmanuel Pothanamuzhy*

*07 Sun ..................... Kurumbalakotta: Holy Mass*

*08 Mon .................... Visitors' Day*

*14 Sun ..................... Cathedral: Palm Sunday*

*15 Mon ................... Minor Orders*

*18 Thu ................... Cathedral: Maundy Thursday*

*19 Fri ..................... Cathedral: Good Friday*

*20 Sat ..................... Cathedral*

*21 Sun ................... Cathedral: Easter*

*22 Mon 30 Wed ....... USA*

• • •

**രൂപതയിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യാനായി ലഭ്യമാക്കിയിട്ടുള്ള കാത്തലിക് സിറിയൻ ബാങ്കിന്റെ QR Code ചുവടെ നൽകുന്നു.**

